
# ആത്മാവിന്റെ സംഗീതം

പി. സി. മായൻകുട്ടി:



പുറത്തെങ്ങും ആഹ്ലാദത്തിന്റെ തിമർപ്പുകളാണ്. മാവേലിമന്നൻ കേരളം ഭരിച്ച ആ നല്ലകാലത്തിന്റെ സ്മരണകളുമായി വന്നെത്തുന്ന സുദിനങ്ങളെ സ്വാഗതം ചെയ്യാനുള്ള തിരക്കുകൂട്ടലുകളാണെങ്ങും. തുള്ളിച്ചാടിക്കളിക്കുന്ന കൊച്ചുകുട്ടികളുടെ പൊട്ടിച്ചിരികൾ പ്രകൃതീദേവിയുടെ മുഖത്തെ പ്രസന്നതക്ക് മാററു കൂട്ടിക്കൊണ്ടിരിക്കുന്നതുപോലെ തോന്നി.

ചെറുപ്പമായിരുന്നപ്പോൾ തനിക്കും ആഹ്ലാദകാരിയായിരുന്നു ആ ദിവസങ്ങൾ. പക്ഷെ ഇന്നു ആ ആഘോഷങ്ങളോടൊക്കെ വെറുപ്പാണ് തോന്നുന്നത്. എന്താണിതിലിത്രയൊക്കെ ആഘോഷിക്കാൻ? അങ്ങിനെ സ്വയം ചോദിക്കാനയാൾക്ക് തോന്നി. കുറച്ചു ദിവസം മുമ്പായിരുന്നുവെങ്കിൽ അങ്ങിനെ ചോദിച്ചവന്റെ തലമണ്ട താൻ അടിച്ചു പൊളിക്കുമായിരുന്നു. കാരണം അന്നയാൾ ആ നല്ലനാളുകളുടെ ആഗമനവും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. പെററുവളർന്ന നാട്ടിൽനിന്നും നാഴികകൾ അകലെ തടിച്ച ആഫീസ് ഫയലുകൾ അടുക്കിവെച്ച മേശകൾക്ക് മുമ്പിൽ കുത്തിയിരിക്കുന്ന ശൂന്യംപിടിച്ച ഹൃദയങ്ങൾക്ക് ആശ്വാസത്തിന്റെ തേൻ പകരുന്ന ദിവസങ്ങളാണവ. പിറന്ന നാടിന്റെ അന്തരീക്ഷത്തിലേക്കൊന്നു മടങ്ങിച്ചെല്ലാൻ.. .. പ്രിയപ്പെട്ടവരുടെ ശബ്ദങ്ങൾ ഹൃദയം കുളുർക്കെ കേൾക്കാൻ . ഇരുണ്ട ഹൃദയത്തിൽ ആഹ്ലാദത്തിന്റെ വെളിച്ചം തിരുകിക്കയററാൻ......

അയാളും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു ആ ദിവസങ്ങൾ. ജനനിബിഡമായ ആ വലിയ നഗരത്തിന്റെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന കൂററൻ കെട്ടിടങ്ങളിലൊന്നിന്റെ കൃത്രിമത്വം തങ്ങിനില്ക്കുന്ന തന്റെ ആഫീസ്മുറിയിലിരുന്നുകൊണ്ട് അയാളും തന്റെ നാടിനേയും വീടിനേയും കുറിച്ചു സ്വപ്നങ്ങൾ നെയ്തെടുത്തിട്ടുണ്ട്. അയാളെ സംബന്ധിച്ചേടത്തോളം സുപ്രധാനമാണ് ആ കൊല്ലത്തെ ഓണം. കാരണമുണ്ട്. മാസങ്ങൾക്കുമുമ്പ് സ്വന്തം നാടിനോട് യാത്രപറഞ്ഞിറങ്ങിയപ്പോൾ ആർക്കും വേണ്ടാത്തവനാണ് താനെന്ന ഒരു ബോധം അയാളിലുണ്ടായിരുന്നു. വളർന്ന് നെട്ടുംതൂണുപോലെയായിട്ടും കാൽകാശിന് വകയില്ലാത്തവനെ ആരു ഗൌനിക്കാൻ? പക്ഷെ ഇന്ന് സ്ഥിതിയൊക്കെമാറി. മാസംതോറും ഗണ്യമായൊരു തുക ശമ്പളം വാങ്ങുന്ന ഒരുദ്യോഗസ്ഥനാണിന്നയാൾ. അയാളുടെ വരവിന്റെ തണലിൽ ഒരു കുടുംബം അല്ലലെന്തന്നറിയാതെ പുലരാൻ തുടങ്ങിയിരിക്കുന്നു. അയാൾക്കതിലഭിമാനമുണ്ട്.

നാടിനേക്കുറിച്ചോർക്കുമ്പോൾ മനസ്സിലേക്കോടിയെത്തുന്ന വികാരങ്ങൾ പലതാണ്. ചിലപ്പോൾ വേദനയാണ് തോന്നുക; ആ വേദനയുടെ പിന്നിൽ ഒരു വഞ്ചനയുടെ വലിയ ചരിത്രമുണ്ട്. പക്ഷെ ആ സംഭവങ്ങൾ കഴിയുന്നതും വിസ്മരിക്കാനയാൾ ശ്രമിക്കാറുണ്ട്—പലപ്പോഴും അതിന്റെ ഫലം പരാജയത്തിലാണവസാനിക്കാറെങ്കിലും എങ്ങിനെയാണ് മറിച്ചു സംഭവിക്കുക? അവിശ്വസിക്കാൻ തോന്നാത്ത വാഗ്ദാനങ്ങൾ! അവയുടെ തണലിൽ ഉണങ്ങിവരണ്ട ഒരു ഹൃദയം ആശ്വാസം നേടുകയായിരുന്നു. ഹൃദയംപൂർവ്വം തന്നെ പാലും തേനും കൊടുത്തു വളർത്തി. ഒടുവിൽ ആ കൈകളെത്തന്നെ തിരിഞ്ഞുകൊത്തുമെന്നാരറിഞ്ഞു? സ്വന്തം നാടുതന്നെ ഒരു കൊടും ചതിയുടെ പ്രതീകമാണെന്നയാൾക്ക് തോന്നാറുണ്ട്.

നാട്ടിൽനിന്നും പോന്നിട്ട് എട്ടൊമ്പതു മാസങ്ങളായില്ലെ? ഓണത്തിനു പോകാൻതന്നെ തീരുമാനിച്ചു. പ്രതീക്ഷിച്ചിരിക്കുകയാവും അമ്മ. രാധയും രവിയുമെല്ലാം രാജേട്ടന്റെ വരവും കാത്തിരിക്കുകയാവും. സ്വന്തം അനിയന്മാരുടേയും അനിയത്തിമാരുടേയും പുഞ്ചിരിക്കുന്ന മുഖങ്ങൾ കണ്ടി

ട്ട് എത്ര നാളായി.? സ്നേഹം നിറഞ്ഞ ഒരു സ്വരം കേട്ടിട്ട് എത്രകാലം കഴിഞ്ഞു?

പ്രതീക്ഷാനിർഭരമായ ദിനങ്ങൾ വളരെവേഗം കൊഴിഞ്ഞുവീണു. ആ നല്ല നാളുകൾ വളരെയടുത്തെത്തുകയായിരുന്നു. ഓണംവെക്കേഷന് നാട്ടിൽ പോകേണ്ടുന്ന ഒരുക്കക്കൂട്ടുകൾതന്നെ എന്തും എന്താഹ്ലാദമാണ്! അന്തരീക്ഷത്തിൽ പൊട്ടിച്ചിരിയുടെ അലകൾ തങ്ങിനിന്നിരുന്നു. പണിക്കരും ബാലഗോപാലനുമെല്ലാം രണ്ടാഴ്ചമുമ്പുതന്നെ ലീവെടുത്തുപോയിരിക്കുന്നു. ആ ആഹ്ലാദങ്ങളുടെ തിരത്തള്ളലിൽ അയാളും സ്വയം അലിഞ്ഞുചേർന്നുപോയി. ഒരുപക്ഷെ ആരേക്കാളും സന്തോഷം അയാൾക്കാണ് കാരണം സ്വയം സമ്പാദിച്ച പണവുമായിട്ടയാൾ നാട്ടിലേക്ക പോവുകയാണ്. ജീവിതത്തിലെ ആദ്യത്തെ അനുഭവം! സുഹൃത്തുക്കളുടെ ഒരു വലയംതന്നെ സ്വീകരിക്കാൻ കാത്തുനിന്നിട്ടുണ്ടാവും. ഉദ്വേഗത്തോടെ അയാൾ ചിന്തിക്കാറുണ്ട്. രണ്ടാഴ്ചമുമ്പുതന്നെ പരിപാടി തയ്യാറാക്കി. പക്ഷെ പ്രതീക്ഷകളെയെല്ലാം തട്ടിത്തകർത്തുകൊണ്ട അത് സംഭവിച്ചു അഭിലാഷങ്ങളുടെ മേൽ വിധി നടത്തിയ മറ്റൊരാക്രമണം......

ഒരു ഞായറാഴ്ചയായിരുന്നു. അന്ന് ആഫീസില്ലാത്ത ദിവസം. കുറേ സുഹൃത്തുക്കളുടെ കൂടെ അന്നൊരുല്ലാസയാത്രക്ക് പുറപ്പെട്ടു. തിരക്കുപിടിച്ച നഗരത്തിൽനിന്നും നാഴികകൾ അകലെ പ്രകൃതിസൗന്ദര്യം ഓളംവെട്ടുന്ന ഒരു കുന്നിൻപുറത്തേക്ക. തിരിച്ചുവരുമ്പോൾ രാത്രി വളരെ വൈകിയിരുന്നു. മഞ്ഞുപെയ്യുന്ന രാത്രി. നിറഞ്ഞുനില്ക്കുന്ന ചന്ദ്രൻ ആകാശത്തിന്റെ മധ്യത്തിലിരുന്നു ഒരിളിഭ്യനെപ്പോലെ ചിരിച്ചുകൊണ്ടിരുന്നു. നിർജ്ജീവങ്ങളായ തെരുവുകളിലൂടെ നടക്കുമ്പോൾ തണുപ്പുകൊണ്ട കാലുകൾതമ്മിലടിക്കുകയായിരുന്നു. ഹോസ്റ്റലിലെത്തിയപ്പോൾ ഭക്ഷണത്തിനൊന്നും രുചിതോന്നിയില്ല. ഒരു ഗ്ലാസ് പാല്മാത്രം കഴിച്ചു കിടന്നുറങ്ങി. ജനൽപ്പാളിയിലൂടെ ചോർന്നുകടന്ന സൂര്യരശ്മികൾ കണ്ണിൽപ്പതിച്ചപ്പോഴാണ് പിറേറന്നു രാവിലെ ഉറക്കം തെളിഞ്ഞത്. പക്ഷെ കിടക്കവിട്ടെഴുന്നേല്ക്കാൻ കഴിഞ്ഞില്ല വല്ലാത്തൊരു ക്ഷീണം തോന്നി. ദേഹാസകലം കഠിനമായി വേദനിക്കുകയായിരുന്നു. ദേഹത്തിൽ അല്പം ചൂടുണ്ടെന്നുതോന്നി. പുറത്തെങ്ങും പോയില്ല. ലീവെടുത്തുകൂടി പനിയാണെന്നുകരുതി രണ്ട് ടാബ്ലെററ്സ് കഴിച്ചു. പക്ഷെ, അസ്വാസ്ഥ്യം വർദ്ധിക്കുകയായിരുന്നു. ആരറിഞ്ഞു ഒരു വലിയ രോഗത്തിന്റെ തുടക്കമായിരുന്നു അതെന്ന്? പിറേറന്നും ലീവെടുത്തു

മൂന്നാംദിവസം തീരെ വയ്യെന്നായി പലരും കണാൻവന്നു. ഒടുവിലാണ് മി. നായർ വന്ന[illegible] അയാൾക്ക് സംഗതി എളുപ്പത്തിൽ മനസ്സിലായി.........

ഒരു നിമിഷം പോലും കളയാതെ നാട്ടിലേക്ക് തിരിക്കണമെന്നയാൾ പറഞ്ഞപ്പോൾ എ[illegible]യത്തിൽ ഒരു വെടിയുണ്ടയേററതുപോലെയാണ് തോന്നിയത്. തകർന്ന ചിന്തകളുമായി കാറിൽ കയറിയിരുന്നപ്പോൾ എല്ലാം അവസാനിക്കാൻ പോവുകയാണെന്നൊരു തോന്നൽ. തിരക്കുപിടിച്ച റോഡുകളിലൂടെ വായുവേഗത്തിൽ ഓ[illegible]ക്കൊണ്ടിരുന്നപ്പോൾ ഭാവിയുടെ ഇരുണ്ട ചിത്ര[illegible]ങ്ങൾമനസ്സിൽ തെളിഞ്ഞുവരികയായിരുന്നു. അ[illegible]വിച്ചതിലും നേരത്തെ എന്തേ വരാൻ? അമ്മ[illegible] ഗൗരവം ഭയപ്പെട്ടു. പക്ഷെ ഭയം ദുഃഖമായി രൂപാന്തരപ്പെടാൻ അധികസമയം വേണ്ടിവന്നില്ല ..

എട്ടുകാലിവലകൾ നിറഞ്ഞ മച്ചിൻതട്ടിലേക്ക് ദൃഷ്ടിയുറപ്പിച്ചു കിടന്നപ്പോൾ കഴിഞ്ഞുപോയനാളുകളെക്കുറിച്ചുള്ള സ്മരണകൾ അയാളുടെ ചിന്താമണ്ഡലത്തിലൂടെ ഇഴഞ്ഞുനീങ്ങി. ഇത്രചെറിയകാലത്തിൽ എന്തെല്ലാം പരിണാമങ്ങ[illegible] അനുഭവിച്ചു? കഷ്ടപ്പാടുകളും തീരാത്ത വേദനാ[illegible]മായിരുന്നു കൂട്ടുകാർ. സർവ്വോപരി ഹൃദയം കാർന്നുതിന്ന ആ വലിയ വഞ്ചനയുടെ കഥ .....

രണ്ടുദിവസംകൊണ്ടു താനൊരു ക്ഷീണിച്ചുപോയി. മുഖത്തും ദേഹത്തും നിറഞ്ഞുനില്ക്കുന്ന നീക്ക[illegible]ിലുകൾ ഒരു ദ്രവമായിത്തോന്നി. ഒരു വല്ലാത്ത ജീവിതം. നാട്ടിലെത്തിയാൽ എന്തൊക്കെ ചെയ്യാനാശിച്ചിരിക്കുകയായിരുന്നു അയാൾ? എന്നിട്ടോ? എന്നിട്ടിന്ന് കൂട്ടിലകപ്പെട്ട പക്ഷിയെപ്പോലെ ഒരൊററയിരുപ്പ്. കാററും വെളിച്ചവും തീരെ കൊള്ളാൻ പാടില്ലത്രെ. അതു പറഞ്ഞതാണ്. പുറത്ത് സന്തോഷത്തിന്റെ തിമർപ്പുകളാണ് മാവേലിമന്നനെ സ്വീകരിക്കാനുള്ള തിരക്കുകൂട്ടലുകൾ! സ്വന്തം വീട്ടിലെ നിശ്ശബ്ദത അയാൾക്കസഹ്യമായിത്തോന്നി. സംസാരിക്കാൻ പോലും ഒരാളില്ല. അപ്പുറത്ത് ആരോ ആയി അടക്കിയ സ്വരത്തിൽ സംസാരിക്കുകയാണ്. കുട്ടികളെ തന്റെ മുറിയിൽ കടക്കാൻകൂടി സമ്മതിക്കുകയില്ല. അന്തരീക്ഷംതന്നെ ഭയംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഭയപ്പെടേണ്ടുന്ന എന്തോ ഒന്ന് വീട്ടിൽ പതുങ്ങിയിരിക്കുന്നതുപോലെ. നാട്ടിൽ ഒരാഴ്ചകഴിഞ്ഞു. ഒരീച്ചപോലും തിരിഞ്ഞുനോക്കിയില്ല. വിവരമറിഞ്ഞവർ ഭയപ്പെട്ടോടുകയാണെന്നയാൾക്കറിയാം. ദൈവത്തിന്റെ കണ്ണു നനയിക്കാനുള്ള ഓട്ടം!

രാജൻ മെല്ലെ എഴുന്നേറ്റ് ജനലിന്റെ കതകുകൾ തുറന്നിട്ട് പുറത്തേക്കു നോക്കി സൂര്യൻ പടിഞ്ഞാറെ ചരിവിലേക്കിറങ്ങുന്നേയുള്ളൂ തെങ്ങോലകളിൽ ഒരിളിഞ്ഞ സൂര്യപ്രകാശം പതിഞ്ഞിരിക്കുന്നു. അകലെനിന്നും കുട്ടികളുടെ ആർപ്പുവിളികൾ കാതിൽ വന്നലയ്ക്കുകയാണ്:

പൂവേപൊലി!

പൂവേപൊലി!!

ഒരു മഞ്ഞക്കിളി ആ ശബ്ദങ്ങൾ ഏറ്റുപാടിക്കൊണ്ട് ചിറകിട്ടടിച്ചു പറന്നുപോയി.

[സ്വാതന്ത്ര്യത്തിന്റെ പൊൻചഷകം ആസ്വദിക്കുന്ന കൊച്ചുകിളി, നീ ഭാഗ്യവതിയാണ്]

മരച്ചില്ലകളിൽ തട്ടിത്തടഞ്ഞുകൊണ്ട് ഒരു കുഞ്ഞിക്കാറ്റ് ജനലിൽക്കൂടെ അടിച്ചുകയറി. ഒരു തണുത്ത കാറ്റ്. പെട്ടെന്നു കതകുകൾ കൊട്ടിയടച്ചിട്ടു രാജൻ പഴയ സ്ഥാനത്തു വന്നു കിടന്നു ..

വെറുതെ അങ്ങിനെ കിടക്കുമ്പോൾ മനസ്സ് അസ്വസ്ഥമാവുകയാണ്. കഴിഞ്ഞുപോയ കാലഘട്ടത്തിലെ പല സംഭവങ്ങളും ക്ഷീണിച്ച മനസ്സിന്റെ തിരശ്ശീലയിൽ പ്രതിബിംബിച്ചു മറക്കാൻ ശ്രമിച്ച പലതും തേട്ടിത്തേട്ടിവരികയാണ്. വേദനയുടെ കറുത്ത തിരശ്ശീലകൊണ്ടാച്ഛാദനം ചെയ്യപ്പെട്ടതാണാ ഓർമ്മകളിൽ പലതും. എന്നാലും ഓർമ്മിക്കാൻ ഒരു രസമുണ്ട്. വേദനയുടെ കൂർത്തമുള്ളുകൾ നിറഞ്ഞ മധുരമുള്ള റോസാപ്പൂക്കൾ.........

അയാൾ കണ്ണുകൾ ഇറുകെ അടച്ചു. ഒന്നുറങ്ങിയെങ്കിലെന്നായാളാഗ്രഹിച്ചു ഉറക്കവുമായി ഒരു വിഫലസമരം നടത്തിനോക്കി മസ്തിഷ്കം അബോധാവസ്ഥയിലേക്കു നീങ്ങുകയായിരുന്നു അപ്പോൾ —

“രാജാ! അങ്ങാണെന്റെ എല്ലാം..... ”

അന്തരീക്ഷത്തിലവിടവിടെ ആ വാക്കുകൾ തങ്ങിനില്ക്കുന്നതായിട്ടയാൾക്കു തോന്നി. നല്ല വടിവൊത്ത സ്വർണ്ണനിറം പൂണ്ട ലിപികൾ! അയാൾ അതിലേക്കു സൂക്ഷിച്ചുനോക്കാൻ ശ്രമിച്ചു. പെട്ടെന്നു ആ കനമുള്ളക്ഷരങ്ങൾ മുഴുവൻ തന്റെ മുഖത്തിലേക്കു ശക്തിയായി വന്നടിച്ചതുപോലെ അയാൾക്കു തോന്നി. എന്നിട്ടവ ആയിരമായിരം കഷണങ്ങളായി ദൂരെത്തെറിച്ചുപോയി. രണ്ടു കൈകൊണ്ടും മുഖം പൊത്തിയിട്ട് അസഹ്യമായ വേദനകൊണ്ടെന്നപോലെ അയാളൊന്നു പുളഞ്ഞു. “ഷീ! ”വേദനയോടെ അയാളാനാമം പിറുപിറുത്തു.

ഷീല......

അവളെക്കുറിച്ചോർത്തപ്പോൾ അയാൾ തന്റെ ചിന്തകൾ ക്രമപ്പെടുത്താൻ ശ്രമപ്പെട്ടു. ആ ഹൃദയം ഉച്ചത്തിൽ മിടിച്ചുകൊണ്ടിരുന്നു. ഒരു കാലത്ത് തന്റെ കരളിനുംകരളായിരുന്നു അവൾ. ഇന്നോ? ഇന്ന് അമർഷത്തോടെയല്ലാതെ ഓർക്കാൻ വയ്യ. പെട്ടെന്ന് വാചാലമെങ്കിലും ശാന്തത ഓളം വെട്ടുന്ന രണ്ട് വിശാലനേത്രങ്ങൾ അയാളുടെ സ്മരണാമണ്ഡലത്തിൽ ഓടിയെത്തി. അങ്ങേതിലെ ശാന്തയാണതിന്റെ ഉടമസ്ഥ. അവർ തമ്മിലുള്ള അന്തരം അയാൾ മനസ്സിലാക്കിയിരുന്നു. പക്ഷെ ഇന്ന് അവയൊക്കെ നിരർത്ഥകമായിട്ടയാൾക്കു തോന്നി കഴിഞ്ഞുപോയ സംഭവങ്ങളുടെ യഥാർത്ഥരൂപം ചികഞ്ഞെടുക്കാൻ അയാൾ ശ്രമപ്പെട്ടു .....

നല്ല മാർക്കോടുകൂടി സ്കൂൾഫൈനൽ പാസ്സായപ്പോൾ തന്റെ മുന്നിലെ പ്രശ്നം എന്തായിരുന്നു? ഒരു ജോലി സമ്പാദിക്കുക പല വാതിലുകളും മുട്ടിനോക്കി അവയിലൊന്നുപോലും അയാൾക്കായി തുറക്കപ്പെട്ടില്ല.

[മുട്ടുവിൻ തുറക്കപ്പെടും എന്നുൽബോധിപ്പിച്ച മഹാനായ പ്രവാചകാ, അങ്ങ് ഇന്നും ആരാധ്യൻ തന്നെ!]

ജോലിയൊന്നും ലഭിക്കാതെ മൂന്നുകൊല്ലം തെണ്ടിത്തിരിഞ്ഞു. ജീവിതംതന്നെ ദുസ്സഹമായിത്തോന്നിയിട്ടുണ്ട് പലപ്പോഴും. അന്നൊക്കെ ആശ്വാസത്തിന്റെ പൊൻവെളിച്ചവുമായി അവൾ ഓടിയെത്തുമായിരുന്നു.

ഷീല—

നിരാശാനിർഭരമായ ചിന്തകൾ ആത്മഹത്യയുടെ വക്കിലോളം ചെന്നു മുട്ടുമ്പോൾ അഭൌമികസൌന്ദര്യം ഓളം വെട്ടുന്ന ആ മുഖത്തിലാണ് ജീവിതാശ നിഴലിച്ചു കണ്ടത്......

“ഷീലേ!”

“രാജാ!”

“നീ എന്റെ ഹൃദയത്തിന്റെ...”

“ഓ. രാജൻ പരിഹസിക്കുന്നു...”

“അല്ല, ഷീലേ! ഇത് സത്യമാണ്.”

രണ്ടു ഹൃദയങ്ങൾ തമ്മിലിഴുകിച്ചേർന്ന അനർഘനിമിഷങ്ങൾ!

പൂന്തിങ്കളിന്റെ ധവളിമയിൽ ഭൂമിയാകെ കുളിച്ചു നില്ക്കുമ്പോഴും, കട്ടപിടിച്ച അന്ധകാരം അന്തരീക്ഷത്തെ ഭയാനകമാക്കുമ്പോഴുമെല്ലാം ആ രണ്ടു ഹൃദയങ്ങൾ ഒന്നിച്ചു ചേരുമായിരുന്നു ..നിരാശാനിർഭരമായ ഹൃദയത്തിന് ജീവിക്കാനുള്ള ആശ്ര

നാട്ടിയ ദേവതെ, നീ എന്റെ ഉള്ളിന്റെയും ഉള്ളായിരുന്നു!

പക്ഷെ എത്രനാളിങ്ങിനെ കഴിയും? ദാരിദ്ര്യത്തിൽനിന്നും ദാരിദ്ര്യത്തിലേക്ക് വഴുതി നീങ്ങുന്ന സ്വന്തം കുടുംബം. അതും കണ്ട് മിണ്ടാതിരിക്കാനയാൾക്ക് കഴിഞ്ഞില്ല. നാടും വീടും വിട്ട് വിദൂരസ്ഥമായ ഏതെങ്കിലും സ്ഥലത്ത് പോയി തെണ്ടിത്തിരിഞ്ഞാൽ ഒരു പക്ഷെ ഭാഗ്യം തന്നെകൈവിടില്ലെന്നയാൾക്കുതോന്നി.

അന്ന് രാത്രി നടന്ന ആ രംഗം അയാളുടെ കൺമുമ്പിലൂടെ മിന്നിമറിഞ്ഞു

അവളുടെ ഹൃദയംപോലെ പാരിജാതലതകളുടെ മാദകഗന്ധം പൊഴിച്ചുനില്ക്കുന്ന പൂവാടിയിലേക്ക്, തപ്തഹൃദയനുമായി അയാൾ നടന്നു. അവിടെ അവൾ അയാൾക്കുവേണ്ടി കാത്തുനില്ക്കുകയായിരുന്നു. ഗദ്ഗദം മുറ്റി നില്ക്കുന്ന നിമിഷങ്ങൾ നീങ്ങിക്കൊണ്ടിരുന്നു. കുറേ നേരത്തേക്കൊന്നും മിണ്ടാൻ കഴിഞ്ഞില്ല. ഒടുവിൽ അയാളാകാര്യം പറഞ്ഞൊപ്പിച്ചു.

"നാളെ ഞാൻ പോവുകയാണ ....."

ഒരു പ്രേമസാമ്രാജ്യം മഴവില്ല് സൃഷ്ടിച്ച ആ മുഖത്ത് പെട്ടന്ന് കാർമേഘങ്ങൾ തടിച്ചുകൂടുന്നതയാൾ കണ്ടു.

"എവിടെ?" ഒരു ഞെട്ടലോടെ അവൾ ചോദിച്ചു.

"എവിടെയെങ്കിലും. ഒരു ജോലി കിട്ടിയെങ്കിലേ ഇനി ഇങ്ങോട്ടുള്ളൂ...ഷീലെ നീ...എന്നെ മറന്നേക്കൂ...അതാണ് നിനക്ക് നല്ലത്."

"ഓ. അങ്ങനെയൊന്നും പറയല്ലേ! രാജാ, അങ്ങാണെന്റെ എല്ലാം..."

ആ കണ്ണുകളിൽനിന്നും ചുടുബാഷ്പം ഒഴുകിയിറങ്ങി. ഒരു തപ്ത ഹൃദയത്തിൽ നിന്നും നിർഗ്ഗളിച്ച ആ കണ്ണുനീർ തുള്ളികൾ പൂച്ചെടികളിൽ വീണു ചിന്നിച്ചിതറിയപ്പോൾ അവിടെ അയാൾ ആത്മാർത്ഥമായൊരു ഹൃദയം ദർശിച്ചു.

"രാജാ, അങ്ങാണെന്റെ എല്ലാം...ഞാൻ കാത്തിരിക്കും..."

— പക്ഷെ ആ കാത്തിരിപ്പ് അധികം നീണ്ടുനിന്നില്ല. ഏറെക്കഴിയുന്നതിനുമുമ്പ് തന്നെ അയാളറിഞ്ഞു, അവളുടെ വിവാഹം കഴിഞ്ഞെന്നു. അങ്ങെങ്ങോ ഉള്ള ഒരു വലിയ വ്യാപാരിയാണത്രെ വരൻ.

(പ്രിയമുള്ളവളേ, ഒടുവിൽ നീ ചേരേണ്ടിടത്തു തന്നെചേർന്നു.)

പക്ഷെ ഒരു കത്തുപോലും അവളയച്ചില്ല.

"രാജന്റെ ഷീലക്ക് അയാളുടെ ചെരിപ്പ് പിടിപ്പിക്കാൻപോലും." രസികനായ സ്നേഹിതന്റെ എഴുത്തിലെ വരികൾ വായിച്ചപ്പോൾ ആ നാടികേടിന്റെ മുമ്പിൽ ഒരു നിരപരാധിയുടെ ഹൃദയം തകർന്നുപോയി .....

—"രാജേട്ടാ! അറിഞ്ഞുകൊണ്ട് നിങ്ങൾക്ക് ഞാനൊരുപദ്രവും ചെയ്തിട്ടില്ല. ഈയുള്ളവളോട് ഒന്ന് മിണ്ടിയാലെന്താ രാജേട്ടാ?"

ആ ശബ്ദം പരിചയപ്പെട്ടതാണ്. തന്റെ സ്വപ്നത്തിലെ കട്ടുറുമ്പാണവളെന്നു അയാൾ കരുതിയിരുന്നു. രാജേട്ടാ എന്ന ആ മധുരമായ വിളി! അതിന്റെ മാധുര്യം ഇപ്പോഴാണയാളറിയാൻ തുടങ്ങുന്നത്.

"ഇത്തരം അനാവശ്യങ്ങൾ എന്നോടിനി സംസാരിക്കരുത് ശാന്തെ. നിനക്കൊന്നും ലജ്ജയില്ലെ, ഒരു പുരുഷനോടിത്ര സ്വാതന്ത്ര്യം കാണിക്കാൻ?" പരുഷസ്വരത്തിലാണയാൾ പറയാനുണ്ടായിരുന്നത് ക്രോധം സ്ഫുരിക്കുന്ന മുഖവുമായി അയാൾ തിരിഞ്ഞു നടക്കുമ്പോൾ, ശാന്തയുടെ ഓളംവെട്ടുന്ന ആ വിശാല നയനങ്ങളിൽ രണ്ടു കണ്ണുനീർത്തുള്ളികൾ ഉരുണ്ടു കൂടിയതയാൾ കണ്ടില്ല.

വേദനയോടെ രാജൻ ശാന്തയെക്കുറിച്ചോർത്തു പാവം! അവളെ താനെത്രമാത്രം നൊമ്പരപ്പെടുത്തി!

—അയൽക്കാരാണ് രണ്ടുപേരും. ചെറുപ്പത്തിൽ ഒന്നിച്ചാണ് സ്കൂളിൽ പോവുക. അഞ്ചാം ക്ലാസോടുകൂടി അവൾ പഠിപ്പുനിർത്തി. രാജേട്ടനെന്ന് പറഞ്ഞാൽ ജീവനാണവൾക്ക്. പക്ഷെ കറുത്ത് മെലിഞ്ഞ ആ പെണ്ണിനോട് ചെറുപ്പത്തിൽത്തന്നെ രാജന് വെറുപ്പായിരുന്നു. എന്തെല്ലാം പുന്നാരങ്ങളും പറഞ്ഞാണ് അവൾ രാജന്റെയടുത്തോടിയെത്തുക! ഒരു ദിവസം ഒരു പുഷ്പമാല്യമായിട്ടാണ് വന്നത്.

"രാജേട്ടാ! ഞാനീമാലതരാം. രാജേട്ടനൊരു പാട്ട് പാടുമോ?"

രാജന് കോപമാണ് വന്നത്. പെണ്ണ് കിന്നാരം പറയാൻ വന്നിരിക്കുന്നു!

"പോടി അപ്പുറത്ത് നീയും നിന്റെ മാലയും."

വേദന നിറഞ്ഞൊഴുകുന്ന ഹൃദയവും കണ്ണീരൊഴുകുന്ന കണ്ണുകളുമായി ആ കൊച്ചുകസ്തൂരി പെണ്ണ് ഓടിപ്പോകുമ്പോൾ അയാൾക്ക് തോന്നുണ്ട്. ഒരുപാവം!

ഹൈസ്കൂളിൽ ചേർന്നപ്പോഴാണ് അയാൾക്കു പുതിയ കൂട്ടുകാരിയെ കിട്ടിയത്. മഷിയെഴുതിക്കറുപ്പിച്ച കണ്ണുകളും ചെമ്പൻമുടിയും നീളമുള്ള മായി എന്നും വരാറുള്ള ഷീലയുടെ അടുത്തുപോലും ആ കിറുക്കിപ്പെണ്ണ് ശാന്തയെ നിർത്താൻ കൊള്ളില്ലെന്നു അയാൾക്കു തോന്നാറുണ്ട്. എന്നും രാവിലെ സ്കൂളിൽ പോകുമ്പോൾ അങ്ങേതിലെ വേലിപ്പടർപ്പിന്നുമുകളിലൂടെ രണ്ടു കണ്ണുകൾ തന്നെ വീക്ഷിക്കാറുണ്ടെന്നു രാജൻ ശ്രദ്ധിക്കാതിരുന്നില്ല. അതാ ആ കരിനീലക്കണ്ണുകളുടേതാണെന്നും അയാൾക്കറിയാം.

"ഈ പെണ്ണിനൊന്നും നാണമില്ലേ? അന്യപുരുഷന്മാരെ ഇങ്ങിനെ ഇടിഞ്ഞു നോക്കാൻ തെണ്ടി!" പലപ്പോഴും വിചാരിക്കാറുണ്ട്.

—പക്ഷേ ഇന്നവൾ വളർന്നിരിക്കുന്നു! അതുകൊണ്ട് പഴയ കണ്ണാമൂച്ചിത്തരങ്ങളുമായി രാജന്റെ പിറകേ ഓടിയെത്താറില്ല

താൻ ജോലിയുമായി പിരിച്ചു പോകുന്നതെന്നു എങ്ങിനേയോ അവൾ അറിഞ്ഞിരുന്നു. തലേദിവസം എവിടെയോ പോയിട്ട് മടങ്ങുകയായിരുന്നു രാജൻ. അങ്ങേതിലെ വേലിപ്പടർപ്പിന്നരികിലെത്തിയപ്പോൾ ആരോ തന്നെ വിളിക്കുന്നതുപോലെ തോന്നി.

"രാജേട്ടാ!"

രാജൻ തിരിഞ്ഞുനോക്കി. ശാന്തയാണ്. ഇളഞ്ഞു - ഉപദ്രവം...ഒന്നും പറയാതെ നടന്നകളയാനാണാദ്യം തോന്നിയത്. പക്ഷേ മനസ്സ് വന്നില്ല. സാവധാനം വേലിക്കരികിലേക്ക് നടന്നു.

"എന്താ?" ആ സ്വരം കുറെയധികം പരുഷമായിരുന്നു

"രാജേട്ടൻ നാളെ പോകുന്നെന്നറിഞ്ഞു."

"അതിന്?" ഈ പെണ്ണ് എന്തിനിതൊക്കെ അന്വേഷിക്കുന്നു എന്നുകരുതി രാജൻ ചോദിച്ചു.

"രാജേട്ടൻ വല്യ ആളായാൽ ഞങ്ങളെയൊക്കെ മറക്കോ?"

ഛീ! അവളുടെ ഒരു ചോദ്യം കേട്ടില്ലേ? വളർന്ന് നെടുംതൂണുപോലെയായ ഒരു പെണ്ണ് ഒരന്യപുരുഷനോടിങ്ങിനെയാണോ പറയുക? ഹൃദയത്തിൽനിന്ന് വെറുപ്പിന്റെ ജ്വാലകൾ ഉയരുകയായിരുന്നു...

പൂക്കൾ തുന്നിയുണ്ടാക്കിയ ഒരു കൈലേസെടുത്തിട്ട് അവൾ രാജനുനേരെ നീട്ടി.

"ഇതു രാജേട്ടനിരിക്കട്ടെ. എന്റെ ഓർമ്മക്ക്."

"നിന്റെ ഓർമ്മ തല്ക്കാലം എനിക്കു വേണ്ട. നന്ദി!"

കോപം നിറഞ്ഞ ഹൃദയവുമായി കാലുകൾ അമർത്തിച്ചവിട്ടി തിരിഞ്ഞുനടന്നു. ഓ, എന്തൊ നാശംകെട്ടവനാണ് താൻ. അയാൾ ഒരു സ്നേഹം നിറഞ്ഞ ഒരു ഹൃദയത്തെയാണ് താൻ ചവിട്ടിമെതിച്ചതെന്ന് ഇപ്പോൾ മാത്രമാണയാൾക്ക് മനസ്സിലായത്. അതിലയാൾക്ക് ആത്മാർത്ഥമായ സഹതാപം തോന്നി. അതിന്റെ ഫലമാണോ താനിന്നനുഭവിക്കുന്നത്?

—ഇപ്പോഴെവിടെയാണാവോ!

പെട്ടെന്നൊരു ജിജ്ഞാസ അയാളുടെ മനസ്സിലുയർന്നു. ഒരു ഭയാശങ്കയായി അയാളുടെ സന്തപ്തമായ ഹൃദയത്തെ കീഴടക്കിക്കളഞ്ഞു...

പെട്ടെന്ന് വാതിലിന്നരികിൽനിന്നൊരു ദീർഘനിശ്വാസം കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതെന്താണ്? നിറഞ്ഞ കണ്ണുകളുമായി ശാന്ത നില്ക്കുന്നു. താൻ നോക്കിയപ്പോൾ പെട്ടെന്നവൾ കണ്ണുകൾ പിൻവലിച്ചുകളഞ്ഞു. അടുത്തക്ഷണം ആ കണ്ണുകളിൽനിന്ന് രണ്ടരുവികൾ കവിളിലൂടെ ഒലിച്ചിറങ്ങി.

"ശാന്തേ നീയെന്തിനു കരയുന്നു?"

സാരിത്തലപ്പുകൊണ്ട് കണ്ണുകൾ തുടച്ചിട്ട് പെട്ടെന്നവൾ നടന്നുകളഞ്ഞു!

എന്തോ ഒന്നു നഷ്ടപ്പെട്ടതുപോലെ രാജനു തോന്നി. അവളെ അങ്ങിനെ അങ്ങു പോകാനനുവദിക്കരുതായിരുന്നു...

അറിയാതെ ഒരു ജിജ്ഞാസ അയാളുടെ ഹൃദയത്തിലേക്കോടിയെത്തി. ആരാണവളെ വിവാഹംചെയ്തത്? അമ്മയെ വിളിച്ചുചോദിച്ചാലോ?

അയാൾ എഴുന്നേറ്റിരുന്നു. എന്നിട്ടമ്മയെ വിളിച്ചു.

"എന്താ?" അമ്മ വന്ന് കട്ടിലിനരികിൽനിന്നു.

"ശാന്തയല്ലേ ഇപ്പോഴിവിടെ വന്നത്?"

"അതെ. നീ ഇത്രവേഗം മറന്നുപോയോ?"

"അവളെപ്പോഴാ അവളുടെ ഭർത്താവിന്റെ വീട്ടിൽനിന്നു വന്നത്?"

"ഭർത്താവിന്റെ വീടോ?.....അവളുടെ കല്യാണം കഴിഞ്ഞോ? പിന്നല്ലേ ഭർത്താവിന്റെ വീട്?" അമ്മക്ക് മകന്റെ അജ്ഞതയിൽ അത്ഭുതം തോന്നി.

"അതെന്തായി, ഇതിനെപ്പറ്റിയൊന്നും അന്വേഷണം നടന്നില്ലേ?" ഉൽക്കടമായ ജിജ്ഞാസ അടക്കിവിട്ട് അയാൾ ചോദിച്ചു.

"അച്ഛന്റെ വാക്ക്. ആ കട്ടിലിനെ കുറിച്ചാണ് പറയുന്നത്. ഒരു പാട് പ്രാവശ്യത്തിന് അന്വേഷണം നടന്നു, പക്ഷെ ആരാണ് പ്രയോഗിക്കുന്നത്? ഇതുവരെ ഒരു പെണ്ണിന് അവരുടെ പിടിയിൽ നിന്ന് ഭരണകൂടം പോലും അവരുടെ ഒരു അംശം തൊട്ടില്ല!" അവൾ അതിനാടകീയമായി പ്രഖ്യാപിച്ചു.

"എന്നിട്ടും ഇവിടെ ഭരണാധികാരികൾ?" അയാൾ തുടർന്നു.

"നിന്റെയച്ഛൻ വന്നാൽ എന്താണെങ്കിലും ഒന്ന് വായിച്ചു അടങ്ങു. നിനക്കെന്ത് കാര്യമാണോ?"

ആരോ വിളിച്ചപ്പോൾ അവൾ പെട്ടെന്നകത്തുള്ളിലേക്ക് പോയി.

ഒരു ഭാരം കടന്നുപോകും തന്റെ ഹൃദയത്തിൽ ഒന്നിച്ച് കത്തിയെരിയുന്നപോലെ അയാൾക്കുതോന്നി.

ഒരു പുഷ്പം വിരിഞ്ഞു. മണമില്ലാത്ത പുഷ്പം ആർക്കും വേണ്ടാതെ അതു നശിക്കാൻപോകുന്നു. വേദനയോടെ രാജനോർത്തു.

താനല്ലേ അതിന്റെ കാരണക്കാരൻ? അതോർത്തപ്പോൾ അയാൾ കൂടുതൽ അസ്വസ്ഥനായി. ഏറെനേരം അങ്ങനെ ഓർത്തുകിടന്നപ്പോൾ അയാളുടെ ഹൃദയം ഒരു തീരുമാനത്തിലെത്തുകയായിരുന്നു...

ആശ്വാസത്തോടെ അയാൾ കിടക്കയിലേക്ക് ചാഞ്ഞു.

അപ്പോൾ, ഇരുണ്ട, വിവശമായ ഹൃദയത്തിന്റെ ഒരു കോണിൽ ആശ്വാസത്തിന്റെ ഒരു മധുരസംഗീതം ശ്രുതിമീട്ടുന്നതായി അയാൾക്കുതോന്നി.

# അവസാനത്തെ കഥ

ബി. പരുത്തിക്കാട് Final B Sc.)



ഹൃദയത്തിന്റെ ഉള്ളറകളിലെല്ലാം വേദന നിറഞ്ഞു നില്ക്കുകയാണ്. അവയെല്ലാം വാർന്നു തീരുമ്പോൾ, ഒരു സുഖനിദ്രപോലെ മരണം തഴുകുമ്പോൾ ഞാൻ നിന്നെ മറക്കും.........

പലപ്പോഴും അങ്ങിനെ എഴുതണമെന്നു കരുതിയതാണ്. പക്ഷെ, എഴുതിയില്ല. എന്നാൽ ഇന്ന് ഞാൻ അതിന്ന് തികച്ചും ശക്തനായിത്തീർന്നിരിക്കുന്നു.

പരിപൂർണ്ണനിശ്ശബ്ദത ഭീതിപ്പെടുത്തുന്ന രാത്രിയുടെ അന്ത്യയാമങ്ങളിലിരുന്നാണ് ഞാനിതെഴുതുന്നത്. പലപ്പോഴും ഇങ്ങനെ ഈ സമയത്ത് ഞാൻ ഇരുന്ന് എഴുതിയിട്ടുണ്ട്. അതെല്ലാം നിനക്കുള്ള എഴുത്തായിരുന്നു. സ്നേഹത്തിൽ മുക്കിയെടുത്ത, സന്തോഷത്തിന്റെ അക്ഷരങ്ങൾ അടുക്കിവെച്ച എഴുത്തുകൾ.........

എന്നാൽ ഈ എഴുതുന്നത് എന്റെ അവസാനത്തേതാണ്.........

ഈ ലോകത്തിലെ എല്ലാ നല്ലമനുഷ്യരും ഇതു വായിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

വെറുക്കപ്പെട്ട ഒരു ജീവിതം വിരാമമില്ലാതെ നീളുകയായിരുന്നു

മരിക്കാൻ ആഗ്രഹമില്ലാഞ്ഞിട്ടല്ല, ആത്മഹത്യയിൽ വിശ്വാസമില്ലാഞ്ഞിട്ട്.

“ബീയെസ്സിവരെ പഠിച്ചിട്ട് ആത്മഹത്യയെപ്പററി പറയാൻ കാവില്ലല്ലോ! .....”

പരീക്ഷയിൽ തോററാൽ ആത്മഹത്യചെയ്യുമെന്ന് ഒരിക്കൽ ഞാനൊരു തമാശപറഞ്ഞപ്പോൾ അവളും പറഞ്ഞതാണ്. എന്നാൽ ഇനി അവളും അങ്ങനെ പറയുമെന്നു തോന്നുന്നില്ല. കാരണം അല്പനാളുകളിൽ അവളൊരു ഭാര്യയായിത്തീരും. അപ്പോൾ പിന്നീടൊരിക്കലും കണ്ടെന്നുവരില്ല.

വേണ്ട.

ആശിച്ചതെല്ലാം അകലുകയാണ്..... ലാളനയുടെ സുഖം എന്നോ തീർന്നിട്ടുണ്ട്. ഭാവിയിലേയ്ക്കുള്ള വിളക്കുകളെല്ലാം എണ്ണവററിക്കിടക്കുന്നു. ഇരുണ്ട ആ വഴിത്താരയിലേയ്ക്ക് ഒരു വെള്ളിനക്ഷത്രംമാത്രം വെളിച്ചം വീശിനിന്നിരുന്നു. അതും മറയാൻ പോവുകയാണ്......

എല്ലാവരും പറയാറുണ്ട്, ജീവിതത്തിന്റെ ഏററവും സുന്ദരമായ വശമാണ് വിദ്യാർത്ഥിജീവിതമെന്ന്! കോളേജ്ജീവിതമോ? വിദ്യാർത്ഥിജീവിതത്തിലെ മഹത്തായ ഒരദ്ധ്യായവും. കോളേജ് ജീവിതത്തെക്കുറിച്ച് ഞാനും അങ്ങനെ സ്വപ്നം കണ്ടു. ഹൈസ്കൂൾ ജീവിതം കഴിഞ്ഞപ്പോൾ എസ്സ്. എസ്സ് എൽ സി. പാസ്സായപ്പോൾ എല്ലാവരും പറഞ്ഞതാണ് ട്രെയിനിങ്ങിനു പോകയാണ് നല്ലതെന്ന്. ഒരു വിദ്യാർത്ഥിയായിക്കഴിയാനും, ഡിഗ്രിയെടുത്തു പുറത്തുവരാനും ഉള്ള കലശലായ ആഗ്രഹം, എല്ലാ പ്രതിഷേധങ്ങളേയും പരാജയപ്പെടുത്തി. എന്നാൽ ഇന്ന് ‘പരാജയപ്പെട്ട പ്രതിഷേധങ്ങൾ’ വിജയിക്കാൻ പോകയാണ്.

—ഇപ്പളെന്തേ കോളേജിൽ പോയിട്ട്......!

—അന്നും പറഞ്ഞതാ ട്രെയിനിങ്ങിന് പോവ്വാണ് നല്ലതെന്ന്...

—പണിയില്ലെങ്കിൽ തെണ്ടിനടന്നോട്ടെ. ബീയെസിക്കാരനല്ലെ, ബീയെസിക്കാരൻ......!

അവർ തെളിഞ്ഞുനിന്ന് പുച്ഛിച്ച് മുഖം ചുളിക്കുമ്പോൾ ചൂളിനില്ക്കുയേ നിവൃത്തിയുള്ളൂ. കാരണം എൻെറ കടമകൾ അപൂർണ്ണമായിക്കിടക്കുകയാണ്. ഞാൻ തെററുകളെയാണ് ഓമനിച്ചുവളർത്തിയത്......

മകരത്തണുപ്പിനു ശക്തി വർദ്ധിച്ചിരിക്കയാണ്. റോഡിനപ്പുറത്തുള്ള റെയിൽപ്പാളങ്ങളിലൂടെ ഒരു വണ്ടി നിലംകുലുക്കിക്കൊണ്ട് ഓടിപ്പോയി. ചെവിയിലേയ്ക്കു തുളച്ചുകയറുന്ന അതിൻെറ ചൂളംവിളി ഒരു കാലത്തു വളരെ അസുഖം തോന്നിച്ചിരുന്നു. എന്നാൽ ഇന്ന് ആ ശബ്ദത്തിൽ ഒരു സംഗീതധ്വനി കലർന്നിരിക്കുന്നുവെന്നു തോന്നുന്നു. ജീവിതം വിരസമായിത്തോന്നിയാലും ആ സംഗീതം ആകർഷകമാണ്: നീറിപ്പുകയുന്ന ജീവിതങ്ങളേയും, മരിക്കാത്ത ഓർമ്മകളേയും ആ വണ്ടിച്ചക്രങ്ങൾ റയിൽപ്പാളങ്ങളിലൂടെ അരച്ചുകളയുന്നു. ആ തണുത്ത റയിൽപ്പാളങ്ങളും, കനത്ത ചക്രങ്ങളും എന്നെ മാടിവിളിക്കുന്നുണ്ടെന്നു തോന്നുന്നു.

ഏതാനും ദിവസങ്ങൾക്കു മുമ്പാണതു നടന്നത്. പട്ടണത്തിലെ ഒരു കോളേജുവിദ്യാർത്ഥി, ഇരമ്പിവരുന്ന മെയിൽവണ്ടിക്കു മുമ്പിലേയ്ക്കു ചാടി മരണത്തെ കെട്ടിപ്പുണർന്നുകൊണ്ടു സ്വീകരിച്ചു. അയാളുടെ ആത്മഹത്യക്കു കാരണം ആർക്കും അറിഞ്ഞുകൂടായിരുന്നു.

അന്ന് ക്ലാസിൽനിന്നു സുഹൃത്തുക്കളോട് അവസാനം യാത്രപറഞ്ഞു പോരുമ്പോളും, നിരത്തിന്നടുത്തുവെച്ചു സംസാരിച്ചുകൊണ്ടിരിക്കവേ ദൂരെനിന്നുള്ള മെയിൽവണ്ടിയുടെ ചൂളംവിളികൾ കേൾക്കുമ്പോളും അയാളുടെ മനസ്സിലൂടെ മുറിയടഞ്ഞ അനേകായിരം പ്രതീക്ഷകളുടെ ശ്മശാനഘോഷയാത്ര നീങ്ങുകയായിരുന്നിരിക്കണം.

മരണത്തിൻെറ വായിലേയ്ക്കു കഴുത്തു നീട്ടുന്നതിനുമുമ്പ് അയാളൊന്നു തിരിഞ്ഞുനോക്കി.

അയാളുടെ പിന്നിൽ തെയ്യാറായി നില്ക്കുന്ന എൻെറ നേർക്കായിരുന്നുവോ അയാൾ നോക്കിയത്......?

അറിയപ്പെടാത്ത എൻെറ സുഹൃത്തേ,

ജീവിതയാതനകളിൽനിന്ന് എന്നന്നേക്കുമായി രക്ഷപ്പെട്ട നിങ്ങൾ എന്നെപ്പോലെ ആത്മഹത്യയിൽ വിശ്വസിച്ചിരുന്നില്ലെന്ന് എനിയ്ക്കറിയാം. ആത്മഹത്യ ഭീരുത്വമാണെന്നും, വിഡ്ഢിത്തമാണെന്നും നമ്മൾ കൂട്ടുകാരോട് വാദിക്കുകയും, അവരെ ഉപദേശിക്കുകയും ചെയ്തിരിക്കും.

പക്ഷേ,

പ്രതീക്ഷകളുടെ തളിരുകൾ വാടുമ്പോൾ, സ്നേഹത്തിൻെറ മൊട്ടുകളിൽ പുഴുക്കുത്തു വീഴുമ്പോൾ, അഭിലാഷങ്ങളുടെ വേരുകൾ തളരുമ്പോൾ, ജീവിതം ഒരു മരുഭൂമിയിലെന്നപോലെ വരളുന്നു...

അപ്പോൾ,

ആത്മഹത്യയുടെ കുളിർകാററിനെ ആശ്ലേഷിക്കുന്നത് ആശ്വാസമാണ്......

നിലാവുദിച്ചുയർന്നു. റോഡിനപ്പുറത്തുള്ള റയിൽപ്പാളങ്ങൾ മൂർച്ചയേറിയ വാളുപോലെ തിളങ്ങുന്നു

പകലിൻെറ കോലാഹലം കഴിഞ്ഞ് നിരത്തും പരിസരവും തളർന്നുറങ്ങുകയാണ്. പാതിരവരെ ഉറക്കമൊഴിച്ച് എഴുതുകയോ വായിക്കുകയോ ചെയ്യാറുള്ള അമ്മാമൻെറ മുറിയിൽനിന്നു കൂർക്കംവലികൾ ഉയരുന്നുണ്ട്.

നിരത്തുവക്കിലുള്ള ഒരു മാളികവീടിൻെറ വരാന്തയിലിരുന്നുകൊണ്ട് ഞാനെഴുതുകയാണ്. (സ്നേഹത്തിൽക്കുതിർന്ന എഴുത്തുകളും അനുഭവം തുളുമ്പുന്ന കഥകളും! .......)

മേശപ്പുറം നിറയെ പുസ്തകങ്ങൾ നിരന്നു കിടക്കുന്നു. ഫൈനൽ പരീക്ഷ അടുക്കുകയാണ്.

എങ്ങും പരാജയം മാത്രമാണ്. ദിവസം മുഴുവനും വെറും പഠിപ്പിനുവേണ്ടിമാത്രം തുടർച്ചയായി മണിക്കൂറുകൾ ചിലവഴിച്ചിരുന്ന അന്നും, പരാജയമാണുണ്ടായിരുന്നത്. അപ്പോൾ അടുത്ത ഭാവി കണ്ടുതന്നെ അറിയണം.

വീട്ടിൽനിന്നു വന്ന മീനുവിൻെറ എഴുത്താണോർമ്മവരുന്നത് "കുട്ട്യേട്ടൻെറ കോളേജ്പഠിപ്പ് കഴിഞ്ഞു ഉദ്യോഗം കിട്ടിയിട്ട് നെക്ക്ലേസ്സ് വാങ്ങിത്തരാന്നാ അച്ഛൻ പറഞ്ഞത്. എനിക്കൊരു ഫൈലററ് പെന്ന് കോളേജ് പൂട്ടി വരുമ്പോൾ കൊണ്ടരണേ. വിജയക്കും, വാസന്തിക്കും, രാജത്തിനും എല്ലാം ഫൈലററ് പെന്നുണ്ട്.. മറക്കല്ലേ?"

കൊണ്ടുവരാം എന്നെഴുതി. പക്ഷെ, കോളേജ് പൂട്ടി ഇനി ഞാൻ മടങ്ങിവരികയില്ല.

"അമ്മാമൻെറ എഴുത്തുണ്ടായിരുന്നു, അച്ഛന്. കുട്ട്യേട്ടൻ ഒന്നും വായിക്കാറില്ലെന്നും, രാത്രി നേരംവൈകിയാണ് വീട്ടിലെത്താറെന്നും ഒക്കെ എഴുതിയിരുന്നു. ശരിയാണോ കുട്ട്യേട്ടാ ..?"

(മീനു, കുറെയെല്ലാം ശരിയാണ്. പക്ഷെ പഠിക്കാനായിരുന്നിട്ടും, കഴിയുന്നില്ല. എൻെറ വിഷമങ്ങളൊന്നും ഇപ്പോൾ നീ അറിയാത്തതാ

ണ് നല്ലത്. ഒരിക്കൽ നീയറിയും നിന്റെ കുട്ട്യേട്ടൻ എല്ലാ വിഷമങ്ങളിൽനിന്നും വിമുക്തനായെന്ന്......)

വിദൂരതയുടെ കണ്ണാത്തിൽനിന്നു നിശ്ശബ്ദതയുടെ ലോകത്തിലേയ്ക്ക് അവ്യക്തമായ ഒരു ശോകഗാനം ഒഴുകിവരികയാണ്.

ഞാനറിയാതെതുറന്നു നീയെൻ,
മാനസമണിയറവാതിൽ ..
പാതിരാ...വിൽ ....”

ആ വരികൾ അവസാനിച്ചിട്ടും അതിന്റെ അലയൊലികൾ ഹൃദയത്തിൽ തങ്ങിനില്ക്കുന്നു.

എന്നെപ്പോലെ ആൾക്കെല്ലാം അങ്ങിനെ തോന്നിയിട്ടുണ്ടാവും.

അമ്മിണി!

അവൾ എന്റെ ഹൃദയത്തിന്റെ അടച്ചിട്ട വാതിലുകൾ മുട്ടിത്തുറന്നു. ഞാൻകൂടി അറിയാതെ അവിടെ സ്നേഹത്തിന്റെ കൈത്തിരി കൊളുത്തിവെച്ചു.

ആ ദീപം ഇന്നും പ്രകാശിക്കുന്നു . പക്ഷേ, ആ കുപ്പിവള ചിരിക്കുന്ന കൈകൾ അകലുകയാണ്...

അല്ല, അകററുകയാണ്......

ഒരു തിരുവാതിര കഴിഞ്ഞു.

മറക്കാൻ കഴിയാത്ത നിരവധി ഓർമ്മകൾ ഹൃദയത്തിന്റെ നേരിയ ഭിത്തിയിൽ വരക്കപ്പെട്ടു.

രോമാവൃതമായ മാറിടത്തിൽനിന്ന്, അമർത്തിയ കവിളുകളുയർത്തി അവൾ പറഞ്ഞു:

“ഇതിനെല്ലാം ഒരിക്കൽ നമ്മൾ കരയേണ്ടി വരും .... ”

ഞാൻ ആ കണ്ണുകളിലേയ്ക്കുതന്നെ സൂക്ഷിച്ചു നോക്കി. നീലാകാശംപോലെ നീണ്ട ആ കണ്ണുകളിൽ ഭാവിയുടെ ചിത്രങ്ങൾ മിന്നിത്തെളിയുന്നുണ്ടായിരുന്നു. ആ നനഞ്ഞ നയനങ്ങളിൽ ചുംബിച്ചുകൊണ്ട് ഞാൻ പറഞ്ഞു:

“കരയാതിരിക്കാൻ നമുക്കു ശ്രമിക്കാം ..”

പക്ഷേ, അമ്മിണി,

ഞാനിന്നു കരയുകയാണ്.. ...

ചൂടുള്ള കണ്ണീർകണങ്ങൾ ഏകാന്തതയുടെ മാറിൽ അലിഞ്ഞുചേരുന്നു ..

കാരണം,

ഞാനിപ്പോൾ കാരാഗൃഹത്തിലാണ്.

പരിസരത്തിന്റെ കാരാഗൃഹത്തിൽ .....

ഒരു വലിയ കുടുംബം എനിക്കുവേണ്ടി കാത്തിരിക്കുന്നു. ഞാൻ വായിക്കാൻവേണ്ടി ഉറക്കമൊഴിക്കുന്നതിലധികം സമയം അവർ എന്റെ ഭാവിയെക്കുറിച്ചു നിറപ്പകിട്ടാർന്ന സ്വപ്നങ്ങൾ രചിക്കാൻ വിനിയോഗിക്കുന്നു.

എന്നാൽ ഭാവിയെക്കുറിച്ചുള്ള എന്റേതായ പ്രതീക്ഷകളെ അവർ ഞെരിച്ചുകളയുകയാണെന്നു എനിക്കു ഓരോ നിമിഷവും മനസ്സിലാവുന്നുണ്ട്.

അമ്മിണി,

നമുക്കു രണ്ടുപേർക്കും മാത്രമായി ഒരു പുതിയ ലോകം സൃഷ്ടിക്കുവാൻ എനിക്കു സാദ്ധ്യമല്ല. നിസ്സാലോകത്തിലിരുന്നാൽ വീർപ്പുമുട്ടും. നിന്റെ തുടുത്ത കവിളിലൂടെ കണ്ണുനീർ ഉരുണ്ടുവീഴുന്നത കാണാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.

ഒരു പാതിരാക്കോഴി കൂകി.

സഹിക്കവയ്യാത്ത ഭാരം ചുമന്ന ഒരു ലോറി ദയനീയമായി ഞെരങ്ങിക്കൊണ്ടു കടന്നുപോയി. ക്ലോക്കിൽ രണ്ടുമണിയടിച്ചു:

ഈ സമയത്താണ് ഞാൻ പലപ്പോഴും അവൾക്കുള്ള എഴുത്തെഴുതാറ്.

“.....ആരുമാരുമറിയാതെ ഒരു പച്ചക്കിളി എന്റെ കരളിന്റെ കൊമ്പത്ത് ഒരു കൂടുകെട്ടിയിരിക്കുന്നു. ആരോടും ചോദിക്കാതെ, ആരുമറിയാതെ ഒരിക്കൽ കൂടുപൊളിച്ചുകൊണ്ടു ആ കിളി എങ്ങോ പറന്നുപോകുമെന്നു എനിക്കറിയാം. അപ്പോൾ കരളിന്റെ കൊമ്പുകൾക്ക് എത്രമാത്രം നോവുമായിരിക്കും . ?—”

ഞാനെഴുതി.

“...., കൂടുകെട്ടിയ ഭാഗ്യവതിയായ ആ കിളി ഏതാണ്? എന്നോട് പറഞ്ഞുകൂടെ? വല്ലാത്തൊരുകൂട്ടം! ഇത്ര വേഗം പൊളിയുമോ?”

—മറുപടി കിട്ടും.

“.... കുസൃതിക്കാരിയായ ആ പച്ചക്കിളിയെ ഞാൻ അമ്മിണി എന്നു വിളിക്കും ഇപ്പൊ മനസ്സിലായൊ?”

— വീണ്ടും എഴുതും.

ദിവസങ്ങൾ കടന്നുപോയി.

ആ പ്രഭാതം അടുത്തുവരികയാണ്. ഹൃദയത്തിൽ കെട്ടിയുണ്ടാക്കിയ സ്നേഹത്തിന്റെ കൂടുപൊളിച്ചു അവൾ പറന്നകലുകയാണ് ......

കഴുത്തിൽ ചിത്രപ്പണികളുള്ള മഞ്ഞബ്ലൌസും വെള്ളപ്പൂക്കൾനിറഞ്ഞ പച്ചപ്പാവാടയും ധരിച്ചു

എന്റെ അമ്മിണി ഒരു വധുവാകാൻ പോകുന്നു......

വെള്ള സാരിയും ഇളംമഞ്ഞ ബ്ലൗസും ധരിച്ച ആ മണവാട്ടിയുടെ കഴുത്തിൽ വരമണം ചാർത്തുന്ന ഒരു പൂമാലവീഴും ....

അങ്ങിനെ അറിയപ്പെടാത്ത ഒരു ഭാഗ്യവാന്റെ നവവധുവായി, നമ്രമുഖിയായ അമ്മിണി, എന്റെ മനസ്സിന്റെ മണിപ്പന്തലിലൂടെ അടിവെച്ചടിവെച്ചുകൊണ്ടു പോകുന്നത് ഞാൻ കാണുന്നു. .....

(എന്റെ അമ്മിണി, നീയിതുവായിക്കുമ്പോൾ കരയുമെന്ന് എനിക്കറിയാം. പക്ഷെ ഞാൻ പറഞ്ഞതു് മറക്കാതിരിക്കുക: നിന്റെ ഒരുതുള്ളി കണ്ണുനീർ വീണാൽമതി എന്റെ ഹൃദയം ദ്രവിച്ചു പോകും....)

മണി രണ്ടരയായി. എക്സ്പ്രസ്സ്ട്രെയിൻ വരാറായി. ആ കോളേജുവിദ്യാർത്ഥിയുടെ ജീവരക്തം കുടിച്ച റയിൽപ്പാളങ്ങൾ ഇപ്പോഴും ദാഹിച്ചുവരളുകയാണ്. ഞാൻ നടക്കട്ടെ......

ആ ചെറുപ്പക്കാരന്റെ ഡയറിക്കുറിപ്പുകൾ ഇന്നും നമ്മളോട് സംസാരിക്കുന്നു. മൂന്നുപ്രാവശ്യം ആരുമറിയാതെ അയാൾ ആ റയിൽപ്പാളങ്ങളെ സമീപിച്ചിരുന്നുവത്രെ. അപ്പോഴെല്ലാം ജീവിതത്തിന്റെ പുഞ്ചിരി അയാളെ വിലക്കി. അയാൾ തിരിച്ചുപോന്നു. വീണ്ടും പോയി. ആ പുഞ്ചിരിയുടെ പ്രകാശം പരിപൂർണ്ണമായി അസ്തമിച്ചപ്പോൾ......

നടക്കുകയല്ല, ഓടി ഹൃദയംനിറയെ മൃതിയടഞ്ഞ പ്രതീക്ഷകളുമായി.........

ആ വാർത്ത പലരിലും ഒരു ഞെട്ടലുണ്ടാക്കി-ചിന്തിപ്പിച്ചു. ചിലർക്ക് ഒരു പുച്ഛമാണുതോന്നിയത്.

നാളത്തെപ്രഭാതം അവരെ വീണ്ടും ഒരു പുതിയവാർത്ത കേൾപ്പിക്കും. ‘ഒരു കോളേജുവിദ്യാർത്ഥി കൂടി ആത്മഹത്യചെയ്തു’.

എന്റെ നല്ലവരായ സുഹൃത്തുക്കളെ, മുഖതാവിൽ പറയാൻ എനിക്കുകഴിഞ്ഞില്ല. നിങ്ങളിൽ ആരേയെങ്കിലും വേദനിപ്പിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ഞാൻ മാപ്പുചോദിക്കുന്നു.
എന്റെ അമ്മിണി,

താരകളുടെ മട്ടുപ്പാവിൽ ഇരുന്നുകൊണ്ട് ഞാൻ അവസാനമായിയാചിക്കുന്നു: “നീ ഒരിക്കലും എനിക്കുവേണ്ടി കരയരുത്.”

വണ്ടിയുടെ ഗർജ്ജനം കേൾക്കാനുണ്ട്. ദാഹിക്കുന്ന റയിൽപ്പാളങ്ങളേ.........,കനത്ത ഇരുമ്പു ചക്രങ്ങളേ.........,

ഞാൻ വരുന്നു.................

കോണിപ്പടികളുടെ ശബ്ദമുയരാതെ പ്രതീക്ഷകളുടെ ശ്മശാനയാത്ര മുന്നോട്ടുനീങ്ങി........

ചിന്തിക്കരാം.

# ബസ്സുയാത്ര

പി. ഇമ്പിച്ചിയിംബാറി, I B. Sc.

ബസ്സുയാത്ര, തീവണ്ടിയാത്ര, വിമാനയാത്ര ഇങ്ങിനെ യാത്രകൾ പലവിധത്തിലുമുണ്ട്. ഇവയിൽ ബസ്സുയാത്രയാണ് ഏറ്റവും സൌകര്യമായിട്ടുള്ളതെന്ന് നിസ്സംശയമല്ലെങ്കിലും, പറയാം. കാരണം പലവിധത്തിലുള്ള അനുഭവങ്ങളുടേയും ആരംഭം ബസ്സിൽനിന്നുണ്ടാവുമെന്ന് കരുതേണ്ടിയിരിക്കുന്നു.

പുതിയബന്ധം സമ്പാദിക്കുക, അതായത് പരിചയപ്പെടുക എന്നതാണ് ഞാൻ ഏറ്റവുമധികം കണ്ടിട്ടുള്ളത്. രാവിലെ ബസ്സ്സ്റ്റാൻഡിൽ നില്ക്കുമ്പോൾതന്നെ പലചോദ്യങ്ങൾക്കും മറുപടി നല്കണം. അവിടെനിന്നും രക്ഷപ്പെട്ട് ബസ്സിൽ കാലെടുത്തുകുത്തിയാൽപിന്നെ പുതിയപരിചയക്കാരുടെ ചോദ്യാരംഭമായി. ഒരു ദിവസം ഒന്നും ആരോടും സംസാരിക്കുകയില്ല എന്നവാശിയോടെ ഇരിക്കുകയായിരുന്ന എനിക്ക് പെട്ടെന്ന് ആ ശാഠ്യം മാറേണ്ടിവന്നു. പുതുതായി ഒരു സ്ത്രീ കയറിവന്നു. വലിഞ്ഞുകേറിഇരുന്നതോ എന്റെ തൊട്ടടുത്തും. എന്നെ നഖശിഖാന്തം നോക്കി ഒരു പുഞ്ചിരിയിട്ടുകൊണ്ട്—പുഞ്ചിരിയോ അതോ കരയാനുള്ള ആരംഭമോ എന്നറിയില്ല—പേർ ചോദിച്ചു. യാതൊരു ഭാവവ്യത്യാസവും കൂടാതെ ഞാൻ മറുപടിപറഞ്ഞുകൊടുത്തു. "—"അടുത്തചോദ്യം:—"എവിടെയ്ക്കാ യാത്ര", ഉത്തരം കൊടുത്തു "—കോളേജ്" "ഏതു് കോളേജിലാണ്, എന്റെസൽസിനെയിലാണോ?" വന്ന ചിരിയടക്കി മറുപടിപറയാൻതന്നെ ഞാൻ തീരുമാനിച്ചു "B Aക്ക്" അപ്രതീക്ഷിതമായ എന്തോ ഒന്ന് കേട്ടതുപോലെ മൂപ്പത്തി ഒന്ന് തലതിരിച്ചു. ഡ്രൈവർ ബസ്സ് നിറുത്തിയതോടെ ആ സംഭാഷണം അവസാനിക്കുമെന്നായിരുന്നു ഞാൻ കരുതിയത്. ബസ്സിലേയ്ക്ക് കടന്നുവന്നത് ഒരു മുസ്ലീം സ്ത്രീയായിരുന്നു കണ്ടക്ടർ ചോദിച്ചു. "എവിടെയ്ക്കാ?"

സ്ത്രീ—"കുട്ടീനെ ആസ്പത്തിരിലു് കൊണ്ടോവാണ്. ഓന് ഒരു ചൊറി."

ദേഷ്യംവന്ന കണ്ടക്ടർ പല്ലിറുമ്മി, "എവിടെയ്ക്കാണെന്ന് ചോദിച്ചാൽ? കുട്ടിയുടെ സുഖക്കേട് ഞാനറിഞ്ഞിട്ടെന്തുവേണം.

'പാവം സ്ത്രീ പിന്നെയും പറയാൻ തുടങ്ങി. "കരുപ്പിന്റെ ആസ്പത്തിരിയിലാണ് എറങ്ങണ്ടത്. ഓന് അറുപ്പൂന്നാണ് സുക്കേട് മാറ്യത്."

ടിക്കററ് മുറിച്ച്കൊടുത്തുകൊണ്ട് പണംചോദിച്ച കണ്ടക്ടർക്ക് വേറൊരു ചോദ്യത്തെ എതിരേല്ക്കേണ്ടിവന്നു.

"കണ്ടക്ടറേ, ഇപ്പോ ബസ്സിന് ചാർജ്ജി അധികമായിക്കണോ"

വന്ന ചിരിയടക്കി കണ്ടക്ടർ 'ഉം' മൂളി.

ഇതെല്ലാം ശ്രദ്ധിച്ചുകൊണ്ടിരുന്ന ഞാനും എന്റെ 'പരിചയക്കാരി'യും പിന്നെയും സംഭാഷണം ആരംഭിച്ചു കഴിഞ്ഞിരുന്നു ഞാനുടുത്ത സാരിയുടെ വിലയെന്തായിരുന്നുവെന്നാണ് അടുത്തചോദ്യം. എന്തോ ഒരു കള്ളവില ഞാനും പറഞ്ഞുകൊടുത്തു. പിന്നെയും വിടാനുള്ള ഭാവമില്ല. തന്റെ ശമ്പളത്തെപ്പറ്റിയായി ചർച്ച "ഞാൻ മദ്രാസിലായിരുന്നപ്പോൾ ഫോർട്ടി ഫൈവ് റുപ്പീസ് ആയിരുന്നു സാലറി. ഇപ്പോൾ ഫിഫ്റ്റിഫൈവ് റുപ്പീസേയുള്ളു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയാണ്. നിങ്ങടെ കോളേജിൽ എത്ര ക്ലാസ്സുണ്ട്" ആളൊരു കിറുക്കിയാണെന്നു മനസ്സിലാക്കിയ ഞാൻ പറഞ്ഞു" എം. എ. എം. എസ്സ്. സി. ബിഎസ്. സി, ഇത്ര ചെറിയൊരു മറുപടി കൊടുത്തതുകൊണ്ടോ എന്നറിഞ്ഞില്ല "പരിചയക്കാരി" കുറഞ്ഞൊന്നടങ്ങിയിരുന്നു "കുട്ടി എന്റെ വീട്ടിലൊക്കെ ഒന്നു വരണം നമ്മുടെ പരിചയമെല്ലാം തുടരാമല്ലോ. ഒഴിവുണ്ടാകുമ്പോൾ ഒന്നങ്ങോട്ടുവരണം."

എങ്ങോട്ടാണെന്നു ഞാൻ ചോദിച്ചില്ല. ചോദിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. അവർ ഇറങ്ങിപ്പോകുകയും ചെയ്തു.

# കണ്ണുനീരണിഞ്ഞ സ്മരണകൾ

കെ. അപ്പുട്ടി, P. U. C.

"നിങ്ങളുടെഅമ്മ പ്രസവിച്ചു. ഇന്നലെരാത്രി. പെൺകുട്ടിയാണ്."

"പൂവേപൊലി, പൂവേപൊലി, പൂവേപൊ ലി പൂവേ"

'മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ"

പ്രശാന്തവും പ്രകാശമാനവുമായ പ്രഭാതം അന്നും വന്നെത്തി. ഞാൻ എഴുന്നേററ് കസേല യിൽ ജനവാതിലിന്നടുത്ത് പുറത്ത് തോട്ടത്തിലേ ക്ക നോക്കിയിരിക്കുകയായിരുന്നു. അപ്പോഴാണ് വീട്ടിലെവേലക്കാരിവന്ന് അമ്മ ഒരു പെൺകുട്ടി യെ പ്രസവിച്ചവിവരം പറഞ്ഞത്.

പെൺകുട്ടി!......അമ്മ വീണ്ടും ഒരു പെൺകു ട്ടിയെ പ്രസവിച്ചു. എനിക്ക് ഒരനുജത്തിയെക്കൂടി സമ്മാനിച്ചിരിക്കുന്നു. ഇതിനുമുമ്പും അമ്മ എനി ക്ക് ഒരു കൊച്ചനുജത്തിയെ സമ്മാനിച്ചിരുന്നു. പക്ഷെ, അവർ......

എനിക്ക് അഞ്ചുവയസ്സ് പ്രായമുള്ളപ്പോഴായി രുന്നു അമ്മ ആദ്യമായി ഒരു കൊച്ചനുജത്തിയെ പ്രസവിച്ചത്. ഒരനുജത്തിയെ ലഭിച്ചതിൽ എ നിക്കുണ്ടായ ആഹ്ലാദം അളവററതായിരുന്നു അവ ൾ വേഗത്തിൽ വളർന്നുവരണമെന്ന് ഞാൻ ഈശ്വ രനോട് പ്രാർത്ഥിക്കാറുണ്ടായിരുന്നു. അവൾ എന്റെകൂടെ കളിക്കുവാൻ, എനിക്കവളെ സ്കൂളി ലേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ തിടുക്കമായി. അവൾ കളിച്ചു വളർന്നുതുടങ്ങി. അവളുടെ ഓരോ ചലനവും എന്റെ ഓർമ്മകളുടെ പുസ്തകത്തിൽ ഇന്നും തെളിഞ്ഞുകിടക്കുന്നു. അവളുടെ ഓരോ കളികളും എത്ര ആനന്ദപ്രദങ്ങളായിരുന്നു. എ ന്നാൽ ഇന്നോ? അവയെക്കുറിച്ചുള്ള സ്മരണകൾ എന്നെ വേദനിപ്പിക്കുകയാണ്.

"ചേട്ടന്റെ കൂടെ ഞാനുമുണ്ട്." ഞാൻ സ ഞ്ചിയും തോളിലിട്ട് മുററത്തേക്കിറങ്ങുമ്പോൾ അവൾ കൊഞ്ചിപ്പറയും. അടുത്തകൊല്ലം ചേട്ട ൻ നിന്നെ കൊണ്ടുപോകാം." ഞാൻ മറുപടി പറയും. അവൾ വാശി പിടിക്കും എന്റെ കൂടെ വരാൻ. ഉടനെ കരയുവാനും തുടങ്ങും. അവൾ കരയുന്നത് എനിക്ക് സഹിക്കാൻ വയ്യ. ഞാൻ പലതും പറഞ്ഞു സമാശ്വസിപ്പിക്കും. "ചേട്ടൻ വൈകുന്നേരം ബിസ്കററ് കൊണ്ടുവരാം." ഞാൻ അവസാനമായി പറയും. അവൾ കരച്ചിൽ നിറു ത്തും. അവൾ കരച്ചിൽ നിറുത്തിയതിനുശേഷമേ ഞാൻ സ്കൂളിൽ പോവാറുള്ളൂ. വൈകുന്നേരം ഞാൻ വരുന്നതും കാത്ത് അവൾ പടിക്കൽ നി ല്ക്കും. എന്റെ കയ്യിലെ പൊതി തട്ടിപ്പറിക്കും. ഞാൻ എല്ലാ ദിവസം ശങ്കരൻനായരുടെ പീടിക യിൽനിന്നു ഈരണ്ടുബിസ്കററ് വാങ്ങിച്ചാണ് വരിക. മാസാവസാനത്തിൽ പണം അച്ഛൻ കൊടുക്കും. വൈകുന്നേരം എന്റെ കൂടെയിരു ന്നാണ് അനുജത്തി കാപ്പി കുടിക്കുക. ഉച്ചക്ക ഊണുകഴിക്കുന്നതും അങ്ങിനെതന്നെ. "ഇവ നും ഒരനുജത്തി" അടുത്ത വീട്ടിലെ കല്യാണി യമ്മ ഇങ്ങിനെ പറയും. ഇവൻ "ഇപ്പോൾ മുമ്പ ത്തേക്കാൾ നല്ലവനായിട്ടുണ്ട്." നല്ലൊരനുജത്തി യെ കിട്ടിയതോടെ ഞാൻ കൂടുതൽ നല്ലവനായി. എനിക്കതു കേൾക്കുന്നതു സന്തോഷമായിരുന്നു.

അന്ന് ഭാരതചരിത്രത്തിലെ അവിസ്മരണീയ മായ ഒരു പുണ്യദിനമായിരുന്നു. ഞങ്ങളുടെ വി ദ്യാലയത്തിലും ഇന്ത്യൻസ്വാതന്ത്ര്യദിനത്തിന്റെ ഏഴാംവാർഷികം ആഘോഷിക്കുകയാണ്. ഞാന നുരാവിലെ നേരത്തെ കുളിച്ചു അമ്മ "ഷർട്ടും" ട്രൗസറും എടുത്തുതന്നു. ഞാൻ എങ്ങോട്ടോ പോ വാനുള്ള പുറപ്പാടാണെന്നു അനുജത്തി മനസ്സി ലാക്കിയിരിക്കണം. അമ്മയുടെ പുറത്തു ചാരി നിന്നുകൊണ്ടു അവൾ കരയാനുള്ള ഭാവമാണ്. എന്റെ കൂടെ വരാനാണ് "കരയേണ്ട. ഇന്നു സ്വാതന്ത്ര്യദിനമാണ്. ഇന്നാരും കരയരുത്." അവൾക്കറിയാമൊ അതെല്ലാം എന്താണെന്ന്? ഞാൻ പറയുകയല്ലാതെ. "അവളെന്തിനാ കര ന്നത്?" അച്ഛന്റെ ചോദ്യമാണ് "അവൾക്കിന്നു അവന്റെ കൂടെ പോകണമത്രെ" അമ്മ പറഞ്ഞു. "ഈശ്വരാ അച്ഛൻ, സമ്മതിക്കണേ" ഞാൻ പ്രാർത്ഥിച്ചു. പ്രാർത്ഥന ഫലിച്ചു. അമ്മ അവളു ഉടുപ്പെല്ലാം അണിഞ്ഞുകൊടുത്തു:

അവൾ എന്റെ കയ്യും പിടിച്ചു വളരെ ... ത്സാഹത്തോടെ പോന്നു. പതാകവന്ദനവു കഴിഞ്ഞു പോരാനായപ്പോഴാണ് ഞാൻ അവ...

കണ്ടത്. അതുവരെ അവൾ പെൺകുട്ടികളുടെ കൂടെയായിരുന്നു. അവൾ ഒരു പൊതിയുമായിട്ടാണ് തിരിച്ചുവന്നത്. "ഇതാരു തന്നു?" ഞാൻ ചോദിച്ചു. അവൾ എന്റെ മുഖത്തേക്ക് നോക്കി പുഞ്ചിരിക്കുകമാത്രം ചെയ്തു. നിഷ്കളങ്കതയുടെ അടിത്തട്ടിൽനിന്നും പുറപ്പെട്ട പുഞ്ചിരി. അതൊരു മിഠായിപ്പൊതിയായിരുന്നു.

വീട്ടിൽ എത്തിയപ്പോഴേക്കും അവൾ പലതും പറയാൻതുടങ്ങി. കുട്ടികൾ അവളോട് പലതും ചോദിച്ചുവത്രെ. സ്കൂളിൽ നടന്നതെല്ലാം അവളുടെ ഭാഷയിൽ അമ്മയോടും അച്ഛനോടും പറഞ്ഞു.

അക്കൊല്ലത്തെ വിദ്യാരംഭദിനമായി. അനുജത്തിയെ എഴുത്തിനിരുത്തണമെന്ന് അച്ഛൻ പറഞ്ഞു. അടുത്തവർഷം മുതൽ അവളൊരു വിദ്യാർത്ഥിനിയാകും. അനുജത്തിയെ കഴിയും വേഗം സ്കൂളിൽ ചേർക്കണമെന്ന അതിയായ ആഗ്രഹം എനിക്കുണ്ടായിരുന്നു. ഞാൻ ദിവസങ്ങളേയും ആഴ്ചകളേയും മാസങ്ങളേയും ശപിച്ചു. അവ! വേഗത്തിൽ നീങ്ങുന്നില്ലല്ലോ എന്നു വിചാരിച്ച്!

വിദ്യാരംഭദിവസം അവളെ അടുത്തുള്ള സരസ്വതീക്ഷേത്രത്തിൽ കൊണ്ടുപോയി. പൂജാരി പറഞ്ഞുകൊടുത്തതൊക്കെ അവൾ പറഞ്ഞു. അച്ഛൻ അന്നുതന്നെ ഒരു സ്ലെയിറ്റും ഒരു ഒന്നാം പാഠം പുസ്തകവും വാങ്ങി. അന്നുമുതൽ ഞാനൊരു അദ്ധ്യാപകനായിമാറി; അനുജത്തിയുടെ മാത്രം. വെറുമൊരു നാലാംക്ലാസ്സുകാരൻ.

അനുജത്തിയെ പഠിപ്പിക്കുന്നതിൽ ഞാൻ വളരെ ശ്രദ്ധവെച്ചു. പഠിക്കുന്നതിൽ അവളും. എത്ര വേഗത്തിലായിരുന്നു അവൾ പഠിച്ചിരുന്നത്! ഞാനുംകൂടി ഇത്രവേഗത്തിൽ പഠിച്ചിരുന്നില്ല!

ആ വിദ്യാഭ്യാസവർഷാരംഭത്തിൽതന്നെ അനുജത്തിയെ സ്കൂളിൽചേർത്തി. അവൾക്കെന്തൊരാഹ്ളാദമായിരുന്നെന്നോ? എനിക്കും ഒട്ടും കുറവായിരുന്നില്ല. അവൾ നേരത്തെതന്നെ അമ്മയെ ബുദ്ധിമുട്ടിക്കുവാൻ തുടങ്ങും ഉടുപ്പിട്ടുകൊടുക്കുവാൻ. പിന്നെ സ്കൂളിൽ പോകുവാൻ തിരക്കുകൂട്ടി.

അക്കൊല്ലത്തെ ഓണക്കാലവും വന്നെത്തി. എന്റെ അനുജത്തിജനിച്ചിട്ട് അഞ്ചാമത്തെ ഓണം. അവൾ സ്കൂളിൽ ചേർന്നിട്ട് ഒന്നാമത്തേതും.

തോടുകളും അരുവികളും കളകളഗാനം പൊഴിച്ചുകൊണ്ട് കുതിച്ചുപായുകയാണ്. സകലസസ്യലതാദികളും പൂവണിഞ്ഞിരിക്കുന്നു. ഞങ്ങൾ ഓണപ്പാട്ടുംപാടി പൂക്കൊട്ടകളും കഴുത്തിൽ തൂക്കിയിട്ടുകൊണ്ട് പൂവിനുവേണ്ടി പരക്കംപായുകയാണ്. പൂവിളികൊണ്ട് അന്തരീക്ഷം മുഖരിതമായി എങ്ങും ആഹ്ളാദത്തിന്റെ അലതല്ലലുകൾ.

അന്നു ഞാനും അനുജത്തിയും കൂടി പൂപറിക്കുവാനിറങ്ങി. "ബാബു, വേഗം വന്നേക്കണം. കുഞ്ഞിനെ ശ്രദ്ധിക്കണേ..."

അച്ഛൻ വിളിച്ചുപറഞ്ഞു.

പൂക്കൾ പൊട്ടിച്ചിരിച്ചുകൊണ്ടു ഞങ്ങളെ സ്വാഗതംചെയ്തു.

"അയ്യോ, അയ്യോ, ബാബേട്ടാ..." ഞാൻ ഒരു ചെറിയ മരത്തിൽ കയറി പൂപറിക്കയായിരുന്നു. അപ്പോഴാണ് അനുജത്തി താഴെനിന്നും കരഞ്ഞത്. ഞാൻ എന്തെന്നില്ലാത്ത പരിഭ്രമത്തോടെ താഴെയിറങ്ങി. ഞാൻ എന്താണു കാണുന്നത്! എന്റെ മുമ്പിൽക്കൂടെയതാ ഒരു ജീവി ഇഴഞ്ഞുപോകുന്നു..... പാമ്പ്!

ഞാൻ അനുജത്തിയെ കൈത്തണ്ടയിലെടുത്ത് വീട്ടിലേക്ക് വേഗത്തിൽ നടന്നു. അവൾ കണ്ണുതുറന്നു എന്നെ നോക്കി. ദയനീയമായ നോട്ടം. കണ്ണുനീർക്കണങ്ങൾ അടർന്നടർന്നു വീണുകൊണ്ടിരുന്നു.

ഇന്നും എനിക്ക് ആ നോട്ടം മറക്കാൻ കഴിയുന്നില്ല. അവസാനത്തെ ആ നോട്ടം. മറക്കാൻ ശ്രമിക്കാഞ്ഞിട്ടല്ല. അതിനു കഴിയുന്നില്ല.

മൂന്നുവർഷങ്ങൾക്കുമുമ്പ് ഒരു ഓണദിവസത്തിൽ എന്റെ സർവ്വസ്വവുമായ അവൾ എന്നെ എന്നെന്നേക്കുമായി വിട്ടുപിരിഞ്ഞു. ഇന്നും ഒരു ഓണദിവസമാണ്. ഞാൻ ഇന്നു പൂപറിക്കുവാൻ പോയിട്ടില്ല. ഈ സുദിനത്തിൽ അമ്മ ഒരു കൊച്ചനുജത്തിയെ തന്നിരിക്കുന്നു.

"ചേട്ടാ." ഞാൻ മുഖമുയർത്തിനോക്കി. "ചേട്ടനെന്തിനാ കരയുന്നത്"

' ഒന്നുമില്ല. നിനക്കെന്താ വേണ്ടത്." ഞാൻ ചോദിച്ചു.

"കുറച്ചു പൂപറിക്കട്ടെ."

"നിനക്കിഷ്ടമുള്ളത്ര പറിച്ചോ"

അടുത്തവീട്ടിലെ ഒരു കൊച്ചുമിടുക്കിയാണവൾ. അതാ, ലത പൂക്കൊട്ടനിറയെ പൂവുമായി നടന്നകലുന്നു. എന്റെ കണ്ണിൽനിന്നും സ്മരണാകുളിഞ്ഞ രണ്ടിറ്റു കണ്ണുനീർ നിലംപതിച്ചു.

# "നിറവേറാത്ത വാഗ്ദാനം"

എസ്സ്. എം. മുഹമ്മദ്കോയ.


സാന്ദ്രമധുരമായ സംഗീതത്തിന്റെ അലയൊലികൾ ആ കല്യാണപ്പന്തലിൽ തിങ്ങിനിന്നു. അന്ന് ഉമ്മുട്ടിയ്ക്കെന്ത് സന്തോഷമായിരുന്നു! സ്നേഹമുള്ള സഖികൾ, ആശംസാവചനങ്ങൾ — സർവ്വത്ര സന്തോഷം തിങ്ങിനില്ക്കുന്ന ആനന്ദസാന്ദ്രമായ അന്തരീക്ഷം. അവൾ ആനന്ദവിഹായസ്സിൽ പാറിപ്പറക്കുകയായിരുന്നു. അവൾ ഒരു ഭാര്യയാവാൻ പോവുകയാണ്. സ്നേഹമുള്ള തന്റെ ഭർത്താവിന്റെ കോമളവദനത്തിൽനോക്കി അവൾക്കയാളോട് ചോദിക്കണം: അയാൾക്ക് തന്നോട് സ്നേഹമുണ്ടോയെന്ന്. പ്രതീക്ഷാനിർഭരങ്ങളായ നിമിഷങ്ങൾ കടന്നുപോവുകയാണ്.

"കബിൽതു....." കല്യാണപ്പന്തലിൽവെച്ചു മുസല്യാർ 'നിക്കാഹ്' കഴിയ്ക്കുകയാണ്. അടുക്കളയിൽനിന്നും ചെമ്പുപാത്രങ്ങളുടെ ശബ്ദം മുഴങ്ങിക്കേൾക്കുന്നു. അങ്ങനെ 'സ്ത്രീധന'ത്തിനു മൂന്നുമാസത്തെ അവധി അനുവദിച്ചുകൊണ്ട് മുഹമ്മദും, ഉമ്മുട്ടിയുംതമ്മിലുള്ള വിവാഹം കഴിഞ്ഞു.

മുഹമ്മദ് — കുറച്ചുവിദ്യാഭ്യാസമുള്ളവനാണ്. വിദ്യാഭ്യാസമുള്ള തന്റെ ഭർത്താവിന്റെ ചോദ്യങ്ങളെന്താണെന്ന് മനസ്സിലാക്കാൻപോലും ഉമ്മുട്ടിയ്ക്ക് കഴിഞ്ഞില്ല. അങ്ങനെ ദാമ്പത്യത്തിന്റെ മഹനീയതയിലേയ്ക്ക് അപ്രമേയമായ ആനന്ദത്തോടും, അനുപമമായ അഭിലാഷത്തോടുംകൂടി ആ നവദമ്പതികൾ അടിവെച്ചു.

*　*　*　*

അവറാൻ — അതാണ് ഉമ്മുട്ടിയുടെ പിതാവിന്റെ പേര്. അവറാനിക്കാക്ക് കാളവണ്ടിയിലാണ് ജോലി. കിഴക്കിന്റെ മുഖം തുടുക്കുമ്പോൾ അവറാനിക്ക എഴുന്നേററ് കാളവണ്ടിയിൽ കയറി അടുത്തുള്ള പട്ടണത്തിലേയ്ക്ക് പുറപ്പെടും. അന്തിമാർക്കൻ അറബിക്കടലിലാറാടുമ്പോൾ അവറാനിക്ക ഈ ലോകത്തിലെ അയാളുടെ ഏക സമ്പത്തായ രണ്ടു മണിക്കാളകളുമായി വീട്ടിലേയ്ക്ക് മടങ്ങും. അയാളുടെ ആ രണ്ട് മണിക്കാളകൾ ജീവസ്സുററവയായിരുന്നു. തങ്ങളുടെ യജമാനനെ കാണുമ്പോൾ അവ ഭക്തിപൂർവ്വം തലയാട്ടും. മണിയുടെ കിലുകിലു നാദവും പുറപ്പെടുവിച്ചു



കൊണ്ട് അടുത്തുള്ള നഗരത്തിലേയ്ക്ക് നിരത്തിലൂടെ പാഞ്ഞുപോവുന്ന അവറാനിക്കയുടെ വണ്ടി കാണുമ്പോൾ മററു വണ്ടിക്കാർക്കയാളോട് വിദ്വേഷമുണ്ടാവാറുണ്ട്. യാതനയുടെ സായകമെറിഞ്ഞുകൊണ്ട് കടന്നുവരുന്ന പ്രാരബ്ധങ്ങളുടെ കറുത്തരേഖകൾ തന്റെ ജീവിതനൌകയുടെ പ്രയാണത്തിന് പ്രതിബന്ധമായിരുന്നു. എന്നാലും അവറാനിക്ക സ്വയം സമാധാനിച്ചു. ജീവിതം സുഖദുഃഖസമ്മിശ്രമാണെന്നയാൾക്കറിയാം.

അവറാനിക്കാക്ക് ഭാര്യയുണ്ട്, ഒരു മകളുമുണ്ട് — ഉമ്മുട്ടി. ഉമ്മുട്ടിയുടെ സന്തോഷമാണ് അയാൾ കാംക്ഷിക്കുന്നത്. ഉമ്മുട്ടിയുടെ ദുഃഖം തന്റേയും ദുഃഖമാണെന്നയാൾ കരുതി. ഉമ്മുട്ടി കരയുന്നത് കാണുമ്പോൾ അവറാനിക്ക ഒരു കൊച്ചുകുഞ്ഞിനെപ്പോലെ പൊട്ടിപ്പൊട്ടിക്കരഞ്ഞുപോവും.

അവറാനിക്കയുടെ കാളവണ്ടിയിൽ സാമാനം കയററിയാൽ എല്ലാററിലും നേരത്തെ അവിടെയെത്തുമെന്ന് ആ ഉൾനാട്ടിലെ ജനങ്ങൾക്കറിയാം. അതുകൊണ്ട് അവർ അടുത്ത പട്ടണത്തിൽനിന്നും സാമാനങ്ങൾ വാങ്ങി അവറാനിക്കയെ ഏല്പിയ്ക്കും. അവറാനിക്ക വണ്ടിയിൽകയറിയിരുന്ന് പണ്ടെങ്ങോ പഠിച്ച ഒരു കെസ്സുപാട്ടും

അധരങ്ങളിൽ മൂളിക്കൊണ്ട് കാളകളെ തെളിക്കാൻ തുടങ്ങും. ആ രണ്ടു മണിക്കാളകൾ കിലുകിലാരവും മുഴക്കിക്കൊണ്ട് ആ ഗ്രാമത്തിലെ ചുകന്ന നിരത്തിലൂടെ ഓടുകയായി. വളരെക്കുറച്ചു മണിക്കൂറുകൾകൊണ്ടു അവറാനിക്കായെ ഏല്പിച്ച സാമാനങ്ങൾ വളരെ സുരക്ഷിതമായി ആ ഉൾനാട്ടിലെ കച്ചവടക്കാരുടെ അടുത്തെത്തും.

വർഷങ്ങൾ പലതു പിന്നിട്ടു. ജീവിതം യാതനയുടെ പ്രതീകമാണെങ്കിലും അയാൾക്കാത്മവിശ്വാസമുണ്ട്. വർഷങ്ങളോടൊപ്പം ഉമ്മുട്ടിയും വളരുകയായിരുന്നു. അടുത്തുള്ള സ്കൂളിൽ ഉമ്മുട്ടിയെ ചേർക്കണമെന്ന് അവറാനിക്കാക്കാഗ്രഹമുണ്ടായിരുന്നു. പക്ഷെ, "കാഫറിന്റെ ബയ്യിക്കൂടി ഞമ്മക്ക് നടന്നൂടാ . അതൊന്നും ഞമ്മക്ക് ബിധിച്ചതല്ലെന്ന് കൂട്ടിക്കോ..."യെന്ന് ആ ഗ്രാമത്തിലെ പള്ളിയിലെ താടി നീണ്ട മുസല്യാർ പറഞ്ഞതോടെ അയാളുടെ അഭിലാഷങ്ങൾ ഒന്നൊന്നായി അടിതെറ്റി നിലം പതിച്ചു. ആ സ്കൂളിൽ പഠിക്കുന്ന എല്ലാ കുട്ടികളും കാഫ്റീങ്ങളാണോ?" അയാൾ ആലോചിച്ചു. "അല്ല. ഒരിക്കലും അങ്ങനെയല്ല." തന്റെ പിതാവൊന്നും സ്കൂളിൽ പോയതായി അവറാനിക്കക്കറിഞ്ഞുകൂടാ. അയാൾ സ്വയം സമാധാനിക്കാൻ ശ്രമിച്ചു. അങ്ങനെ ഉമ്മുട്ടിക്ക് സ്കൂളിന്റെ പടിവാതിൽ കാണാനുള്ള അവകാശംപോലും താടി നരച്ച പൌരോഹിത്യത്താൽ നിഷേധിക്കപ്പെട്ടു.

അവറാനിക്ക തന്റെ കാളവണ്ടിയാത്ര തുടർന്നുകൊണ്ടേയിരുന്നു. പക്ഷെ ഇന്നയാൾക്ക് ആ പഴയ നവോന്മേഷമില്ല., ഉണർവ്വില്ല. ജീവൽസരിത്തിലെ ആ ദുർഘടം പിടിച്ച പ്രയാണത്തിൽ ഉമ്മുട്ടി അവറാനിക്കക്ക് താങ്ങാനാവാത്ത ഒരു ഭാരമായിരുന്നു. ഉമ്മുട്ടീനെ ആരെങ്കിലും പിടിച്ചു കൊടുക്കണം" അതയാളുടെ ജീവിതാഭിലാഷമായിരുന്നു. അതിനുവേണ്ടി മാത്രമായിരുന്നു ഇക്കാലമത്രയും അയാൾ കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരുന്നത്. പക്ഷെ......ആ പക്ഷെക്കുമുമ്പിൽ അയാൾക്ക് തല കുനിക്കേണ്ടതായിവന്നു. അയാൾക്ക് വരുമാനമില്ല.

അന്നും അയാൾ പതിവുപോലെ പ്രഭാതത്തിൽ തന്റെ വണ്ടിയും തെളിച്ചുകൊണ്ട് അടുത്തുള്ള പട്ടണത്തിലേക്ക് പോവുകയായിരുന്നു. ആ 'ചുകന്ന' നിരത്തിൽ ചില തൊഴിലാളികൾ കരിങ്കൽക്കഷ്ണങ്ങളിട്ടടിച്ചുമുത്തുന്നു. അതയാൾ ആ അരണ്ട വെളിച്ചത്തിൽ ദൂരെനിന്നും നോക്കിക്കണ്ടു. അയാളുടെ വണ്ടി അവരെക്കടന്നുപോയി.

പെട്ടെന്നു പിന്നിൽനിന്നും ഒരു ശബ്ദം! "നില്ക്കവിടെ!" കാക്കിയുടുപ്പുധരിച്ച ഒരു പോലീസുകാരൻ ഗർജ്ജിച്ചു. അയാളറിയാതെതന്നെ വണ്ടി അവിടെ നിന്നുപോയി. "ഇന്നുമുതൽ ഈ നിരത്ത് നന്നാക്കിക്കഴിയുന്നതുവരെ വാഹനങ്ങൾ ഓടുന്നത് നിരോധിച്ചിരിക്കുന്നു." അയാളുടെ സകല നാഡികളും തളർന്നുപോയി. ജീവിതാഭിലാഷങ്ങൾ നിലംപതിക്കുകയാണ്. കാളവണ്ടി യുഗത്തെയും പിന്നിട്ടുകൊണ്ടു ആ ഗ്രാമം പുരോഗമിക്കുകയാണത്രെ! അയാൾ തന്റെ വണ്ടി പുറകോട്ട് തിരിച്ചു വീട്ടിലേക്ക തെളിച്ചു. അവറാനിക്ക തന്റെ പ്രിയപ്പെട്ട ആ രണ്ട് മണിക്കാളകളെ വണ്ടിയിൽനിന്നും അഴിച്ച് തൊഴുത്തിൽ കൊണ്ടുപോയി കെട്ടി. അവ പതിവുപോലെ കൊമ്പുകൾ കുലുക്കിക്കൊണ്ടു തങ്ങളുടെ യജമാനനോട് അവയുടെ ഭൃത്യാദരവുകൾ പ്രകടിപ്പിച്ചു.

റോഡുപണി പുരോഗമിച്ചുകൊണ്ടേയിരുന്നു. തൊഴിലാളികൾ തങ്ങളുടേതെന്ന ബോധത്തോടുകൂടി കഠിനാദ്ധ്വാനം ചെയ്തു. അവർ റോഡിൽ ചരലൊഴിക്കുമ്പോൾ അവറാനിക്കായുടെ ഹൃദയത്തിൽ അഗ്നിസ്ഫുലിംഗങ്ങൾ ആളിക്കത്തുകയായിരുന്നു.

അവറാനിക്ക ആത്മാർത്ഥതയോടുകൂടി പണിയെടുത്തു. പക്ഷെ അയാൾക്കൊന്നും സമ്പാദിക്കാൻ കഴിഞ്ഞില്ല. കാലത്തിന്റെ തിരയടിയിൽ ഉമ്മുട്ടി വളരുകയായിരുന്നു. ആ ജീവനുള്ള രണ്ടു നയനങ്ങളിലേക്ക് നോക്കുമ്പോൾ അയാളിൽ ശോകം നുരച്ചുപൊന്തിയിരുന്നു.

"ഉമ്മുട്ടിനെ ഒരു ശൊങ്കൻ കുട്ടീനെക്കൊണ്ട് കെട്ടിച്ചുണം. പ്രായംതെകഞ്ഞ പെണ്ണിനെ പെരീല് വെച്ചീക്ക്ണത് ഞിണി ദോസാ." ആ പ്രശ്നം അയാളുടെ മുമ്പിൽ ഫണമുയർത്തിനില്ക്കുകയാണ്. അയാൾക്ക് പണമില്ല. പണമില്ലാത്ത മനുഷ്യന്റെ മകൾക്ക് ഭർത്താവിനെ കിട്ടുമോ?

രണ്ടുമൂന്നു വിവാഹാലോചനകൾ അവറാനിക്കായുടെ മുമ്പിൽ വന്നിരുന്നു. എന്നാൽ പണത്തിന്റേയും പ്രതാപത്തിന്റേയും പേരിൽ അവ അലസിപ്പിരിയുകയാണുണ്ടായത്. അങ്ങനെ അവസാനമായാണ് ദല്ലാൾ കുഞ്ഞിപ്പോക്കരൊക്ക അയാളെ സമീപിച്ചത്. ആ കാര്യം അയാൾക്ക് നന്നായിത്തോന്നി. മുഹമ്മദ്— തന്നെപ്പോലെ പാവപ്പെട്ട ഒരുവന്റെ മകൻ. അങ്ങനെ മുഹമ്മദും, ഉമ്മുട്ടിയും തമ്മിലുള്ള വിവാഹം നിശ്ചയിക്കപ്പെട്ടു.

അവറാനിക്കായുടെ കയ്യിൽ പണമില്ലായിരുന്നു. അയാളവസാനമായി തന്റെ ഈ ലോകത്തെ ഏകസമ്പത്തായ കാളകളും, വണ്ടിയും വില്ക്കാൻ തന്നെ നിശ്ചയിച്ചു. "എങ്ങനെയെങ്കിലും …ക്കുട്ടീനെ കെട്ടിക്കണം" എന്ന ആ മഹത്തായ കാര്യമാണയാൾക്കതിന്നു പ്രചോദനം നല്കിയത്.

ഇരുനൂറ് രൂപായ്ക്ക് കാളകളും വണ്ടിയും അയമുവിന്നു വില്ക്കപ്പെട്ടു. ആ കാളകൾ രണ്ടും അവസാനമായി മണിനാദവും പുറപ്പെടുവിച്ചുകൊണ്ട് പടിയിറങ്ങിപ്പോവുമ്പോൾ തങ്ങളുടെ സ്നേഹബഹുമാനങ്ങൾ അവറാനിക്കായ്ക്ക് സമർപ്പിക്കാൻ മറന്നുപോയില്ല. അയാളവസാനമായി നിറഞ്ഞ കണ്ണുകളോടെ അവയെ യാത്രയാക്കി. ആ വണ്ടി ദൃഷ്ടിയിൽനിന്നും മറയുന്നതുവരെ വേദനാനിർഭരമായ ഹൃദയത്തോടെ അവറാനിക്ക അവയെത്തന്നെ നോക്കിനിന്നു. അയാൾ ദുഃഖം സഹിക്കാനാവാതെ ഉമ്മറത്തെ കട്ടിലിൽ മറിഞ്ഞു വീണു. അയാൾ കരയുകയായിരുന്നു. ജീവിതത്തിലെപ്പോഴെങ്കിലും കരഞ്ഞതായി അയാൾക്കോർമ്മയില്ല. ഇനി അയാൾക്കവകാശപ്പെടാൻ ഈ ലോകത്തെന്തുണ്ട്?

*   *   *   *

മൂന്നു മാസവും കഴിഞ്ഞു. അവധിപ്രകാരം 'സ്ത്രീധനം' കൊടുക്കാൻ അവറാനിക്കാക്ക് കഴിഞ്ഞില്ല. എല്ലാ വാതിലുകളും അയാൾക്കുമുമ്പിൽ അടയ്ക്കപ്പെട്ടു. അപ്പോഴും അറബിക്കടലിലെ തിരമാലകൾ ആഞ്ഞടിച്ചുംകൊണ്ടിരുന്നു. അവ കരയിലെ എന്തോ ഒന്നിനെ എത്തിപ്പിടിക്കാനെന്നോണം കരയിലേയ്ക്ക് ആഞ്ഞടുക്കുകയാണ്. അവ അവയുടെ ശ്രമത്തിൽ പരാജയപ്പെട്ട് കടലിലേയ്ക്ക് നീങ്ങിയുമിരുന്നു. എങ്കിലും അവ അവയുടെ ശ്രമം തുടർന്നുംകൊണ്ടേയിരിക്കുന്നു.

......പാതിരാത്രി കഴിഞ്ഞു. ഒരു രൂപം ആ കടൽപ്പുറത്തെ പുഞ്ചിരിക്കുന്ന മണലിലൂടെ വടക്കോട്ടു നീങ്ങി. "പ്ളും." അഴിമുഖത്ത് എന്തോ ഒന്ന് ചാടിയ ശബ്ദം! എല്ലാം നിശ്ശബ്ദം. പിറേറന്ന് തെക്കേ കടപ്പുറത്ത് അവറാനിക്കയുടെ ശവശരീരം അടിഞ്ഞുകയറി. സ്ത്രീധനത്തിന്റെ ചെന്തീയിൽ കരിഞ്ഞ ഒരാത്മാവിന്റെ ഹൃദയം ആ ശരീരത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നില്ലേ? അയമുവിന്റെ കാളവണ്ടി മണിനാദവും പുറപ്പെടുവിച്ചുകൊണ്ട് ആ താറിട്ട റോഡിലൂടെ കടന്നുപോയി; പിന്നാലെ ഭൂർ...ഭൂർ...ഭ്രൂ...ശബ്ദമുഴക്കം കൊണ്ട് ഒരു ലോറിയും.

# ഒരു യാത്രയുടെ അവസാനം

നാലകത്ത് പുളിക്കൽ

ഞാൻ എത്തിനോക്കി. കൊല്ലങ്ങൾക്കും നൂറ്റാണ്ടുകൾക്കും അപ്പുറത്തേക്ക്. ചരിത്രപ്രസിദ്ധമായ പരിശുദ്ധമക്കായിലെ ഒരു പർവ്വതത്തിന്റെ മുകളിൽവെച്ച് നടന്ന സംഭവത്തിലേക്ക്! തൌഹീദിന്ന് വേണ്ടി ഒരു സി. ഐ. ഡി. സംഘം ധീരധീരം പോരാടി മരണമടഞ്ഞ ചരിത്രകഥയിലേക്ക്. ബദറിൽ ഖുറൈശിനേതാക്കളുടെ തലകൾ കൊയ്തെടുത്ത കരങ്ങളുടെ വേദനയൂറുന്ന കഥയിലേക്ക്!

ബദറിൽ ഘോരസമരം അവസാനിച്ചു. മുസ്ലിം സൈന്യം വമ്പിച്ച അറേബ്യൻസൈന്യത്തെ പരാജയപ്പെടുത്തി. പണവും, പ്രതാപവും, സത്യത്തിന്നും, നീതിക്കും വഴിമാറിക്കൊടുത്തു. തീപ്പൊരിപാറുന്ന വാളുകളും ചീറിപായുന്ന കുതിരകളും തൌഹീദിന്റെ മുമ്പിൽ മുട്ടുകുത്തി. ബദറിൽ ഖുറൈശിതലവന്മാരുടെ മിക്കതലകളും വെട്ടിവീഴ്ത്തി. ബാക്കിയുള്ളനേതാക്കളെ അറസ്റ്റ് ചെയ്തു. ശത്രുക്കളുടെ അടുത്തപരിപാടി അറിയണം. നബിതിരുമേനി പത്ത് സി. ഐ. ഡി. ഉദ്യോഗസ്ഥന്മാരെ മക്കയിലേക്കയച്ചു. സംഘത്തെ നയിച്ചിരുന്നത് അൻസാരി തറവാട്ടിലെ ധീരതയുടെ അവതാരമായ "ഹാസിമുബ്നുസാബിത്താ" യിരുന്നു. മുഹമ്മദ്മുസ്തഫ ജനിച്ചുവളർന്ന രാജ്യത്തേക്കാണവർ പോകുന്നത്. തുണയും ഇണയുമില്ലാത്ത ആ പ്രവാചകപുംഗവനെ നിഷ്ഠൂരങ്ങളായ മർദ്ദനങ്ങളെക്കൊണ്ട് ആട്ടിയോടിച്ച മക്കാരാജ്യത്തിലേക്ക്. ബദറിലെ ചുട്ടുപഴുത്ത മണൽത്തരികൾക്ക് ഖുറൈശിനേതാക്കളുടെ നിണംസംഭാവനചെയ്ത കരങ്ങളാണാപോകുന്നതും.

ഹാസിമും, പാർട്ടിയുംയാത്രതിരിച്ചു. കല്ലുകളും മുള്ളുകളും നിറഞ്ഞ വഴിയെപിന്നിട്ടുകൊണ്ട് ഒരു നീണ്ടരാത്രികൊണ്ടവർ മക്കായുടെ പുറത്തുകിടക്കുന്ന താഴ്വരയിലെത്തി. അതാ നൂറോളംപേർ നടന്നുപോകുന്നു കൈകളിൽ വില്ലുകളുമുണ്ട് ഹാസിം സന്ദർഭം കളഞ്ഞില്ല. അവരുടെ കാല്പാടുകൾ നോക്കി പിൻതുടർന്നു. വില്ലാളികൾ നടന്നകന്നു; ഒരു ഖുറാൻപർവ്വതത്തിന്റെ അടിയിലേക്ക്. അവർ ഭക്ഷണംകഴിക്കുകയാണ്. ഹാസിം തന്റെ കീഴുദ്യോഗസ്ഥന്മാരോട് അവരുടെ സംഭാഷണം കേൾക്കത്തക്കനിലയിൽ ഒളിച്ചിരിക്കുവാൻ കല്പനകൊടുത്തു. എല്ലാവരും അതനു
സരിച്ചു. നിർഭാഗ്യം: ഇവരുടെപ്രവൃത്തി വില്ലാളി
കളറിഞ്ഞു. അവരെ പിൻതുടർന്നു. ഇപ്പോൾ ശ
ത്രുക്കളുടെഉന്നം തങ്ങളാണെന്ന് ഹാസിം മനസ്സി
ലാക്കി. അവർ അവിടെക്കണ്ട മലമുകളിലേക്ക്
കുതിച്ചുകയറി. അവിടെയുംരക്ഷയില്ല ശത്രുക്കൾ
വരെ നാലുഭാഗത്തുനിന്നും വലയംചെയ്തു. അവർ
വിളിച്ചുപറഞ്ഞു "നിങ്ങളിങ്ങോട്ടിറങ്ങിവരിക.
ആരെയും കൊല്ലുകയില്ല. എല്ലാവർക്കും അഭയം
തന്നിരിക്കുന്നു." അതിനുത്തരമായി ഹാസിം
പറഞ്ഞു "ഞാനൊരവിശ്വാസിയുടെ കരങ്ങളിൽ
അഭയം തേടുവാൻ തെയ്യാറില്ല." ശുണ്ഠിപിടിച്ച
വില്ലാളികൾ അമ്പയക്കാൻ തുടങ്ങി. തൌഹീദി
ന്നുവേണ്ടി പടക്കളത്തിലിറങ്ങിയ ആ ധീരരായ
യുവാക്കൾക്ക് ഇതൊരുപുത്തരിയല്ലായിരുന്നു. ശി
ർക്കിന്റെ ശ്രീകോവിലിൽകയറി താണ്ഡവനൃത്തം
ചവിട്ടിയിരുന്ന ഖുറൈശിപ്രമാണിമാരെ വെട്ടി
വീഴ്ത്തിയ അവരുടെകൈകൾക്ക് ഇതൊരു പുതുമ
യല്ലായിരുന്നു. ഒട്ടും താമസിച്ചില്ല. പിന്നീടവി
ടെ നടന്നത് ജീവിതവും മരണവും തമ്മിലുള്ള
ഉഗ്രപോരാട്ടമായിരുന്നു. അവിടെ രക്തക്കളമാ
യി. നായകൻ ഹാസിം അമ്പുകൊണ്ടു മറിഞ്ഞു
വീണു അദ്ദേഹം അവസാനമായി പ്രാർത്ഥിച്ചു
"ഞങ്ങളെപ്പറ്റി ദിന്റെ ദൂതന്ന് അറിയിച്ചുകൊ
ടുക്കണമെ.! ദൈവമെ!" ശവത്തിന്റെ നീണ
ഘോഷയാത്ര. ജീവൻവലിച്ചെറിഞ്ഞു പോരാടി
യവരിൽനിന്ന് മൂന്നാളുകൾമാത്രം ബാക്കിയായി

പ്രസ്തുത മൂന്നാളുകൾ വില്ലാളികളുടെ കര
ന്നേൽ അങ്ങോട്ട ഇറങ്ങിചെന്നു. ചെന്ന ഉട
അവരുടെ കൈകൾ ബന്ധിച്ചു. ഇത് കണ്ട്
വരിലൊരാൾ പറഞ്ഞു. "ഇതുതന്നെ ആദ്യത്തെ
വഞ്ചന. ദൈവത്താണെ ഞാനില്ല നിങ്ങളോടൊ
പ്പം. എന്റെ നേതാവ് ഹാസിം മരിച്ചതുപോ
ലെ ഞാനും മരിക്കാനാഗ്രഹിക്കുന്നു" ശത്രു
പലതും പറഞ്ഞുനോക്കി. പ്രവർത്തിച്ചുനോക്കി
ആ ധീരനായ മനുഷ്യൻ അനങ്ങിയില്ല. കലു
യില്ല. അനന്തരമവർ ആ ദൈവവിശ്വാസിയെ
രക്തവും മാംസവുമുള്ള ആ മനുഷ്യനെ കല്ലു
ള്ളും നിറഞ്ഞ മണൽക്കാട്ടിലൂടെ വലിച്ചി
പ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളടഞ്ഞുപോ

ബാക്കിയുള്ള രണ്ടാളുകൾ സൈദബിൻ ദസനത്തയും, ബദറിൽ ഖുറൈശി തലവന്മാരുടെ തലകൾ അരിഞ്ഞെടുത്ത ഖുബൈബ് (റ)യുമായിരുന്നു. രണ്ടുപേരേയും വില്ലാളികൾ ചന്തയിലേക്കു കൊണ്ടുപോയി. അവിടെവെച്ച് ലേലംചെയ്തു വിററു. മാക്കററിൽ മുഹമ്മദിൻെറ മതക്കാരാണെന്നു പറഞ്ഞാൽ എത്ര തുകയും കിട്ടുന്ന കാലമായിരുന്നു അത്. ഖുബൈബ് (റ) വിറെറ വാങ്ങിയത് ഹാരിസിൻെറ മക്കളായിരുന്നു. ഹാരിസ് ഖുറൈശിതറവാട്ടിലെ വലിയ പണക്കാരനും അറബികളുടെ മുടിചൂടാമന്നനുമായിരുന്നു. ബദറിൽ വെച്ച് ധീരനും അഭിമാനിയുമായ ആ മുസൽമാനായിരുന്നു ഹാരിസിൻെറ തലയെടുത്തത്. അവരദ്ദേഹത്തെ ബന്ധിച്ചു ഒരു മുറിയിലിട്ടു കൊല്ലാൻ തീരുമാനിക്കുകയും ചെയ്തു. ഖുബൈബിനെ കൊലചെയ്യേണ്ടുന്ന അവധി അടുത്തെത്തി. അദ്ദേഹം ഹാരിസിൻെറ ഒരു പുത്രിയിൽ നിന്നും ഒരു കത്തിവാങ്ങി. 'അണ്ടർശൈവിങ്ങി'നുവേണ്ടി ജോലിയെല്ലാം കഴിഞ്ഞു അദ്ദേഹം ഒരു കസേരയിലിരിക്കയായിരുന്നു. ഹാരിസിൻെറ മകളുടെ ഒരു ചെറിയ കുട്ടി ഉരുണ്ടുരുണ്ടു വന്നു അദ്ദേഹത്തിൻെറ മടിയിലിരുന്നു. ഖുബൈബിൻെറ കൈയ്യിൽ നിവർത്തിപ്പിടിച്ച കത്തിയുമുണ്ട്. കുട്ടിയുടെ മാതാവ് വന്നപ്പോൾ ഈ രംഗമാണ് കണ്ടത്. അവർ പറയുകയാണ് "ഞാൻ പേടിച്ചുവിറച്ചു സ്തംഭിച്ചുനിന്നുപോയി" പരിഭ്രമം കണ്ട ഖുബൈബ് ചോദിച്ചു "ഈ കൊച്ചുകുഞ്ഞിനെ ഞാൻ കൊല്ലുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ? ഇല്ല ഒരിക്കലും ഞാനതു പ്രവർത്തിക്കില്ല. അയാളെപ്പററി അവർ പറയുകയാണ് "ഒരു നല്ല മനുഷ്യനാണ് ഖുബൈബ്. സത്യമാണ്. ഞാനൊരുദിവസം അദ്ദേഹത്തിൻെറ കൈയിൽ പച്ചമുന്തിരിയുടെ കുല കാണുകയുണ്ടായി. അക്കാലത്തു എവിടെയും പച്ചമുന്തിരി ഉണ്ടാകുകയില്ല. അതു അല്ലാഹു അദ്ദേഹത്തിനു നൽകിയൊരു രിസ്ക്കായിരുന്നു."

ഖുബൈബിനെ കൊലക്കളത്തിലേക്കാനയിച്ചു. ആ ദൈവവിശ്വാസി അവസാനമായി ഒരാഗ്രഹം പ്രകടിപ്പിച്ചു. അതു രണ്ടുറക്കത്ത് നമസ്കരിക്കണമെന്നായിരുന്നു. നമസ്കാരം കഴിഞ്ഞു തിരിഞ്ഞുനിന്ന ഖുബൈബ് പറഞ്ഞു "ഞാനൊരു ഭീരുവാണെന്നു നിങ്ങൾ സംശയിക്കും. ഇല്ലെങ്കിൽ എനിയും നമസ്കരിക്കുമായിരുന്നു. "ആ മരണശയ്യയിൽവെച്ചയാളുടെ ആവശ്യമായിരുന്നു. ലോകനാഥാ! ശത്രുക്കളുടെ എണ്ണത്തെ നീ കുറച്ചുകൊടുക്കണം. ശത്രുക്കളൊരുംകൊണ്ട് ആരെയു ബാക്കിയാക്കരുത്."

അങ്ങിനെ ഖുബൈബ് മറെറാരു രാജ്യത്തിലേക്ക് പോകുവാൻവേണ്ടി ധൃതിയിൽ കൊലമരത്തിലേക്കുകയറിച്ചെന്നു. അവസാനമായയാളുടെ കണ്ഠങ്ങളിൽനിന്നുയർന്നുകേട്ടത് ഒരു കവിതയായിരുന്നു "ഞാനൊരു മുസൽമാനായിട്ടാണ് കൊല്ലപ്പെടുന്നത്. അതെ—ദൈവത്തിൻെറ മാർഗ്ഗത്തിൽ. അതിലെനിക്ക് വ്യസനമില്ല. വേണമെങ്കിൽ ചിന്നിച്ചിതറിയ എല്ലുകൾ കൂട്ടിയിണക്കുവാൻപോലും അവന്ന് സാധിക്കും" ശേഷം ഉഖ്ബത്തുബ്നുഹാരിസ് അയാളുടെ കഴുത്തുവെട്ടി. ജീവൻ ബലികൊടുത്ത ഖുബൈബ് (റ ലോകമുസൽമാന് എന്നെന്നേക്കുമായി നൽകിയ ഒരു സന്ദേശമുണ്ടായിരുന്നു.

## "സബിറുസ്സലവാത്ത്"—

പ്രസ്തുതസംഘത്തെ നയിച്ചിരുന്ന ഹാസിം കൊല്ലപ്പെട്ടതായി ഖുറൈശികളറിഞ്ഞു. അവർ മലമുകളിലേക്കു കുതിച്ചു; അയാളുടെ ശരീരത്തിൽ നിന്ന് അടയാളമായി എന്തെങ്കിലും കൊണ്ടുവരുവാൻ! ബദർരണാങ്കണത്തിൽ പ്രസിദ്ധഖുറൈശി നേതാവിൻെറ തല ഉടലുമായി വേർതിരിച്ചത് അയാളുടെ മിന്നിത്തിളങ്ങുന്ന ഖഡ്ഗമായിരുന്നു. ഹാസിമിനെ തൊടാനവർക്കു കഴിഞ്ഞില്ല. അവർ ഞെട്ടിത്തെറിച്ചു പുറകോട്ടുമാറി. കാരണം അല്ലാഹു അയച്ച തേനീച്ചകൾ കൂക്കയെപ്പോലെ അയാളെ കെട്ടിപ്പിടിച്ചു കാത്തിരിക്കുകയായിരുന്നു.

ഇതൊരു യാത്രയുടെ അവസാനമല്ലേ!

# "പാമ്പും കീര്യും പായുംപോലെ"

ഒ. കെ. ഗോപ്പൂർ, II B. Sc.



കരളലിയിക്കുന്ന കണ്ണീരിൻെറ ഗാനം. ഹൃദയത്തിൻെറ ലോലഭിത്തികളെ കുത്തിനോവിക്കുന്ന കദനത്തിൻെറ കഥ. മസ്തിഷ്കമണ്ഡലത്തിൻെറ അഗാധതയോളം ചെന്നു പ്രതിധ്വനിക്കുന്ന വേദനാപൂരിതമായ നാദം!

ഹാവൂ! ആലിക്കുട്ടിക്കതൊട്ടും ഇഷ്ടപ്പെട്ടില്ല. പെട്ടെന്നു സ്റ്റേഷൻ മാററി. അടുത്തുള്ള ഈസിചെയറിലേക്കു ചരിഞ്ഞു. ജീവിതത്തിൻെറ മറുവശം പ്രത്യക്ഷപ്പെടുകയാണ്.

അതെ— സന്തോഷസമാധാനസമ്പൂർണ്ണമായ സംഗീതം വേദനയുടേയോ യാതനയുടെയോ ഒരു നേരിയ നിഴൽപോലുമെത്തിനോക്കാത്ത സുന്ദരകോമളമധുരമനോഹരമായ നാദം. അതും ശുദ്ധമായ സുന്ദരവായുവിൽ തത്തിക്കളിക്കുകയാണ്. കളുടിച്ചു ചിരിച്ചാനന്ദിച്ചുല്ലസിക്കുന്ന മധുരപ്പതിനേഴിൻെറ മാദകസംഗീതം.

അതാണാലിക്കുട്ടിക്കു കേൾക്കേണ്ടത്. അല്ലാതെ; വേദനാനിർഭരമായ വിഷാദഗീതികൾകൊണ്ടെന്തു കാര്യം. ജീവിതം മധുരമാണ്. മദാലസമാണ് മോന്തിമോന്തിക്കുടിക്കാനുള്ള മധുരപാനീയമാണ്. അതാവോളം; തത്തിക്കളിച്ചാടിപ്പാടി കുടിച്ചുകൊണ്ടുതന്നെ തീർക്കണം. അതവൻെറ ജീവിതത്തിൻെറ തത്വശാസ്ത്രമാണ്.

അല്ലെങ്കിലെന്തിനു സന്തോഷിക്കാതിരിക്കണം. പക്ഷിമൃഗാദികളെന്നല്ല, വൃക്ഷലതാദികൾകൂടി ആനന്ദസന്തോഷസാമ്രാജ്യത്തിലാറാടുകയാണ്. അപ്പോൾ മനുഷ്യൻ മാത്രമെന്തിനു കണ്ണീർകയത്തിൽ മുങ്ങിച്ചാവണം. റേഡിയോവിലൂടെ അടിച്ചുയരുന്ന മാദകസംഗീതത്തിനനുസരിച്ചു ചൂളം വിളിച്ചുകൊണ്ടവൻ പുറത്തേക്കുനോക്കി.

അവിടെയും ആഹ്ലാദത്തിൻെറ വേലിയേറ്റമാണ്. അവൻെറ 'കൊച്ചുകീരി'യതാ ചാടുന്നു, ഓടുന്നു, പായുന്നു, വീണ്ടുമോടുന്നു, മരത്തിൽ മണ്ടിക്കയറുന്നു. ചില്ലതോറും ചാടിക്കളിക്കുന്നു. സന്തോഷത്തിൻെറ പ്രതീകമായ മുദ്രാവാക്യമതിനു സാന്ദ്രത കൂട്ടുകയാണ്. കീ...കീ...

അത് കൺകുളിർക്കെക്കണ്ടാനന്ദിക്കുന്നതിൽ ആലിക്കുട്ടിക്കൊരു പ്രത്യേകസന്തോഷമുണ്ട്. അവൻെറ സുഹൃത്തു കലാനാഥൻ അവൻെറ കീരിയുമായി സല്ലപിച്ചുല്ലസിച്ചത് കണ്ടതുമുതൽ ഭ്രമമാണ്. കീരിഭ്രാന്ത്. വളരെ ക്ലേശപ്പെട്ടെങ്കിലും അവനും ഒരു കീരിയെ സ്വന്തമാക്കി. പരിചയിക്കാൻ വളരെക്കാലമെടുത്തു. പക്ഷെ ഇന്നവർ രണ്ടുപേരുമൊന്നായിരിക്കയാണ്. ചുരുക്കത്തിൽ ആലിക്കുട്ടിയെ കാണണമെങ്കിൽ കീരിക്കുട്ടിയോടന്വേഷിച്ചാൽ മതിയാവും. അങ്ങനെയവർ വിട്ടുപിരിയാത്ത സുഹൃത്തുക്കളായി.

ആ ചാട്ടവും ആട്ടവും കണ്ടു ആലിക്കുട്ടി പെട്ടെന്നു ശബ്ദിച്ചു,

"കീരി;......കീ......കീ......"

കേട്ടിട്ടെന്നോണം താഴ്ന്ന ചില്ലയിൽനിന്നു കീരി തലയുയർത്തിനോക്കി. ഉടിച്ചു ഉരത്തോടെ ചില്ലിതോറും ചാടിച്ചാടി കാട്ടിൻതട്ടിലേക്കൊരു ചാട്ടം. അരനിമിഷം. ചുരുക്കം ജനലും ചാടിക്കടന്നു കീരിക്കുട്ടി ആലിക്കുട്ടിയുടെ മടിയിൽ!

ഇനിയവരുടെ നർമ്മസല്ലാപമാണ്. ആടിപ്പാടി രസിക്കുമ്പോൾ ....അവിടെ മററാരുടെയും ഉപദ്രവം പാടില്ല റേഡിയോവിൽനിന്നടിച്ചുയർന്നുകൊണ്ടിരുന്ന മധുരസംഗീതം പെട്ടെന്നു നിർത്തപ്പെട്ടു. അപ്പോൾ രണ്ടു നേരിയ ശബ്ദങ്ങളവിടെ പ്രതിധ്വനിച്ചു.

"കീ......കീ..... "

* * * * *

"മ്യാ ഊ മ്യാ ഊ പൂച്ചക്കുട്ടി
ബൌ ബൌ നായക്കുട്ടി

കീ കീ കീരിക്കുട്ടി''

കീരിക്കുട്ടിയെ ഒരു മാതളമരക്കൊമ്പിൽ രണ്ടു കാലിൽനിർത്തിക്കൊണ്ടു ആലിക്കുട്ടി പാടുകയാണ്. പാട്ടിന്നനുസരിച്ചു കീരിക്കുട്ടി തലയാട്ടിക്കളിക്കുകയാണ്. പെട്ടെന്നു കൈവിട്ടപ്പോൾ കീരിക്കുട്ടി മറെറാരുകൊമ്പിലേക്കു ചാടി. ആലിക്കുട്ടി മരമൊന്നായിക്കുലുക്കി. 'കൊച്ചുകുട്ടൻ' വീണ്ടും തൂങ്ങിപ്പോയി.

''ച്ച്ളിം; ച്ച്ളിം......''

അടുത്ത തേന്മാവിൽനിന്നൊരണ്ണാൻ ചിലച്ചു.

''കീ......കീ......''

കീരിക്കുട്ടിയുടെ താക്കീത്.

''ച്ച്ളിം......ച്ച്ളിം......''

അണ്ണാൻ വീണ്ടും ശബ്ദിച്ചു. ഓ കീരിയുടെ ശബ്ദം കേട്ടിട്ടും നിർത്തിയില്ലേ. അതവനെ കളിയാക്കുകയാണോ. ദേഷ്യം പിടിച്ചു കൊച്ചുകീരി വില്ലുതോറും ചാടിതേന്മാവിലേക്കൊരുചാട്ടം. പേടിച്ചരണ്ട അണ്ണാൻ ജീവനുംകൊണ്ടോടി. കീരി പിന്നിൽക്കൂടി. അണ്ണാൻ നിലത്തുവീണു. കീരിക്കുട്ടി നിലത്തേക്കു ചാടി.

''ഔ......ഔ......''

അടുത്ത വീട്ടിലെ ആറും സേഷൻകൊച്ചുകീരിക്കു നേരെയൊരു ചാട്ടം. കീരിയൊരു മറച്ചിൽ അണ്ണാനൊരു പാച്ചിൽ.

അണ്ണാൻ തെങ്ങിൻെറ തുമ്പിലെത്തിക്കഴിഞ്ഞു. നായ കീരിക്കുനേരെ ചാടുകയാണ്. കീരി മറിഞ്ഞുചാടി രക്ഷപ്പെടാനുള്ള ശ്രമത്തിൽ. പെട്ടെന്നു മരത്തിലേക്കു ചാടിയ ചാട്ടം. നായയൊരു തട്ട്. കീരി മറിഞ്ഞുവീണു. നായ വീണ്ടുംചാടി. കടിച്ചു; കടിച്ചില്ല!

'ളം......'

ആലിക്കുട്ടിയെറിഞ്ഞ കല്ലതിൻെറ തലതകർത്തു. നായ മറിഞ്ഞുവീണു. കീരിക്കുട്ടി മറിഞ്ഞുവെട്ടിയൊരു ചാട്ടം. നായയുടെ വാല് കഷ്ണം രണ്ടായി

'ഔ......'

നായ എതിർത്ത് ചാടിയപ്പോഴേക്കും കീരിക്കുട്ടൻ രക്ഷപ്പെട്ടുകളഞ്ഞു. എങ്കിലും...ഉയർന്നകൊമ്പിലെത്തിയിരുന്ന അണ്ണാൻ അപ്പോഴും കളിയാക്കുന്നുണ്ടായിരുന്നു.

''ച്ചിളിം......ച്ചിളിം''......

*    *    *    *

ആലിക്കുട്ടി കലയുടെ വീട്ടിലേക്കിറങ്ങിയതാണ്. കൊച്ചുകീരിയുണ്ട് നിവർത്തിവെച്ച ശീലക്കുടക്കുമീതെ സ്ഥാനമുറപ്പിച്ചിരിക്കുന്നു. പടിക്കലെത്തിയപ്പോൾ ആലിക്കുട്ടി വിളിച്ചു

'കിറി; കീ ......കീ......'

പെട്ടെന്നു പ്രത്യുത്തരമുണ്ടായി.

'കി......കി......'

മാത്രമല്ല കൊച്ചുകുട്ടനൊരു ചാട്ടം ആലിക്കുട്ടിയുടെ അടുത്തെത്തിപ്പോയി.

''കീ......കീ......''പ്രാർത്ഥനാപോലെ.

ആലിക്കുട്ടി കനിഞ്ഞുനിന്നു. കീരിക്കുട്ടി മെല്ലെ ചാടി ആലിക്കുട്ടിയുടെ തോളിലേക്ക് അവനവിടെ സ്ഥാനമുറപ്പിച്ചിരിക്കയാണ്. സ്നേഹമുള്ള അച്ഛൻെറ കൊച്ചുകുഞ്ഞിനെപ്പോലെ

ആലിക്കുട്ടി മന്ദംമന്ദം പാടിനടന്നു. കീരിക്കുട്ടി താളത്തിന്നനുസരിച്ചു നൃത്തംചവിട്ടി. അപ്പോൾ വഴിയിൽനിന്നു കരഞ്ഞ അണ്ണാനവന് പ്രശ്നമായില്ല. ആലിക്കുട്ടി നടന്നുനടന്നു കലയുടെ വീട്ടിന്നടുത്തെത്തിയിരിക്കയാണ്.

'അവിടെനിന്നോ. വടിയെടുത്തോ. നോക്കിനിൽക്ക് പാടണത് നോക്കണം'

നാലഞ്ചുപേരുടെ ശബ്ദമാണ് കേൾക്കുന്നത്. കലയുടെ ശബ്ദം എല്ലാററിലുമുച്ചത്തിൽ. ഉല്ക്കണ്ഠ പൂണ്ട ആലിക്കുട്ടി വേഗം നടന്നു.

കല ഒരു മുള്ളുകൊണ്ട് മാവിൻെറ ഒരു ഭാഗത്ത് കുത്തുകയാണ്. മറുഭാഗത്ത് വടിയുമായങ്ങിനെ കിങ്കരന്മാർ. കൂടെ ധൃതിയേറിയ ശബ്ദങ്ങൾ.

ആലിക്കുട്ടി മുററത്തേക്കു ചാടിയതും ഒരു ഉരപ്പൻ മാവിൽനിന്നു കത്തേററ ചാടിയതുമൊന്നിച്ചുകഴിഞ്ഞു. വടിയെടുത്തവർ പരഞ്ഞടിച്ചു. അങ്ങോട്ടുമിങ്ങോട്ടുമങ്ങനെ കറങ്ങി. ഒരുത്തൻെറ വടി മറെറാരുത്തൻെറ മുതുകിന്നു വീണു. എല്ലാം കഴിഞ്ഞു. ഉരപ്പൻ രക്ഷ നേടി പക്ഷെ......

''കീ......കീ...''

ആലിക്കുട്ടി കൊച്ചുകീരിയുടെ പുറത്തുതട്ടി. കേൾക്കേണ്ടതാമസം കൊച്ചുകീരി ചാടിപ്പോയി. അപ്പോഴേക്കും ഉരപ്പൻ പൂളക്കാട്ടിലെത്തിക്കഴിഞ്ഞിരുന്നു. എന്നാൽ......

കൊച്ചുകുട്ടൻ മടങ്ങിവന്നത് ഉടലിൽനിന്നററ നില്ക്കുന്ന തലയോടുകൂടിയ ഉരപ്പനുമായാണ്.

''വമ്പൻ''

കല അകത്ത് നിന്നൊരു പഴംകൊണ്ടുവന്നു സമ്മാനിച്ചു. പക്ഷെ......ആലിക്കുട്ടി കൊടുത്തപ്പോൾ മാത്രമെ അവൻ വാങ്ങിയുള്ളു.

*    *    *    *

ഉച്ചക്കു ഊണുകഴിഞ്ഞ് അല്പമൊന്നു മയങ്ങാമെന്നുവെച്ചു കിടന്നതാണ്, കുറെ ഉറങ്ങിപ്പോയി. എഴുന്നേററപ്പോൾ വെയിലാറിത്തുടങ്ങിയിരിക്കുന്നു.

അതു കാരണം സമയം മറന്നുപോയി. രാവിലെയാണോ; അതോ വൈകുന്നേരമോ. ഉറച്ച തീരുമാനത്തിലെത്തിയില്ല. ഏതായാലും പുറത്തേക്കു നോക്കാം. കർട്ടൻ നീക്കി ജനലിലൂടെ പുറത്തേക്കു നോക്കി.

ഹാ! അവനറിയാതെ ആർത്തുപോയി.

അവന്റെ കീരിക്കുട്ടി ഒരു പാമ്പുമായുഗ്രസമരത്തിലേർപ്പെട്ടിരിക്കയാണ്. ചാടുന്നു, ചീറുന്നു, വട്ടം ചുറ്റുന്നു, പിന്നെയും ചാടുന്നു. പാമ്പിനു നേരെ ഉഗ്രമായ സമരം.

പാമ്പു പടം നിവർത്തിക്കൊണ്ട് നേരിടുകയാണ്. അതാ കീരിയെ കൊത്താനായുന്നു. ഇല്ല. കഴിഞ്ഞില്ല. കീരി ചാടിക്കളഞ്ഞു. പാമ്പ് 'ഊത്തുന്ന' ശബ്ദം ദൂരത്തോളം കേൾക്കുന്നുണ്ട്.

രണ്ടുപേരും വിട്ടുകൊടുക്കുന്നില്ല. പാമ്പൊരു മൂർഖൻ കീരിയൊരു മിടുക്കൻ മൂർഖന്റെ മൂർഖത്വവും, മിടുക്കന്റെ മിടുക്കും.

'"കീരിയും പാമ്പും പോലെന്ന്;" പണ്ടുള്ളോർ പറയുന്നത് വെറുതെയല്ല' ആലിക്കുട്ടിയുടെ അന്തഃകരണം മന്ത്രിച്ചു.

സമരം നീണ്ടുപോവുകയാണ്. കീരിക്കുട്ടൻ ഭയങ്കരമായി നേരിടുന്നുണ്ട്. പക്ഷെ ജയിക്കുന്നതെളുപ്പമല്ല. വിഷമൂർത്തിയെ ഭയപ്പെട്ടുകൊണ്ടുള്ള സമരമാണ്. പാമ്പിന്റേത് ജീവനുവേണ്ടിയുള്ള സമരമാണ്. എന്തും ചെയ്യും.

ഏതായാലും അതു നീട്ടിക്കൊണ്ടുപോവുന്നതു പന്തിയല്ല. കീരിക്കുട്ടി വമ്പനാണെങ്കിലും പാമ്പുഗ്രനാണ്. തനിക്കു കീരിക്കുട്ടി നഷ്ടമായെന്ന് വന്നേക്കും അതോർക്കാൻകൂടി വയ്യ.

ആലിക്കുട്ടി വേഗം താഴോട്ടിറങ്ങി. ഉമ്മറത്തേക്കു ചാടി നീട്ടിയൊരു വിളി.

"കീരി; കീ ....കീ ..."

പെട്ടെന്നു പാമ്പിനുമീതെക്കൂടി ചാടിയ കീരിക്കുട്ടി ആലിക്കുട്ടിയുടെ കാലിന്നിടയിലൂടെയൊരോട്ടം. അപ്പോഴാലിക്കുട്ടി പാടി

"നരിയും പുലിയും ഓടുംപോലെ
പാമ്പും കീരീം പായുംപോലെ"

പക്ഷെ കീരിക്കുപിന്നിൽ പാമ്പു പായുമെന്നവനോർത്തില്ല. നോക്കിയുമില്ല. കീരിക്കുട്ടിയുടെ പാച്ചിൽ ശ്രദ്ധിച്ചതാണ്.

"ഹാ! അള്ളോയ്!"

ആലിക്കുട്ടി കാല് പിടച്ചുകൊണ്ടു മറിഞ്ഞുവീണു. കീരിക്കുട്ടി പകച്ചുനോക്കി. തന്റെ ശത്രു സ്നേഹിതനെ കടിച്ചു പായുകയാണ്.

ശബ്ദംകേട്ട് ആളുകൾകൂടി. ആലിക്കുട്ടിയുടെ കാലിൽ കെട്ടിക്കിടത്തുകയാണ്. എന്നാൽ...... യജമാനസ്നേഹത്തിന്റെ മൂർത്തരൂപം നിരകളിലൂടെ കുതിച്ചുചാടുമ്പോഴും കൊച്ചുകുട്ടനു നോക്കിനില്ക്കാൻ കഴിയുമോ.

ജീവൻ ബലിയർപ്പിച്ചുമെതിർക്കണം. പെട്ടെന്നൊരോട്ടവും രണ്ട് ചാട്ടവും. പുളിമരത്തിലേക്കു കയറുകയായിരുന്ന പാമ്പ് അഞ്ചെട്ടു കഷ്ണങ്ങളായി മുറിഞ്ഞുവീണു

പക്ഷെ ...അതിൽ സന്തോഷിക്കാനോ സന്താപിക്കാനോ ആരുമുണ്ടായിരുന്നില്ല

* * * *

കൊച്ചുകീരി ആരുമറിയാതെ ജനലിലേക്കു ചാടി. അകത്തേക്കു തലയുയർത്തിനോക്കി. ആലിക്കുട്ടിക്കു ചുറ്റും ആളുകൾ കൂടിയിരിക്കുന്നു. കടിച്ച കാലിന്നു കെട്ടിയിട്ടുണ്ട്.

അവനൊന്നുകൂടി ഉയർന്നുനോക്കി. ആലിക്കുട്ടിയുടെ കണ്ണുകൾ അടയുകയാണ്. അവനെ സ്നേഹിച്ചാനന്ദിപ്പിച്ച് വളർത്തിയ ആലിക്കുട്ടി...

കൊച്ചുകുട്ടന്റെ കണ്ണുകൾ നിറഞ്ഞു. കണ്ണീരൊഴുകിത്തുടങ്ങുകയാണ്. നിർത്താനാവാത്ത ഹൃദയവ്യഥകൊണ്ടവനൊന്നും ചെയ്യാനാവാതെ അവിടത്തന്നെ ഇരുന്നുപോയി.

കുറെ കഴിഞ്ഞപ്പോഴും അല്പമൊരു സമാധാനം. കാര്യങ്ങളോർക്കാതിരുന്നിട്ടോ? കാര്യങ്ങളുറച്ച് തീരുമാനിച്ചതുകൊണ്ടോ? എന്തെന്നറിഞ്ഞില്ല. അവൻ കണ്ണുതുറന്നു വീണ്ടും നോക്കി.

ആളുകളധികവും പുറത്തേക്കു പോയിരിക്കയാണ്. പ്രതിവിധിക്കുവേണ്ടി ബദ്ധപ്പെട്ടോടിനടക്കുകയാവും. ഒരാൾ ആലിക്കുട്ടിയുടെ മുറിയിൽ പുറത്തേക്കു നോക്കിനില്ക്കുകയാണ്.

ഇതുതന്നെ സന്ദർഭം. കീരിക്കുട്ടി മെല്ലെ ശബ്ദമുണ്ടാക്കാതെ അകത്തേക്കു കടന്നു. ഒരൊച്ചയുമില്ല. ശോകമൂകമായൊരന്തരീക്ഷം.

നിശ്ശബ്ദനായി കട്ടിലിൽകയറി ആലിക്കുട്ടിയുടെ മുഖത്തേക്കു നോക്കി പെട്ടെന്നു തന്നോടുകൂടെ കളിക്കുമ്പോഴുള്ള മുഖഭാവമോർമ്മവന്നിട്ടെന്നവണ്ണം കീരിക്കുട്ടന്റെ കണ്ണിൽ വെള്ളംനിറഞ്ഞു.

വികാരവിചാരങ്ങളും ഒരുവിധമമർത്തി അവനൊന്നുകൂടി ആലിക്കുട്ടിയുടെ മുഖത്തേക്കുനോക്കി. മന്ദം നടന്നു കാലിന്നടുത്തെത്തിയിരിക്കയാണ്.

കൊച്ചുകുട്ടൻ സൂക്ഷിച്ചുനോക്കി. കടിച്ചപാട് നന്നായിക്കണ്ടു. അവനൊരു നെടുവീർപ്പിട്ടുപോയി. അവസാനത്തെ കാഴ്ച!

തിരിഞ്ഞു വികാരങ്ങളടക്കി. പാമ്പു കടിച്ച ഭാഗം ശ്രദ്ധിച്ചുകണ്ടു. അവിടം അമർത്തിക്കടിച്ചു; സ്നേഹശക്തി ഉപയോഗിച്ചു രക്തം വലിച്ചു.

'കീ.........'

ഒരു നേരിയ ശബ്ദം. കൊച്ചുകുട്ടൻ മരിച്ചുവീണു. അപ്പോഴും ആലിക്കുട്ടി കൺമിഴിച്ചെഴുന്നേല്ക്കുന്നുണ്ടായിരുന്നു.

# രണ്ടിററു കണ്ണുനീർ

O. P. C. K III B. Sc.

തിളപ്പുന്ന വെയിലേററുകൊണ്ട് ഇന്നും അയാൾ ജീവിതത്തോട് മല്ലിടുകയാണ്. തന്റെ ആ തിളയ്ക്കുന്ന കാലത്ത് ഒരു നല്ല മരംവെട്ടുകാരനെന്ന പേർ സമ്പാദിച്ചുകൊടുത്ത ആ കൈകൾക്ക് ഇന്ന് മരത്തടിയിലേയ്ക്ക് ആഞ്ഞുവെട്ടുവാൻ ശക്തിയില്ലാതെ വന്നിരിയ്ക്കയാണ്. എങ്കിലും തഴക്കവും പഴക്കവുമെത്തിയ മൂത്ത എല്ലുകളല്ലേ?

നാലുകാശിന് പണിയെടുക്കാറായകാലംമുതൽ ചന്തുനായരുടെ പണി മരംവെട്ടലാണ്. വർഷങ്ങളോളമായി കുനിഞ്ഞുനിന്നുള്ള മരംവെട്ടൽ കൊണ്ടായിരിയ്ക്കാം ഇന്നയാൾക്ക് ഒരു കൂന് വന്നത്. കൂട്ടിയിട്ടിരിയ്ക്കുന്ന ആ ഓരോ കീറാമുട്ടികളിലേയ്ക്കും മഴു ആഞ്ഞു ആഞ്ഞു വെട്ടുമ്പോൾ അയാൾ അവശതയോടെ പുറപ്പെടുവിയ്ക്കുന്ന ആ ഞെരക്കം ഒരു കെട്ടടങ്ങാറായ ജീവിതത്തിന്റെ പരാതി കുറിയ്ക്കുന്നതാണ്. അങ്ങിനെ മിയ്ക്കപ്പോഴും നെററിയിലൂടെ കിനിഞ്ഞിറങ്ങുന്ന വിയർപ്പുതുള്ളികൾ കൈവിരലുകൾകൊണ്ട് വലിച്ചുതുടച്ച് തെല്ലൊരാശ്വാസം കൊള്ളുമ്പോൾ ചന്തുനായർ തന്റെ "കീറാമുട്ടി"യായ ജീവിതത്തെക്കുറിച്ചും ഓർക്കുക പതിവാണ്.

"എന്തുചെയ്യും! എനിയ്ക്കു ദൈവം ഒരാണിനെ തന്നില്ല." ഒരു ദീർഘനിശ്വാസത്തിന്റെ അവസാനത്തിൽ മിയ്ക്കപ്പോഴും ചന്തുനായർ പറയാറുള്ളതാണ്.

ചന്തുനായരുടെ ഇന്നത്തെ പരുക്കൻജീവിതത്തിനു ഒരു മിന്നുന്ന മറുവശമുണ്ടായിരുന്നു. വിഷമമില്ലാത്ത ആ കാലത്തിലേയ്ക്കും അയാൾ കണ്ണോടിയ്ക്കാറേയില്ല. "താനെന്തിന് ആ വയ്യാവേലി വലിച്ചിട്ടു?" "എല്ലാം ദൈവത്തിന്റെ വിധിപോലെതന്നെ നടക്കും" അങ്ങിനെ എല്ലാം അയാൾ ഈശ്വരനിൽ അടക്കം ചെയ്തുകൊണ്ടു സമാധാനപ്പെട്ടു.

അന്നയാൾ ഒരു കരാറുപണിയ്ക്കുപോയി. ഒരു മാസത്തോളം പിടിയ്ക്കും ആ പണി. ആ പടുകൂററൻമാവിലേറാൻ ജീവനു കൊതിയുള്ളവരാരും നിന്നില്ല. പക്ഷെ ചന്തുനായർക്കതെല്ലാം നിസ്സാരമാണ്. നിലത്തുനിന്നു മുളച്ച മരമാണോ ചന്തുനായർ കയറും.

ഒരുവിധത്തിൽ പണിപ്പെട്ട് കമ്പയും കയറും മററുമായി ചന്തുനായർ മാവിലേറി കൊമ്പുകൾ വെട്ടാൻ തുടങ്ങി.

"പെരേമ്മലേയ്ക്ക് ഒന്ന് ശെരത്തിയ്ക്കണെ ചന്തുനാരെ"..... ഇതും പറഞ്ഞു വീട്ടിലെ ആ വയസ്സൻ കാരണോർ കോണിയിറങ്ങിപ്പോയി.

സൂര്യൻ ഏകദേശം തലയ്ക്കുമുകളിലെത്താറായി. നാലാമത്തെ കൊമ്പും വീഴാറായി. വെട്ടുകഷ്ണങ്ങൾ ചിതറി നാലുപാടും വീഴാൻ തുടങ്ങി. ചുട്ടുപഴുക്കുന്ന വെയിൽനാളങ്ങളെ മറിച്ചുപിടിച്ചുകൊമ്പുകളെല്ലാം ചന്തുനായർ താഴത്താക്കിക്കഴിഞ്ഞു. ഊണുകഴിയ്ക്കുന്നതിനുമുമ്പ് ആ കൊമ്പുംകൂടെ തീർക്കണം. അങ്ങിനെ വെട്ടിവെട്ടി ദാഹിച്ചു തൊണ്ടവരണ്ട ചന്തുനായർ ആരോടെന്നില്ലാതെ വിളിച്ചുചോദിച്ചു.

"അല്ലാ! കൊറച്ച് വെള്ളം തരോ?"

"ഇവട്യാരുമില്ല" അകത്തുനിന്ന് ആരോ ഒന്ന് അങ്ങിനെ പറഞ്ഞു.

"ആരുമില്ലാതെ ആ വർത്താനം പറേണത് ആരാ?" ചന്തുനായർ തലയിൽ കെട്ടിയ തോർത്തെടുത്ത്. മുഖം തുടച്ചുകൊണ്ടു ചോദിച്ചു.

അടുത്ത മാവിൻകൊമ്പിൽനിന്നും രണ്ടു തള്ളപ്പക്ഷികൾ ഒരു കുഞ്ഞിനെ പണിപ്പെട്ട് പാറിച്ചുപോകുന്നതും നോക്കി ചന്തുനായർ എന്തോ ആലോചിച്ചു. ഒരുപക്ഷെ അവയ്ക്കറിയാൻമതി ആ മാവും മുറിയ്ക്കുമെന്ന്. ചന്തുനായരുടെ ചിന്ത അവയോടൊപ്പമങ്ങിനെ അകന്നകന്നുപോയി.

"എന്തുവെള്ളമാ വേണ്ടത്?"

ചന്തുനായർ മാവിന്റെ ഉച്ചിയിൽനിന്നു മുററത്തേയ്ക്കുനോക്കി. കൈകൾതൂണിൽ തിരുപ്പിടിപ്പിച്ചുകൊണ്ടു ഒരു വാല്യേക്കാരി പെണ്ണ് നില്ക്കുന്നു പുറത്ത്. കണ്ടമാത്രയിൽ ചന്തുനായരുടെ ഉള്ളിൽകൂടെ ഒരു മിന്നൽപിണർ പാഞ്ഞുപോയി. ഒരുനിമിഷം അയാൾക്ക് അയാളുടെ കണ്ണുകളെ

വിശ്രമിയ്ക്കാൻ കഴിഞ്ഞില്ല. മൂടൽമഞ്ഞിലൂടെ നോക്കുമ്പോഴുള്ള ഒരവ്യക്തത.

"എന്തുവെള്ളമായാലും മതി." മഴു മരത്തിൽ വെട്ടിയുറപ്പിച്ചു നിർത്തിക്കൊണ്ട് ചന്ദ്രനായർ പറഞ്ഞു.

"സംഭാരം പറ്റ്വോ?"

"പറ്റ്വോ എന്നോ? എങ്കിൽ അതിവിശേഷായി."

"എങ്ങനായാ തരാ"? പുരികം കയറ്റിക്കൊണ്ട് ഒരടക്കിപ്പിടിച്ച പുഞ്ചിരിയോടെ അവൾ ചോദിച്ചു.

"കിണ്ടിയോ മറ്റോ ആയാൽ ഈ കയറിൽ കെട്ടിയാൽമതി." ഒരു കയർ താഴ്ത്തിക്കൊടുത്തുകൊണ്ട് ചന്ദ്രനായർ പറഞ്ഞു.

"ഒരിത്തിരി മൊളകും അരച്ച് കലക്കിയാൽ ബഹുവിശേഷായി"

"അതിനൊന്നും ഇവിട്യാവൂല" എന്നവൾ പറഞ്ഞപ്പോൾ അവളുടെ ആംഗ്യത്തിൽനിന്നും അയാൾക്കു തോന്നി.

കയറിൽ കെട്ടിത്തൂക്കിയ കിണ്ടി ചന്ദ്രനായർ സാവധാനത്തിൽ വലിച്ചെടുത്ത് ഒരൊറ്റ വലിയ്ക്കു കുടിച്ചു.

"കലിപ്പുണ്ടോ?" അവൾ ചോദിച്ചു.

"ഏയ്......ഒന്നുമില്ല. ഭേഷായിരുന്നു" കലിപ്പ് ഉണ്ടായിട്ടും ചന്ദ്രനായർ അതു പറഞ്ഞില്ല.

"ഇനി ഒരിത്തിരി തീയും കിട്ടിയാൽ......"

"അങ്ങ്നാ! ദാഹിച്ച വെള്ളം തന്നതും പോര ഇനി തീയും വേണോ? ഇവിട്യാവൂല"

"എന്നാൽ വേണ്ട. ചുണ്ടിൽ കടിച്ച ബീഡിയോടുകൂടി ഒന്നമർത്തിച്ചിരിച്ചുകൊണ്ടയാൾ പറഞ്ഞു."

"തീ ഇല്ല. കൊള്ളിയെല്ലാം തീർന്നില്ലെങ്കിൽ തീപ്പെട്ടി തരാം" എന്നവൾ ഉറക്കെ പറഞ്ഞില്ലെങ്കിലും അവളുടെ ഭാവത്തിൽ അതടങ്ങിയിരുന്നു.

അങ്ങിനെ ബീഡിവലിച്ചു പുകച്ചുരുളുകൾ വായുവിലേയ്ക്കു തള്ളിവിട്ടുകൊണ്ട്, അടക്കിപ്പിടിച്ച ഒരു നല്ല വികാരവുമായി ചന്ദ്രനായർ ഏതോ ഭാവനാലോകത്തിലേയ്ക്ക് പറന്നുപോയി: വെട്ടുകല്ലുകളും വീണ്ടും തെറിച്ചു ദൂരെ വീഴാൻ തുടങ്ങി. അങ്ങിനെ ആ കൊമ്പും മുറിഞ്ഞുവീണു. ഏതാനും ദിവസം കൊണ്ട് ചന്ദ്രനായർ ആ വീട്ടിലെ ഒരംഗമായിത്തീർന്നു.

കിഴക്ക് വെള്ളപൊട്ടി വീഴുമ്പോഴും എഴുന്നേൽക്കാറുള്ള ചന്ദ്രനായർ അന്ന് എഴുന്നേല്ക്കാൻ കുറച്ചു വൈകി. കണ്ണിനു കുളിർ പൊഴിയുന്ന ശോണിമനിറഞ്ഞ കിരണങ്ങൾക്ക് ചൂടുപകരാൻ തുടങ്ങി. ചന്ദ്രനായർ ആകെ ഇരുട്ടുമൂടിക്കിടക്കുകയാണ്. പ്രഭാതകിരണമേറ്റ് പുല്ലിൻതുമ്പിൽനിന്നും വർണ്ണം ചിന്നുമാറ് വെട്ടിത്തിളങ്ങുന്ന മഞ്ഞിൻതുള്ളികളിലേയ്ക്ക്, മരക്കൊമ്പിലിരുന്നുകൊണ്ട് ഉറങ്ങുന്ന കുരുവിയെപ്പോലെ അവൾ വാതിലിന്റെ പൊളി മറിഞ്ഞുനിന്നുകൊണ്ട് ചന്ദ്രനായരെത്തന്നെ നോക്കി. മൂടിപ്പുതച്ച അയാൾക്കു സഹിയ്ക്കവയ്യാത്ത കിടിലമുണ്ടായിരുന്നു. അവൾ അപ്പൂപ്പൻ കിടന്നിരുന്ന കട്ടിലിലേയ്ക്കൊന്നു നോക്കി "ഓ! അപ്പൂപ്പൻ പതിവുപോലെ അധികാരീടെ വീട്ടിലേയ്ക്കു പോയതാണ്". വേറെ ആരുമില്ലാത്ത സ്ഥിതിയ്ക്ക് താനെന്താണ് ചെയ്യേണ്ടതെന്നു അവൾക്കറിഞ്ഞില്ല.

"പനിയ്ക്കുണ്ടോ" അവൾ ചന്ദ്രനായരോട് അങ്ങിനെ ചോദിച്ചെങ്കിലും മറുപടി ഒന്നും ഉണ്ടായില്ല. അവളുടെ മനസ്സിലൂടെ ഒരു തിരാളം പായിച്ചു ഒരനുഭവം. ഇനിയെന്തു നോക്കിനില്ക്കാനാണെന്ന ഭാവത്തിൽ അവൾ ചന്ദ്രനായരുടെ അടുത്തുചെന്നു പുതപ്പുനീക്കിക്കൊണ്ടുചോദിച്ചു.

"എന്താ പനിയ്ക്കുണ്ടോ"

അയാൾ കണ്ണുതുറന്നൊന്നു നോക്കി.

കുട്ടിമാളു!! ഇരമ്പിമറിയുന്ന തിരമാലപോലെ ചിന്തയുടെ ഓളങ്ങൾ ചന്ദ്രനായരുടെ മനസ്സിൽ അലയടിയ്ക്കാൻ തുടങ്ങി.

"എനിയ്ക്കു വയ്യ. അപ്പൂപ്പൻ എ.. വി...ടെ പോയി" ഒരുവിധം അയാൾ അത്രയുമൊപ്പിച്ചു.

"ഇപ്പം വരും" സമാധാനപ്പെടുത്തിക്കൊണ്ടുള്ള അവളുടെ സ്വരത്തിൽ 'താനെന്താണ് ചെയ്യേണ്ടത്' എന്നുള്ള കടമയുടെ ഒരു നിഴലാട്ടവും കൂടിയുണ്ടായിരുന്നു.

"കുറച്ചു കുരുമുളക് വെള്ളം കൊണ്ടുവന്നാൽ..."

"വേണ്ട". വിറച്ചുകൊണ്ടയാൾ പറഞ്ഞു.

എങ്കിലും അവളത് കൊണ്ടുപോയ് കൊടുത്തു.

ചന്ദ്രനായർക്ക് ആരെപ്പറ്റിയും ചിന്തിയ്ക്കുവാനില്ല. കുടുംബം അയാൾക്കില്ല. നന്നായ് വാവും പോയത് ചിലരുമായി നാളെയെപ്പറ്റി ചിന്തിയ്ക്കാത്ത ഒരു ജീവിതമായിരുന്നു അയാളുടേത്. കൊമ്പുവെട്ടിയിറക്കിയ തടിമരംപോലെ അയാളുടെ ഒറ്റത്തടിയാണ്.

അപ്പൂപ്പന്റെ ചില്ലറ പൊട്ട്മരുന്നുകൊണ്ട് ചന്ദ്രനായർക്ക് വളരെവേഗത്തിൽ സുഖമായി. അപ്പൂപ്പന് ഒരർത്ഥത്തിൽ സമാധാനമായി ഒരു

ഭാരമാണ് അവർ. ആ ഭാരം ഇറക്കിവെയ്ക്കാൻ അപ്പുപ്പൻ ഒരത്താണികണ്ടു. അന്നു രാത്രിതന്നെ ആ കാര്യം അയാൾ ചന്തുനായരെ അറിയിച്ചു

“ഏറി ഏതായാലും ചന്തുനായര് ഇവിടെ തന്നെ താമസിച്ചോര്”. ചന്തുനായർക്ക് സംഗതി മനസ്സിലായി.

………കുട്ടിമാളുവിനും.

കാർമേഘക്കീറിൽനിന്നും വിമുക്തനായ ചന്ദ്രൻ മാടകത്താമാനു പാലൊളി എങ്ങുംപരത്തി. ഒരു ശീതക്കാററ് തെങ്ങോലകളേയും വാഴയിലകളേയും കിക്കിളിപ്പെടുത്തിക്കൊണ്ട് അവിടേയ്ക്ക് ഓടിവന്നു. ഒരു പുത്തൻ ജീവിതത്തിന്റെ പ്രഥമാദ്ധ്യായം കുറിക്കുന്ന ആ സുദിനം അവരുടെ അടുത്തെത്തി.

* * *

അങ്ങിനെ വാദ്യഘോഷങ്ങളും പൂവിതറലും മന്ത്രപ്പന്തലുമില്ലാതെ ആ കർമ്മം നടന്നു. എങ്ങും ഒരു പുതുയുഗപ്പിറവിയായി അവൾക്കുതോന്നി. കവിഹൃദയമില്ലെങ്കിലും ഹൃദയം ഹൃദയവുമായി അടുത്തപ്പോൾ .... വികാരസാന്ദ്രമായ ആ നാളുകൾ ജീവിതത്തിൽ ഒരാവശ്യമായി അവൾക്കുതോന്നി. തന്റെ ജീവിതത്തിന്ന് ഒരടുക്കും ചിട്ടയും അയാൾ ദർശിച്ചു. പതിവിന്നു വിപരീതമായി ചന്തുനായർ ദിവസവും നാലുകാശ് മിച്ചമുണ്ടാക്കാൻ തുടങ്ങി. എന്നിട്ട് അയാൾ അത് കുട്ടിമാളുവെ ഏല്പിയ്ക്കും.

വസന്തം അങ്ങു കഴിഞ്ഞു. കാലചക്രത്തിന്റെ കറക്കപ്പാച്ചലിൽ നിധി ആനന്ദതുന്ദിലമായ അവരുടെ ജീവിതത്തിലേയ്ക്ക് ചില കരളലിയിപ്പിക്കുന്ന ദുർദ്ദിനങ്ങളും കോർക്കാതെപോയില്ല.

ഇന്ന് ആ വീട്ടിൽ ചന്തുനായരും കുട്ടിമാളുവും മാത്രമാണുള്ളത്. കാലം അവരുടെ സ്വഭാവത്തിലും പ്രകൃതിയിലും പല മാററങ്ങളുംവരുത്തി. ഇന്ന് എന്തെങ്കിലും കാരണത്തിന്ന് ഒരു ശണ്ഠയില്ലാത്തതായ ദിവസം അവർക്കില്ല. കുട്ടിമാളുവിന്റെ വാക്കിലും പ്രവൃത്തിയിലും ഇത് തന്റെവീടല്ലേ എന്നുള്ളൊരു നിഴലാട്ടം ഉണ്ടാവാൻതുടങ്ങി. അതയാൾ മനസ്സിലാക്കുകയും ചെയ്തു.

ചുക്കിച്ചുളിഞ്ഞു ശോഷിച്ച ശരീരവും, ഒട്ടിയ കവിളും, ജീവനററ കണ്ണുകളും എല്ലാം ഇന്ന് ചന്തുനായരുടെ ഞെരുങ്ങിനീങ്ങുന്ന ജീവിതത്തിലെ കരുക്കളാണ്.

മുട്ടുമറിയുന്ന പണിമുണ്ടുടുത്ത് കൂനി കൂനി, ആ തിളങ്ങുന്ന മഴുവും തോളിലേററിക്കൊണ്ട് ഇന്നും അയാൾ മരംവെട്ടാൻ പോകാറുണ്ട്: പക്ഷെ ഇന്നയാൾക്ക് മരത്തിലോറാൻ പററില്ല. നിലത്തെത്തിയ മരത്തടികൾ കീറുവാനെ പററുള്ളു.

മരംവെട്ടി തളരുമ്പോൾ പലപ്പോഴും ഒരാശ്വാസംകൊള്ളാനായി ഉയരമുള്ള് കുന്നിക്കൊണ്ട് അയാളൊന്ന് വിശ്രമിയ്ക്കാൻ നോക്കും. അപ്പോഴും മറക്കാനാത്ത തന്റെ ജീവിതത്തിലെ ആർത്തിരമ്പുന്ന തിരമാലകൾക്കിടയിലൂടെ അയാൾ മുകളിലേയ്ക്ക് പാളിനോക്കും. “ഈ വയസ്സ്കാലത്ത് പടച്ചോൻ എന്നിയ്ക്കൊര് തൊണേനാതന്നീല” അയാൾ വീണ്ടും ആ മരത്തിലേയ്ക്ക് ചാഞ്ഞു.

മഴപിടിച്ചു തഴമ്പിച്ച ആ പരുക്കൻകൈകൊണ്ട് കുട്ടിമാളുവെ എന്നെങ്കിലും ഒന്നു കനത്തിൽ “തലോടേണ്ടി” വരുമെന്ന് ചന്തുനായർ അയാളുടെ ജീവിതത്തിൽ വിചാരിച്ചതല്ല. എങ്കിലും അന്നത് സംഭവിച്ചു.

പതിവിന്നനുസരിച്ച് അന്ന് അയാൾ കയറി വന്നപ്പോൾ തോർത്തുമുണ്ടിൽ അരികെട്ടുകണ്ടില്ല. അവളുടെ കല്ലുമ്പോറിയ വക്കാണം കുറച്ചധികമായപ്പോൾ ചന്തുനായർ അറിയാതെ ചെയ്തുപോയതാണ്. ചോരനാറിയ്ക്കുന്ന പുരയിൽകിടക്കുന്ന അനുഭവമാണ് ഇന്നയാൾക്ക്.

..ചൊറപിടിച്ചു മരത്തടികളിലേയ്ക്ക് ആഞ്ഞു വെട്ടാനുള്ളശക്തി ചന്തുനായർക്ക് കുറഞ്ഞുവരികയാണ്. ഒരു ജയിൽജീവിതമാണിന്നയാൾക്ക്.

“ഈശ്വരാ ഈ പാടുകാളിയുടെകൂടെ ജീവിയ്ക്കാനൊക്കാതായല്ലോ”. പലപ്പോഴുമയാൾ പറഞ്ഞതാണ്.

“ഇവിടെ നില്ക്കാനിഷ്ടമില്ലെങ്കില് എവിടെവേണമെങ്കിലും പോകാം”. അതവളുംപെരുമാററത്തിൽ കാട്ടാറുള്ളതാണ്.

അന്നയാൾ ഒരു വിധത്തിൽ പണിയിൽനിന്നു കയറി അരിയുംകൊണ്ടു വീട്ടിലെത്തി: തന്റെ ജീവിതത്തിന്റെ ഒരു വശമായ പിറുപിറുക്കൽ അപ്പോഴും കുട്ടിമാളു തുടങ്ങിക്കഴിഞ്ഞു. ചന്തുനായർ ഒന്നും മിണ്ടിയില്ല. തലയിൽ കെട്ടിയതോർത്തെടുത്ത് മണ്ണുതട്ടി അയാൾ അവിടെ കിടന്നു. അതയാൾക്ക് പതിവാണ്. കുളിയ്ക്കുന്നതിനുമുമ്പ് ഒരു മയക്കം. “ചോററിന്നോളിൻ”. കുട്ടിമാളു വിളിച്ചു ചന്തുനായർ ഉണർന്നില്ല. അവൾ ചന്തുനായർപുതച്ച തോർത്തെടുത്തുമാററിക്കൊണ്ടു വിളിച്ചു. പക്ഷെ പാതിയടഞ്ഞ ആ കണ്ണുകൾ അവളോടൊന്നും മിണ്ടിയില്ല.

രണ്ടിററു കണ്ണുനീർ അയാളുടെമുഖത്തുവീണു. ഓരിക്കുറുക്കന്റെ ശോകഗാനങ്ങൾ ആ രംഗത്തിന്ന് ഭീകരതകൂട്ടി. അവൾ എന്തൊ ഉറച്ചപോലെ [illegible] കൂരിരുട്ടിലൂടെ പ്രതിയിൽ നടന്നകന്നു.

# തലമുറകളിലൂടെ

സൈതലവി, തിരൂർ, പി. യു. സി. ബാച്ച്-3.



ചൈനീസ് പട്ടാളക്കാർ ഇന്ത്യാതിർത്തിയിൽ വെടിവെപ്പ് തുടങ്ങി. ഇരുപതുവാരയോളം ഇന്ത്യൻമണ്ണ് അവർ ഇതിനകം കൈവശപ്പെടുത്തി. ഞങ്ങൾ തലസ്ഥാനനഗരിക്കടുത്ത ഒരു പട്ടാള ക്യാമ്പിലായിരുന്നു. അവിടെനിന്നും ഞങ്ങളെ അതിർത്തിപ്രദേശത്തിലെ ഒരു കാവൽനിലയത്തിലേക്ക് മാററി

അതിർത്തിയിൽ യുദ്ധം ചെയ്യാൻ.

തോക്കും പുറകിലേന്തി ഞങ്ങൾ ഹിമത്തിലൂടെ നടന്നുകയറി. അങ്ങ് ദൂരെ ചൈനീസ് പട്ടാളം തയ്യാറായി നില്ക്കുന്നതു കാണായി; അവർ ഇന്ത്യയുടെ മണ്ണിലാണ് നിലയുറപ്പിച്ചിട്ടുള്ളത്! വെടിവെക്കാൻ! ഞാൻ ചൂളിപ്പോയി. നമ്മുടെ മണ്ണ് . വിദേശരാജ്യം കൈവശപ്പെടുത്തുക.. ഒരു ദേശസ്നേഹി ഒരു, പട്ടാളക്കാരൻ . ഒരിക്കലും ഇതു നോക്കിനിന്നുകൂട . അവൻ രാഷ്ട്രസേവകനാണ്. അതിനാണെങ്കിൽ മരിക്കാൻ അവൻ മടി കാണിച്ചുകൂട. എൻെറ സിരകളിലേക്ക രക്തമടിച്ചു കയറി......

കാവൽനിലയത്തിലെ കൈകളിൽനിന്നു വരുന്ന 'കമാൻഡ്' ശ്രദ്ധിക്കാൻ ശ്രമിച്ചു...

ഐസ്കട്ടകളിൽ തോക്കിൻപിടിയൂന്നി കാത്തിരിക്കയാണ്. തിരയൊഴിക്കാൻ.. കൈകൾ വിറക്കാതിരിക്കട്ടെ. കാലുകൾ പതറാതിരിക്കട്ടെ ഇത് ഇന്ത്യൻമണ്ണ് വീണ്ടെടുക്കാനുള്ള യുദ്ധമാണ്_ധർമ്മമാണ്. പക്ഷെ മനുഷ്യനും, മനുഷ്യനും തമ്മിൽ മണ്ണിനുവേണ്ടി നടത്തുന്ന യുദ്ധം.. മൃഗങ്ങളെപ്പോലെ ഓർഡർ കിട്ടേണ്ട താമസം. വെടി തുടങ്ങാൻ...ഞാനോർത്തുപോയി അങ്ങ് കേരളത്തിൽ അങ്ങകലെ എൻെറ അമ്മ; ഭാര്യ അവളുടെ വയററിൽ വളരുന്ന ഓമനക്കുഞ്ഞ്, എൻെറ കുട്ടി മനസ്സ് കട്ടികൾ ഉരുകിയൊലിക്കുന്നതുപോലെ! തോക്ക മുറുകെ പിടിച്ചു. അമ്മയേയും, ഭാര്യയേയും ആരേയും കുറിച്ചോർത്തിട്ട് കാര്യമില്ല. അന്ന് ഗീത തൊട്ട് സത്യം ചെയ്തതാണ് "ഏതവസരത്തിലും ഇവൻ രാജ്യസേവനത്തിന് തയ്യാറാണ്"! ഒരു പട്ടാളക്കാരന് അതൊന്നും ആലോചിക്കാനില്ല ..... അതിലൊന്നിനെ പററി ഭയവുമില്ല. ഞാൻ എൻെറ നാട്ടിൻെറ പട്ടാളക്കാരനാണ്. എന്തിനെങ്കിലുമുള്ള യുദ്ധത്തിന് തയ്യാറായി നില്ക്കുകയാണ് .. സ്വന്തം മണ്ണിൻെറ തിരിച്ചുവാങ്ങലിനു . ...!

അന്ന്...അങ്ങകലെ, വീട്ടിൻെറ തൊട്ടടുത്ത അമ്പലത്തിലെ ദേവൻെറ സമക്ഷത്തിൽ അമ്മയോട് ആണയിട്ട് പറഞ്ഞതാണ്..."യുദ്ധത്തിൽ ആരേം കൊല്ലില്ലെന്ന്"!.. പട്ടാളത്തിൽ ചേർന്നത്തന്നെ അമ്മക്കിഷ്ടമായില്ല. എന്നല്ല, അവർ വാവിട്ടു കരഞ്ഞു. പക്ഷെ!

ഞാൻ ഒരു പട്ടാളക്കാരൻ മാത്രമല്ല, ഒരു പുതിയ തലമുറയിലെ യോദ്ധാവാണ്. ഭാരതത്തിലെ അനേകലക്ഷം ജനങ്ങളുടെ അഭിമാനസംരക്ഷണത്തിനു തോക്കേന്തിനില്ക്കുന്ന ഒരു ഇന്ത്യൻ പൗരനാണ്.. കേവലം ഒരു പട്ടാളക്കാരനല്ല.

ഇവിടെയെന്നെ ചിന്തകൾ അലട്ടിക്കൂട.

എങ്കിലും!

കർണ്ണപുടങ്ങളിൽ അമ്മയുടെ സാരോപദേശം മാറ്റൊലിക്കൊള്ളുകയാണ്...

"മോനെ . പട്ടാളക്കാര് യുദ്ധത്തില് ആളുകളെക്കൊല്ലും" ഞാനൊന്നും മിണ്ടിയില്ല.

അമ്മയെന്നെ അമ്പലത്തിലേക്ക കൊണ്ടുപോയി. ചിറയിൽപോയി രണ്ടുപേരും കുളിച്ചു. ദേവനെ തൊഴുതു. അവിടെ വെച്ച് ഞാൻ സത്യംചെയ്തു. "ഞാൻ ആരെം കൊല്ലില്ലെന്ന്."

ശത്രുരാജ്യം തോക്ക് തയാറാക്കി നില്ക്കുമ്പോൾ ഒരു ധീരനായ, ദേശാഭിമാനിയായ പട്ടാളക്കാരൻ ഇതൊന്നും ആലോചിച്ചുകൂട... !

ഓർമകൾ തിക്കിത്തിരക്കിയെത്തുന്നു... അമ്മൂമ്മ! അവരാണെന്നെ വളർത്തിയത്. അച്ഛനമ്മമാർ ഞാൻ പിറന്ന് അധികം കഴിയുംമുമ്പേ മരിച്ചു. 'ഇല്ല'ത്തെ വീട്ടുവേലകൊണ്ട് ഞാനും അമ്മൂമ്മയും ജീവിച്ചു. ദേവഭക്തയായ എന്റെ അമ്മൂമ്മ... ഞാനോർക്കുകയാണ്...!

ഈറ്റില്ലമേ! നിന്റെനേർക്ക് അതാ! തോക്ക് ചൂണ്ടി കുറേപേർ നില്ക്കുന്നു ..അപ്പോഴും ഈയുള്ളവൻ ഓർമ്മിച്ചുപോകയാണ്.. ആ പഴയതലമുറയെ...

അവർ എനിക്ക് എന്തെല്ലാം കഥകൾ പറഞ്ഞുതന്നിരുന്നു. പുരാണകഥകൾ. ശ്രീകൃഷ്ണഭഗവാന്റെയും... ശ്രീരാമന്റേയും... ബുദ്ധഭഗവാന്റേയും അങ്ങിനെ, സാരവത്തായകഥകൾ. എന്റെ ഹൃദയവികാസത്തിലും സ്വഭാവരൂപീകരണത്തിലും സാരമായപങ്ക് അവർ വഹിച്ചു എന്നല്ല... മുഴുവനും.. അവരുടെ, ആ പഴയതലമുറയുടെ, രത്നങ്ങൾ ഒരു പുതിയ തലമുറക്ക് ആ[illegible] നല്കുന്നതിൽ കരുത്തും, നിറവും പ്രദർശിപ്പിച്ചു . അവരെന്നെ മനുഷ്യനാക്കി . നല്ലൊരമ്മൂമ്മ . ഓർമകളുടെ ഓലത്താളുകൾ എത്തിൽ നിവരാൻ തുടങ്ങുമ്പോഴൊക്കെ;

ആ മറവിച്ചേറിയ ഓലത്താളുകളെ ഉന്നംവെക്കാൻ ശ്രമിക്കുന്നതു ഞാൻ കാണുന്നു.

ഓർമകൾ താളുംവെച്ചങ്ങനെ ഇഴഞ്ഞുപോയി. എന്റെ വീട്ടുമുററത്തെ ഒട്ടുമാവ്...

ഞാനന്ന് നന്നെ ചെറുപ്പമായിരുന്നു. ഒട്ടുമാവും ചെറുതായിരുന്നു;.. അതിന്റെ താഴേ കൊമ്പിൽ കയറിയിരുന്നപ്പോൾ കുട്ടികൾ 'ചൂണ്ട' യിടാൻ പോകുന്നതുകണ്ടു. പലനാളായി കൊതിക്കുന്നു 'ചൂണ്ട'യിടാൻ പോവാൻ. തെക്കേതിലെ ഷെറീഫ് ക്ഷണിക്കയും ചെയ്തു. അമ്മൂമ്മ വിട്ടില്ല. വല്ലാത്തൊരമ്മൂമ്മ ..

'പാഠവും' 'കൃഷ്ണ'നുമൊക്കെ സഞ്ചിയിലൊതുക്കി അങ്ങകലെയെന്ന് പറഞ്ഞാ സ്കൂളിലേക്ക് പോകുമ്പോൾ ഞാനും കൊതിച്ചു സ്കൂളിൽ പോവാൻ, ഞാനമ്മൂമ്മയോട് കെഞ്ചിനോക്കി. സമ്മതിച്ചില്ല....വല്ലാത്തൊരമ്മൂമ്മ.

ഒട്ടുമാവിൽ നിന്നിറങ്ങി അമ്മൂമ്മയെശ്രദ്ധിച്ചു. അകത്തെന്തോ ജോലിയിലാണ്. മെല്ലെ പടികടന്ന് ഒരോട്ടം വെച്ചുകൊടുത്തു. ഭഗവാനെ! അമ്മൂമ്മ കാണല്ലെ! ഓട്വെച്ചതിൽപിന്നെ അമ്മൂമ്മയുടെകൂട്ടില്ലാതെ പുറത്തുപോയിട്ടില്ല...! 'അമ്പലവും' 'ചിറയും' 'അവിടത്തെ അരയാലും' 'അമ്പലത്തിലെ' 'ദേവനും' ആയാൽ എന്റെ ലോകപരിചയത്തിന്റെ സീമയായി.

ഷെറീഫ് പലവുരു പട്ടണത്തിലെ ചന്തക്ക് പോയിരുന്നു. വേലിവക്കിൽവന്ന് അവൻ പട്ടണത്തിലെ രസമെല്ലാം വർണ്ണിച്ചപ്പോൾ എനിക്കെന്ത് കൊതിതോന്നിയെന്നോ! അമ്മൂമ്മസമ്മതിക്കേണ്ടേ?

ഓടിയോടി ചൂണ്ടപ്പിള്ളരുടെ സംഘത്തിൽ ചേർന്നു. എനിക്ക് ചൂണ്ടയില്ലായിരുന്നു. അവരെനിക്കുചൂണ്ടതന്നു. ആർപ്പും വിളിയുമായി ചൂണ്ടസംഘം യാത്രതുടർന്നു...അങ്ങ് ദൂരെ നദിവക്കിലോളം. അവരെന്നെ ചൂണ്ടയിടാൻ പഠിപ്പിച്ചു...ഞാൻ നദിയുടെ ഒഴുക്കിന്റെ ചന്തംകണ്ട് സന്തോഷിക്കയായിരുന്നു.

“‘പൊന്തു’ താണാൽവലിച്ചോ” ‘ഷെറീഫിന്റെ ഓഡർ.

ഞാൻ ചൂണ്ടശ്രദ്ധിച്ചു. ചൂണ്ടയിൽ ഒരു ചലനം. ചൂണ്ട ഒഴുക്കുള്ളിടത്തേക്ക് വലിഞ്ഞുപോകുന്നതുപോലെ .

“വലിയെടാ” ഷെറീഫലറി

ഞാൻ സർവ്വശക്തിയുമുപയോഗിച്ച് ചൂണ്ടവലിച്ചു. എന്തോഒന്ന് ഉയരത്തിൽ കരയിൽവന്നുവീണു. 'നീർക്കോലി' അതും വലുത് ..

ഞാൻ പേടിച്ചുപോയി...'പാമ്പോ...?'

“ഓടെടാ” ഷെറീഫിന്റെ അലച്ച് കേൾക്കെ എല്ലാവരും ചൂണ്ടയും മീനും ഉപേക്ഷിച്ച് ഓട്ടം തുടങ്ങി. . ഞാനും ഓടി. എനിക്ക് പേടിയായി. അമ്മൂമ്മ എന്നെ തിരയുന്നുണ്ടാവും...അമ്മൂമ്മയുടെ ചൂരൽവടി..... അതുകൊണ്ടിതുവരെയെന്നെ തച്ചിട്ടില്ല. ഇനി തല്ലുമോ? ഓടിത്തളർന്നപ്പോൾ നടത്തമായി. വീട്ടിന്റെ പിൻഭാഗത്തുകൂടെ ചെന്ന് അവിടത്തെ തിണ്ണയിൽ ഇരിപ്പുറപ്പിച്ചു. അമ്മൂമ്മ 'ഉമ്മറത്ത്' ആരോടൊ സംസാരിക്കുന്നു. ഞാൻ ശ്രദ്ധിച്ചു.

“ഓമനെ ഞാൻ എങ്ങന്യാ വളത്തീന്ന്നറിയാമൊ?” അമ്മൂമ്മ ചോദിക്കയാണ് . ആ 'നീർക്കോലി' എന്റെ ഹൃദയത്തിൽ കിടന്നൊന്ന് പിടഞ്ഞു. അമ്മൂമ്മയുടെ ചൂരൽവടി! സൂര്യനസ്തമിച്ചു. എന്നെക്കാണാഞ്ഞ് അമ്മൂമ്മ പുറത്തേക്ക് പോയി. ഞാൻ പതുങ്ങിച്ചെന്ന് കോലായിൽ ഇരിപ്പായി. ഭഗവാനെ! ചൂണ്ടയിടാൻപോയതാണെന്ന് അമ്മൂമ്മ അറിയല്ലെ...ഞാൻ വല്യമ്പലത്തിലെ ദേവന്ന് ഒരു 'പണപ്പായസം നേരുകയായിരുന്നു.' അമ്മൂമ്മ മടങ്ങിവന്നു. കോലാ

യിൽ എന്നെകണ്ടു. ഞാൻ കരഞ്ഞു. അവരും. "മോനെ നീ യെന്തിനേ ചൂണയിടാൻ പോയെ'......ഞാൻ കഴങ്ങി. ആ നീക്കോലി എന്നെപിടിച്ച് വിഴുങ്ങാൻ വരുന്നതുപോലെ......

ഞാൻ മിണ്ടിയില്ല. കരഞ്ഞു. അന്നുരാത്രി എനിക്ക തീരെ ഉറക്കംവന്നില്ല. ആ നീക്കോലി! അവസാനം ഞാനമ്മൂമ്മയോട് പറഞ്ഞു.

"മോനെ, മിണ്ടാപ്രാണികളെ കൊല്ലുന്നത് പാപമാ. അത് കുലം കെടുക്കും"

ഞാനിനി ചൂണയിടാൻ പോവില്ലെന്ന് ശപഥം ചെയ്തു.

അമ്മൂമ്മ എനിക്ക് പല കഥകളും പറഞ്ഞുതന്നു. ഞാൻ എല്ലാം സശ്രദ്ധം കേട്ടു.

"ഒരിക്കൽ മീൻരാജ്യത്തെ രാജാവ് ഉല്ലാസയാത്രക്ക് പോയപ്പോ കുറേ പിള്ളേർ അദ്ദേഹത്തെ ചൂണലിട്ട് പിടിച്ച് വീട്ടിൽ കൊണ്ടുപോയി കറിവെച്ചു. ആ വീട്ടിലെ എല്ലാവരും മരിച്ചു"

"വേറൊരിടത്ത് കുറേ കുട്ടികൾ ചൂണയിടാൻ ഞാഞ്ഞൂളിനെ പിടിക്കുമ്പോൾ ഒരു സർപ്പം പ്രത്യക്ഷപ്പെട്ട് ആ കുട്ടികളെയെല്ലാം കടിച്ചുകൊന്നു. (പാമ്പും, ഞാഞ്ഞൂളും ഒരേ വംശക്കാരെന്നു വിശ്വാസം.)"

അമ്മൂമ്മ കഥകൾ തുടർന്നു.

ഞാൻ പിന്നെ ഒന്നിനേം കൊന്നില്ല.

"ഞാൻ ഇനി ഒരു ജീവിയേം കൊല്ലില്ല" എല്ലാം പുലരിയിലും ഞാനാശപഥം പുതുക്കി. അമ്മൂമ്മ സന്തോഷിച്ചു.

അവർ, ആ തലമുറ, അങ്ങിനെയാണ് എന്നെ വളർത്തിയത്...

പട്ടാളത്തിൽ ഞാൻ ചേർന്നത് :അവരുടെ ഹൃദയത്തെ നുറുക്കിക്കളഞ്ഞു.

എനിക്ക് ശപഥം ചെയ്യേണ്ടിവന്നു. "ഞാനാരെയും ഒന്നിനെയും കൊല്ലില്ലെന്ന്"...!

പക്ഷെ! ഗീതതൊട്ട് സത്യംചെയ്ത ഈ പുതിയ തലമുറയിലെ ഒരു പട്ടാളക്കാരനാ്......

ശത്രുരാജ്യത്തിന്റെ നിറതോക്കിന്റെ മുന്നിൽ കണ്ണടച്ചുകൂട. അതഭികാമ്യമല്ല...നീതിയല്ല. ഞാനിവിടെ നിണം ചൊരിയണം.

എനിക്കവേണ്ടി...

എന്റെ നാട്ടിനുവേണ്ടി......

ഞാനിവിടെ മരിച്ചാൽ മരിക്കുകയില്ല. അനേകലക്ഷം ജനങ്ങളുടെ ഹൃദയത്തിൽ ഞാൻ ജീവിക്കുകയായിരിക്കും.

അതെല്ലാം കഴിഞ്ഞു.

രണ്ടു തവണ വീണ്ടും ഞാൻ നാട്ടിൽചെന്നു. അമ്മൂമ്മ ആഹ്ലാദിച്ചില്ല. എന്നിലെ പട്ടാളക്കാരനെ അവർ, ആ തലമുറ—ഇഷ്ടപ്പെട്ടില്ല. അവർ വിഭാവനം ചെയ്യുന്ന ലോകത്തിൽ ഇത്തരമൊരു പട്ടാളക്കാരന്റെ ആവശ്യമില്ലായിരിക്കാം. ഞാൻ വിവാഹംകഴിച്ചു. 'മണി' അവളും പാവയാണ്. നല്ലൊരമ്മയാകുവാൻകൊതിക്കെ. അവൾ ഗർഭിണിയാണ്...പാവം.

"മോനെ നീ ആരേം കൊല്ലരുതേ..."...ആ വാക്കുകൾ എന്റെ കർണ്ണപുടങ്ങളിൽ തങ്ങിനിന്നു. മൈക്കുകൾ മുഴങ്ങി

മേജർസാബ് ഞാൻ മറഞ്ഞിരുന്നിടത്തേക്കിഴഞ്ഞ് വന്നു എന്നെ കുലുക്കിവിളിച്ചപ്പോഴാണ് ഞാൻ ഓർമ്മയിൽനിന്നുണർന്നത്...

വെടിവെപ്പുകൾ നടന്നു.....

ഞാൻ ജാഗ്രതയായി വെടിതുടർന്നു.. ശത്രുപക്ഷത്തിലെ കുറെ പേരുടെ നെഞ്ച് തുളക്കാൻ എന്റെ വെടിയുണ്ടകൾക്ക കഴിഞ്ഞു...എന്റെ കരങ്ങൾ...ഹാ...ഞാൻ ധന്യനായി! അനുഗ്രഹീതനായി...!

പക്ഷെ അമ്മൂമ്മ...! അവരോട് സത്യംചെയ്തല്ലെ 'ഞാനാരെയും കൊല്ലില്ലെന്ന്'! എന്നിട്ട്.

ഞാനാരേം കൊന്നില്ല...ഇന്ത്യൻ ജനത ജീവിക്കയാണ് ചെയ്തത്...

അതൊന്നും അമ്മൂമ്മ സ്വീകരിക്കയില്ല. പഴയ തലമുറക്കിതിഷ്ടമാകയില്ല...

ഇതിനകം ഒരു വെടിയുണ്ട എന്റെ കയ്യിന് മീതെ തുളഞ്ഞു കേറിയിരുന്നു. ഞാനതറിഞ്ഞില്ല.....

"അമ്മൂമ്മേ...,ഞാനാരേം കൊന്നില്ല"...ഞാൻ ഇത്രയും പറഞ്ഞതു് ഓർക്കുന്നു. പിന്നെയെനിക്ക ബോധമില്ലായിരുന്നു.

ബോധം വന്നത് തലസ്ഥാനനഗരിയിലെ മിലിട്ടറി ഹോസ്പിറ്റലിൽവെച്ചാണ്...ഞാൻ ഉറക്കെ അലറി "ഇന്ത്യൻ മണ്ണ് വീണ്ടു കിട്ടിയോ..." വാക്കുകൾ പൂർത്തിയായില്ല ..വല്ലാത്ത വേദന...കയ്യിൽനിന്നാണ്. ഞാൻ നോക്കി, വലതു കയ്യിന്റെ പകുതിയോളം മുറിച്ചിരുന്നു... ...! എന്റെ ചോരതിളച്ചു. ഞാനലറി. "എനിക്ക് യുദ്ധം ചെയ്യണം"...ഞാൻ ബെഡ്ഡിൽനിന്നു ചാടിയെണീല്ക്കാൻ ശ്രമിച്ചു. ഡാക്ടർ ഓടിവന്ന് എന്നെ തടഞ്ഞു. ഞാനറിഞ്ഞു ഇന്ത്യൻമണ്ണ് വീണ്ടുകിട്ടിയില്ലെന്ന്. മുറിവ് ഉണങ്ങാൻ ഒരു മാസത്തോളമായി. എന്നെ പട്ടാളത്തിൽനിന്നു പിരിച്ചു. കയ്യ് മുറിഞ്ഞവനെക്കൊണ്ട് പട്ടാളത്തി

ളെന്തുകാര്യം. അവരെന്നെ യാത്രയാക്കി...ഞാനാ അതിർത്തികളിലേക്ക നോക്കി......അലക്ഷ്യമായി...രൂക്ഷമായി ഒരു തലമുറയുടെ പകയോടെ......!

ഒരൊററക്കയ്യൻ പട്ടാളക്കാരൻ വന്നുകയറിയപ്പം അമ്മൂമ്മയും, രമണിയും പൊട്ടിക്കരഞ്ഞു.

പാവം രമണി...എട്ടുമാസം ഗർഭമാണ്

അമ്മൂമ്മ .....

“മോനെ നീ യുദ്ധത്തില് ആളെക്കൊന്നോ?” അമ്മൂമ്മയുടെ ചോദ്യം.

ഞാൻ കുഴങ്ങി.

അമ്മൂമ്മ അട്ടഹസിച്ചു . വാവിട്ടുകരഞ്ഞു...അവസാനം കട്ടിലിൽ ചെന്ന്‌വീണു. ‘അവർക്കത്‌ രസിച്ചില്ല’....

“അമ്മൂമ്മെ...” ഞാൻ വിളിച്ചു...

അവർ മിണ്ടിയില്ല...

ഞാൻ വെടിവെച്ചതവർക്കിഷ്ടമായില്ല...

വീണ്ടും വിളിച്ചു...

അവർ പിന്നെ മിണ്ടിയില്ല......!!!

എന്നെ വളർത്തിയെടുത്ത തലമുറ—എൻെറ—പുതിയ തലമുറയുടെ കൃത്യം ഇഷ്ടപ്പെട്ടില്ല!

അമ്മൂമ്മയുടെ ശവസംസ്കാരം കഴിഞ്ഞ് രണ്ടുമാസംകഴിഞ്ഞപ്പോഴാം രമണി ഒരാൺകുഞ്ഞിനെ പ്രസവിച്ചു....ഒന്നരക്കയ്യൻ പട്ടാളക്കാരൻെറ മകൻ...ഞാനവനെ വളർത്തും? ഒരു പുതിയ തലമുറക്ക് രൂപം നല്കും...അതിൻെറ കൈകാൽക്ക് കരുത്തില്ലാതെ പോവില്ല: തീർച്ച...

അവൻ അതിർത്തികളിലൊക്കെ യുദ്ധംചെയ്യണം!

അന്തിമയങ്ങുമ്പോഴാം ഞാൻ അമ്മൂമ്മയുടെ ശവക്കുഴിക്കരികെചെന്നിന്ന്—ആ—അതിർത്തികളിലേക്ക് നോക്കും. കുറേതലമുറകളുടെ വിദ്വേഷത്തോടെ...പകയോടെ..“അമ്മൂമ്മേ”...ഞാൻചെയ്തത് തെററായോ? എൻെറ ഹൃദയം അന്വേഷിച്ചു......

“ഇല്ല”... പുതിയതലമുറക്ക്‌വേണ്ടി ഞാൻ തോക്കൊഴിച്ചു...ആരേയും കൊന്നതല്ല... നാം ജീവിച്ചതാണ്.

കൊച്ചുമോൻ രമണിയുടെ കൈകളിൽ പിടിച്ച് നടന്നു. അവൻ സന്ധ്യക്ക്‌അമ്മൂമ്മയുടെ ശവക്കുഴിക്കരികെ ‘വിളക്കുവെക്കും’

പുതിയതലമുറകളുടെ വിളക്ക്...

ഞാനവനെ ശ്രദ്ധിച്ചു...

ഞാനവനെ വളർത്തും...

പഴയതലമുറയുടെ ആവേശവും ആശയവും സമാർജ്ജിച്ച്....

അമ്മൂമ്മയുടെ കരങ്ങളുടെ കരുത്തും, വീര്യവും ആവാഹിച്ച് .....

ഞാനവനെ വളർത്തും .....

അവനൊരു പട്ടാളക്കാരനാവണം അതിർത്തികളിൽ യുദ്ധംചെയ്യണം അവിടെ അവൻ മരിക്കട്ടെ . ആളുകളെ കൊല്ലട്ടെ......

കുഞ്ഞിമോൻെറമുഖത്തും...അപ്പുറം ആ അതിർത്തികളിലേക്കും ഞാൻ നോക്കിപ്പോയി...... അവൻെറ കൺകളിൽ ഒരു പുതിയതലമുറയുടെ വിദ്വേഷം ..ആ അതിർത്തിയിലേക്കെന്നപോലെ പടരുന്നത് കാണായി.

# വേദനിയ്ക്കുന്ന ആത്മാക്കൾ

ബാലകൃഷ്ണൻ, പെരുമ്പിലാവിൽ II B. Com.



ലൈററ് ഓഫിനുള്ള ഒന്നാമത്തെ വിസിൽ...

തുടർന്ന്, അല്പംകഴിഞ്ഞ് രണ്ടാമത്തേതും.

എല്ലാവരും കട്ടിലുകളിൽ വന്നുകിടന്നു.

നിശ്ശബ്ദത.

രാജു ഒരു നെടുവീർപ്പിട്ടു. തീരെ ഉറക്കം വരുന്നില്ല. എത്ര ദിവസമായി സ്വപ്നമൊന്നോർത്തിട്ട്. ലീവ് കിട്ടുമെന്നറിഞ്ഞതു മുതൽ ഉറക്കം കുറഞ്ഞ് വരികയായിരുന്നു.

നാലാംനാൾ ഒരു പക്ഷെ ഈ നേരമാകുമ്പോഴേയ്ക്കും താൻ വീട്ടിൽ എത്തിയിട്ടുണ്ടാവും. അമ്മയുടേയും ഭാര്യയുടേയും അരികിൽ കൊച്ചു മകളേയും മടിയിൽ വെച്ചുകൊണ്ട്, ഇരിക്കുകയാവും.

എത്ര ദിവസം വേണ്ടിവന്നു ലീവൊന്നനുവദിച്ചു കിട്ടുവാൻ.

നീണ്ട പത്തുമാസത്തിനുശേഷം ലീവിൽപോകയാണ്. ഇതിനുള്ളിൽ എത്രയെത്ര പുതിയ സ്ഥലങ്ങളിൽ താമസിച്ചു എത്രയെത്ര ഭടന്മാരുമായി ഇടപഴകി.

ഓ. അതൊന്നും ഓർക്കാതിരിക്കുകയാണ് ഭേദം.

വേദനകളുടേയും സന്തോഷത്തിന്റേയും കെട്ടുപിണഞ്ഞ കഥകൾ.

അമ്മയുടെ മൂന്ന് നാല് കത്തുകളായി അടുത്തടുത്ത് വരുന്നു. മൂന്നു ദിവസം മുമ്പാണ് അവസാനത്തെ കത്തു വന്നത്.

"അമ്മിണിയ്ക്ക് തീരെ സുഖമില്ല. ദേഹം വല്ലാതെ തളർന്നിരിക്കുന്നു. പ്രസവം എപ്പോഴാണ് ഉണ്ടാവുകയെന്ന് പറയാൻ വയ്യ; അടുത്തുതന്നെ ഉണ്ടാവുമെന്നാണ് നേഴ്സ് പറയുന്നത്. കഴിയുന്നത്ര നേരത്തെ വരിക"

രാജു ബാഗിൽനിന്നും ടോർച്ചെടുത്ത് ലൈററിട്ടു. അയാൾ വലിയ ഇരുമ്പുപെട്ടി ഒന്നുകൂടി പരിശോധിച്ചു. വല്ലതും വെയ്ക്കാൻ മറന്നിരിക്കുമോ. ഇല്ല. എല്ലാം വെച്ചിട്ടുണ്ട്. മുകളിൽ തന്നെ കസവുസാരിയാണ്. അതിന് ചുവട്ടിലായി പൂത്താലിമാലയും. പെട്ടിയുടെ ഒരരികിലാണ് കുഞ്ഞുമോനുള്ള കളിസ്സാമാനങ്ങളും മററും വെച്ചിട്ടുള്ളത്.

ലീവ് അപ്ലിക്കേഷനുമായി ആപ്പീസിൽ ചെന്ന് ഓഫീസറോട് അപേക്ഷിച്ചു. വീട്ടിലെ സ്ഥിതിഗതികളെപ്പററി വിവരിച്ചുകൊടുത്തു. ഭാര്യ ഗർഭിണിയാണെന്നും പ്രസവിയ്ക്കാറായിട്ടിരിക്കുന്നെന്നും പറഞ്ഞു.

വെളുത്തു തടിച്ച് സുമുഖനായ ആ മനുഷ്യന്റെ അകവും സുന്ദരമായിരുന്നു. വളരെ താമസിയാതെതന്നെ ലീവ് അനുവദിച്ചു കിട്ടുകയും ചെയ്തു.

ഭൂതകാലസംഭവങ്ങളെല്ലാം വർത്തമാനകാലസംഭവങ്ങളേയും തമ്മിൽ വേർതിരിക്കുന്ന അതിർ വളരെ നേർമയേറിയതാണ്. വളരെ വേഗത്തിൽ മനസ്സ് ആ അതിരുകളെല്ലാം ഭേദിച്ച് ഭൂതകാലസംഭവങ്ങളിലേയ്ക്ക് കടക്കും.

ഹൃദയത്തിന്റെ മൃദുലമായ ഭിത്തികളിൽ വേദനകളും പോറലുകളുമുണ്ടാക്കിയ സംഭവങ്ങളാണ് വർത്തമാനകാലത്തെ തെല്ലുനേരത്തേയ്ക്ക് നിർജ്ജീവമാക്കിത്തീർത്ത് അവ മനസ്സിൽ മരവിച്ച ഓർമ്മകളെ ഉയർത്തെഴുന്നേല്പിയ്ക്കും.

മൂന്നരവർഷങ്ങൾക്ക് മുമ്പ്, അന്ധകാരം നിറഞ്ഞ ജീവിതപഥത്തിലേയ്ക്ക് പ്രകാശത്തിന്റെ ഒളിവിതറുമാറ് അവൾ കടന്നുവന്നു. അതിന്റെ

പ്രകാശനാളങ്ങൾ അന്ധകാരമേറിയ ഹൃദയാന്തരാളങ്ങളെപ്പോലും പ്രകാശിതമാക്കിത്തീർത്തു

അപ്പോൾ താൻ പ്രാർത്ഥിച്ചിരുന്നു. ദൈവമേ, അതു പൊലിഞ്ഞുപോകല്ലേയെന്ന്.

കണ്ണിണകളിൽ വശ്യതയും പുഞ്ചിരിയിൽ വിരിഞ്ഞ റോസാമല്ലിപ്പൂക്കളുമായി അവൾ നടന്നടുക്കുമ്പോഴെല്ലാം ലോകം തന്റെ ചവുട്ടടിയിൽ തള്ളപ്പെട്ടതായും വിചാരിച്ചിരുന്നു. അല്ല, അഭിമാനിച്ചിരുന്നു.

ഹൃദയത്തിന്റെ അഗാധതലങ്ങളിൽ ആശകളും ദിവ്യാനുഭൂതികളും ഊറിയിറങ്ങിയിരുന്നു. അപ്പോഴെല്ലാം അജ്ഞാതമായ ഒരു ദിവ്യസംഗീതത്തിന്റെ ഈരടികൾ ഹൃദയം മുഴുവൻ അനുരണനം ചെയ്തുകൊണ്ടിരുന്നു. അപ്പോഴും താൻ പ്രാർത്ഥിച്ചു, ദൈവമേ, തന്റെ ഹൃദയവിപഞ്ചികയിൽ സ്വർഗ്ഗീയസംഗീതം മീട്ടുന്ന ആ മാലാഖ മറഞ്ഞുപോവരുതേയെന്ന്.

അമ്മിണി, അവൾ തന്റെ അയൽപക്കക്കാരിയായിരുന്നു. സാമാന്യം പണവും പ്രതാപവും ഉള്ള ഒരു തറവാട്ടിലെ അംഗം. സ്നേഹത്തിന്റേയും അലൗകികസൗന്ദര്യത്തിന്റേയും ഉറവിടം. മാത്രമോ, സംസ്കാരസമ്പന്നയും അഭ്യസ്തവിദ്യയുമായ ഒരു തരുണീരത്നം.

വെളുത്ത് കൃശഗാത്രിയായ അവളെ എന്നെന്നേക്കും തന്റേതാക്കാൻ മോഹമുണ്ടായിരുന്നിട്ടും അവൾക്ക് തന്റെ ഹൃദയത്തിൽ ശാശ്വതപ്രതിഷ്ഠ നല്കുന്നതിനുമുമ്പായി താൻ അവളോട് പറഞ്ഞു.

“ശാലീനയായ പെൺകുട്ടീ, ഒരു പട്ടാളക്കാരന്റെ ജീവിതത്തെക്കുറിച്ച് നിനക്കെന്തറിയാം. മൃദുലതയേറിയ നിന്റെ പാദങ്ങൾ പൂവിതറിയ വഴിത്താരയിലൂടെ മാത്രമേ ചലിക്കാവൂ. ഒരു പട്ടാളക്കാരനോടൊത്തുള്ള ജീവിതം പുഷ്പമെത്തയല്ല. കണ്ടകമയമാണത്. ഒരുവശത്ത് കർക്കശമായ ജീവിതം. മറുവശത്ത് മൃദുലതയേറിയ സുന്ദരമായ ജീവിതം നീ എന്തു വിചാരിക്കുന്നു.”

പക്ഷെ അവൾ അത് കേട്ടില്ല. അവളുടെ ഭംഗിയേറിയ വടിവൊത്ത ചുണ്ടുകൾ മന്ത്രിച്ചു.

“അങ്ങയോടൊത്തുള്ള ജീവിതം കണ്ടകമയമാണെങ്കിൽ ആ ജീവിതത്തെ ആശ്ലേഷിക്കുവാനാണ് ഞാനിഷ്ടപ്പെടുന്നത്. ക്രമേണ നമുക്കതിൽ പൂവിതറാൻ സാധിക്കും......

താൻ വീണ്ടും പറഞ്ഞു.

“ഒരു പട്ടാളക്കാരന്റെ ജീവിതം ഒരു നീർക്കുമിളപോലെയാണമ്മിണി. ഏതു നിമിഷമെങ്കിലും അതു പൊട്ടിപ്പിരിയാം. മരണത്തിന്റെ അദൃശ്യകരങ്ങൾ അയാൾക്ക് തൊട്ടരികിലാണ്.... ഏതുനേരത്തും......”

അവളോട് വീണ്ടും ഒരു പാട് പറഞ്ഞുകൊടുത്തു എന്നിട്ട് ചോദിച്ചു. “പട്ടാളക്കാരനെ വേണോ?”

അവൾ പട്ടാളക്കാരനെയാണാഗ്രഹിച്ചത്. അവൾക്കയാളെ മതി.

പുളകം പൂരട്ടുന്ന പൂനിലാവിൽ, ശാന്തശീതളമായ വസന്തനിശകളിൽ അവളുടെ ഭംഗിയേറിയ അളകങ്ങളെ പിടിച്ചൊതുക്കി “ഓമനേ” എന്ന് താൻ വിളിച്ചിരുന്നു. അപ്പോഴെല്ലാം ലജ്ജകൊണ്ട് താണ മുഖത്ത് റോസാപുഷ്പങ്ങളെ വിരിയിച്ചുകൊണ്ട് അവൾ തന്നോടടുക്കിയിരുന്നു. രണ്ടു യുവഹൃദയങ്ങളുടെ വികാരവിചാരങ്ങൾ സംഗമസ്ഥാനമായി. സമൃദ്ധമായും വർണ്ണം സമ്മേളിച്ചിരുന്നു.

അപ്പോഴും താൻ പ്രാർത്ഥിച്ചു. ദൈവമേ തങ്ങളുടെ ജീവിതത്തിൽ മുള്ളു നിറയരുതേയെന്നു.

തങ്ങൾ വിവാഹിതരായപ്പോൾ സമുദായം ശക്തമായി അട്ടഹസിച്ചു. യാഥാസ്ഥിതികർ കണ്ണുരുട്ടി. സദാചാരത്തിന്റെ കീറത്തിരശ്ശീലകൾ പിന്നിൽ നടമാടുന്ന ദുഷ്കൃത്യങ്ങളുടെ നേരെ കണ്ണടയ്ക്കുന്ന സമുദായം ആർത്തട്ടഹസിച്ചു.

പക്ഷെ ആ പ്രതിഷേധങ്ങളെ വകവെയ്ക്കാതെ ഒരു ഹിന്ദുയുവാവും ക്രിസ്ത്യൻയുവതിയും വിവാഹിതരായി.

വിവാഹം കഴിഞ്ഞു രണ്ടുമൂന്നാഴ്ചകൾ കഴിഞ്ഞതേയുള്ളൂ. പക്ഷെ മധുവിധുവിന്റെ ചൂടാറുംമുമ്പ് നാട്ടിൽനിന്നും പോരേണ്ടിവന്നു. ലീവ് അവസാനിച്ചിരിക്കുന്നു.

പോകുമ്പോൾ അവൾ പൊട്ടിക്കരഞ്ഞു. ഇനി എപ്പോഴാണ് വരുന്നതെന്നുതന്നെ പറഞ്ഞുകൂടായിരുന്നു അങ്ങിനെ അവിടെനിന്നും പോന്നതാണ്. മാസങ്ങളേ കഴിഞ്ഞുള്ളൂ. പക്ഷെ അനേകയുഗങ്ങൾപോലെ തോന്നുകയാണ്.

ഇടയ്ക്കായി അവളുടെ കത്തുണ്ടാകാറുണ്ടായിരുന്നു. ഒന്നിൽ അവൾ സൂചിപ്പിച്ചു താൻ ഗർഭിണിയായിരിക്കുന്നുവെന്ന്. കുഞ്ഞിന് കൊടുക്കാൻ വല്ലതും തയ്യാറാക്കിവെയ്ക്കണമെന്ന്.

പക്ഷെ ഇന്നോ പോകുവാൻ അനുവദിച്ചുള്ളൂ. പോകുന്നതിനു മുമ്പായിത്തന്നെ വീട്ടിലേക്ക് കമ്പിയടിക്കുകയും ചെയ്തു താൻ വരുന്നുണ്ടെന്ന്.

പെട്ടി തുറന്ന് അയാൾ നാലഞ്ചു ചെറിയ സിൽക്കുപ്പായങ്ങൾ പുറത്തെടുത്തു. അവയെ ചുംബിക്കുമ്പോൾ എന്തോ ഒരു അനിർവ്വചനീയമായ ആനന്ദാതിരേകം അയാൾക്കനുഭവപ്പെട്ടു.

ഭാര്യ ഗർഭിണിയായ മുതല്ക്കുതന്നെ പലതും ഭാവനയിൽ കാണാൻ ആരംഭിച്ചിരുന്നു.

വീർത്ത് കുമ്പാളയുടെ നിറമൊത്ത വയറ്റിൽ തലോടിക്കൊണ്ട് അവൾ വരുമ്പോൾ ചോദിക്കുന്നു.

"അമ്മിണി, നിനക്കുണ്ടാകാൻ പോകുന്ന കുട്ടി ആണോ പെണ്ണോ?"

അപ്പോൾ അവൾ ലജ്ജാഭാരത്തോടെ തലകുനിക്കും

"ആൺകുട്ടിയായാൽ മതിയായിരുന്നു" താൻ പറയും.

"എന്നിട്ട് വേണം അവനെ ഒരു പട്ടാളക്കാരനാക്കാൻ. അവൾ പരിഭവം പ്രകടിപ്പിക്കും.

"ഏയ് എന്താ പട്ടാളക്കാരനിത്ര മോശം."

'അതൊക്കൊണ്ട്'.

"എന്നിട്ട് നീ ഒരു പട്ടാളക്കാരനെയല്ലേ പ്രേമിച്ചത്......"

അപ്പോൾ ലജ്ജ കുമ്പിയ ആ മുഖത്ത്, രണ്ട് റോസാപുഷ്പങ്ങൾ വിരിഞ്ഞുനില്ക്കും.

താൻ അവിടെ ചെല്ലുമ്പോഴെല്ലാം ഒരു പിഞ്ചുപൈതലിന്റെ കരച്ചിലോ, ചിരിയോ ആയിരിക്കും തന്നെ സ്വാഗതം ചെയ്യുക.

അയാൾ ഊറിയൂറിയൊന്നു ചിരിച്ചു.

പ്രസവം അടുക്കുമ്പോഴെല്ലാം അവൾ ചോദിച്ചിരിക്കും.

"അമ്മേ, അവർ ഇനിയും വന്നില്ലേ?" അപ്പോൾ അമ്മ സമാധാനിപ്പിക്കും "നീ എന്തിനാണിങ്ങനെ ബേജാറാവുന്നത്, കുട്ടീ അവൻ ഇന്നെത്തുമെന്നല്ലേ കമ്പി അടിച്ചിരിക്കുന്നത്."

താൻ വീട്ടിലെത്തുമ്പോൾ കുട്ടിയെയും അടുത്തു കിടത്തിക്കൊണ്ട് അവൾ പ്രക്ഷീണയായി കിടക്കുകയായിരിക്കും. തന്റെ സാന്നിദ്ധ്യം അവളെ സന്തോഷിപ്പിക്കും. മധുരമായി പുഞ്ചിരിച്ചുകൊണ്ട് അവൾ കുഞ്ഞിനെ തരുമ്പോൾ താൻ ചുംബനങ്ങൾകൊണ്ട് അവനെ വീർപ്പുമുട്ടിക്കും. ഇതെല്ലാം കണ്ട് അമ്മയും അമ്മിണിയും ചിരിക്കും .....

**അമ്മ പറയും "അമ്മിണീടെ തനിപ്പകർപ്പാ. ആ കണ്ണും, മൂക്കും, ചുണ്ടും ഒക്കെ ....."**

ഓ, അപ്പോ അവനൊരൊന്നാന്തരം സുന്ദരനായിരിക്കും.

"അപ്പൊ അമ്മേ, എന്റെ ഒരു ഛായേം ഇല്ലേന്നാണോ അമ്മ പറേണ്." വിയർത്ത് ഇഴുകിപ്പിടിച്ച ഷർട്ട് അഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ താൻ ചോദിക്കും.

"അതെ, നിന്റെ ആ കള്ളത്തരം മുഴുവനും കിട്ടീട്ടുണ്ട് ഇവന്......"

അപ്പോൾ അമ്മിണി തന്നെ നോക്കിച്ചിരിക്കും ........

—നേരം പുലർന്നപ്പോൾ പട്ടാള ഉടുപ്പുകളും ധരിച്ച് പെട്ടിയുമെടുത്തുപിടിച്ച് അയാൾ വണ്ടിയിൽ കയറി.

ശബ്ദമുണ്ടാക്കിക്കൊണ്ട് വണ്ടിയിളകി.

ചക്രങ്ങൾ ഉരുളുന്ന ശബ്ദം,

ചൂളംവിളി,

വണ്ടി .....തെരക്കിയപ്പോൾ അയാൾ കറുത്തു മുഷിഞ്ഞ പട്ടാള ഉടുപ്പ് ഊരി. നേരം മുഴുവനും വിയർത്തിരിക്കുന്നു.

വണ്ടിയിലെ ബാത്ത്റൂമിൽ പോയി മുഖത്തും ദേഹത്തും വെള്ളമൊഴിച്ചപ്പോൾ ഒരാശ്വാസം തോന്നി.

വണ്ടി തെങ്ങിൻതോപ്പുകളേയും പിന്നിട്ടുകൊണ്ട് നീങ്ങിയപ്പോൾ നീലിച്ച മാനത്ത് മിന്നിത്തിളങ്ങുന്ന താരകങ്ങളെയും നോക്കി അലസനായി അയാളിരുന്നു.

നേരം സന്ധ്യയോടടുത്തിരിക്കുന്നു. തെങ്ങിൻതോപ്പുകളും വാഴത്തോട്ടങ്ങളും പച്ചപ്പാടങ്ങളും എല്ലാം നീങ്ങി മറയുകയായിരുന്നു. കൂടെയിരിക്കുന്ന കുട്ടിയെ നോക്കി. കുപ്പികളും കുടുകളുമായി അങ്ങാടിയിൽനിന്നും തിരിച്ചുവരുന്ന പെൺകിടാങ്ങളും കുട്ടികളും സഹാം കൊട്ടകളുമായിരുന്നു അവൻ കണ്ടപ്പോൾ ചിരിയാണ് വന്നത്.

നെറ്റിയിലേക്ക് ഊർന്നുവീണ തലമുടിയിഴകളെ ഇരുകൈകളുംകൊണ്ടും പിന്നോട്ട് മാടിവെച്ച് ജാലകത്തിലൂടെ പുറത്തേക്ക് നോക്കുകയായിരുന്നു.

അപ്പോൾ,

വയൽവക്കിലായി ഒരു മൂലയിലുള്ള കുളത്തിൽ കുളിച്ചുകൊണ്ടിരുന്ന അർദ്ധനഗ്നകളായ ചെറുപ്പക്കാരികളെയാണ് കണ്ടത്. ഉടനെ മുഖം തിരിക്കുകയും ചെയ്തു.

വണ്ടിനിന്നു. പെട്ടിയും ബെഡ്ഡിംഗും എടുത്ത് അയാൾ പുറത്തേക്കിറങ്ങി.

മുഷിഞ്ഞ് കീറിയ തോർത്തുമുണ്ട് തലയിൽ കെട്ടിക്കൊണ്ടിരുന്ന ഒരു മദ്ധ്യവയസ്കനെ കണ്ടപ്പോൾ വിളിച്ചു

''നായരേ!''

കുഴിഞ്ഞു തുടങ്ങിയ കണ്ണുകൾ മേലോട്ടുയർത്തി പുരികങ്ങൾ താഴോട്ടൊടിച്ച് അയാൾ തറച്ച് നോക്കിയപ്പോൾ വീണ്ടും ചോദിച്ചു.

"നായർക്കെന്നെ മനസ്സിലായില്ലേ. മംഗലശ്ശേരീലെ......"

.. ഓ ഓ. ചെറ്യമ്പ്രാനാ. അടിയൻ തീരെ ഓർത്തില്ല."

മുണ്ടും മടക്കിക്കുത്തി പെട്ടിയും ബെഡ്ഡിംഗും തലയിലേറ്റിക്കൊണ്ട് അയാൾ നടന്നു. പിന്നാലെ രഘുവും

ഇനിയും ഒരു നാഴികകൂടി നടക്കണം

വീട്ടിലേയ്ക്കുള്ള വരമ്പിലേയ്ക്ക് കയറുമ്പോൾ അയാൾ റോഡരുകിലുള്ള പീടികകളിലേയ്ക്ക് ഒന്നുകൂടി കണ്ണോടിച്ചു. ഓ എന്തൊരു വ്യത്യാസം. അയാൾ അത്ഭുതപ്പെട്ടു, നിരത്തുവക്കത്തായി രണ്ടുമൂന്ന് പീടികകൾകൂടി പൊന്തിയിട്ടുണ്ട്, പണ്ടത്തെ രാമവിലാസംഹോട്ടൽ, ഇപ്പോൾ ഹോട്ടൽ ഡീ കേരളയായിരിക്കുന്നു,

ഉഴുതിട്ട പാടങ്ങൾക്കിടയിലൂടെ നടന്നു, അമ്പലക്കുളത്തിന്നടുത്തെത്തിയപ്പോൾ സന്ധ്യയുടെ അരണ്ട വെളിച്ചത്തിൽ കുളി കഴിഞ്ഞു പോകുന്ന ഒരു ചെറുപ്പക്കാരിയെ കണ്ടു. ബ്ലൌസ്സും ബോഡീസും നനച്ച് കൈത്തണ്ടമേലിട്ടിരിക്കുന്നു. തോർത്ത് മടക്കി മാറ് മറച്ചിരിക്കുകയാണ്. ഒരു കൈകൊണ്ട് ഈറൻ മുണ്ടിന്റെ താഴത്തെ തുമ്പ് വാരിപ്പിടിച്ചിരിക്കുന്നു.

അടുത്തെത്തിയപ്പോൾ അവൾ തിരിഞ്ഞു നോക്കി.

"ഓ രഘു ഏട്ടനോ?"

അവൾ പരിചയസൂചകമായി ഒന്ന് പുഞ്ചിരിക്കുകയും ചെയ്തു.

തെക്കേതിലെ ദേവുവായിരുന്നു.

''വരുന്ന വഴിയാണോ?''

"അതെ."

അവളുടെ മുഖത്ത് നോക്കിയപ്പോൾ ഒരു ദീനത അനുഭവപ്പെട്ടു. പിന്നെ അവൾ ഒന്നും മിണ്ടിയില്ല. യാത്രപറഞ്ഞ് ഇടവഴിയിലേയ്ക്ക് തിരിയുകയാണ് ചെയ്തത്.

പഴയതുതന്നെ കിണറിന്റെ ആൽമരവും ചാരി സംസാരിച്ചുകൊണ്ടിരിക്കുന്ന രണ്ടാൾക്കാരെ കണ്ടു. രാമുണ്ണിനായരായിരുന്നു അവരിലൊരാൾ.

ഓ! അയാൾ എത്ര മാറിയിരിക്കുന്നു. പണ്ടത്തെ ബീഡിതെറുപ്പുകാരനായിരുന്നു. ഇപ്പോൾ സ്വന്തമായി ഒരു പീടികകൂടിയുണ്ടത്രെ" നായര് പിന്നീട് പറഞ്ഞു.

"ഇപ്പോ വരുന്ന വഴിയായിരിക്കും."

മുറുക്കി ചുവപ്പിച്ച കോന്ത്രൻ പല്ലുകൾ വെളിക്കു കാണിച്ചുകൊണ്ട് അയാൾ "യോഗ്യം" ചോദിക്കുകയായിരുന്നു.

"അതെ"

ഉള്ളിൽ "നാശം" എന്ന് ശപിക്കുകയും ചെയ്തു.

വീട്ടിലേയ്ക്ക് എത്തുവാൻ കൊതിച്ചിരിക്കുകയാണ്. അപ്പോഴാണ് ഈ വക തടസ്സങ്ങൾ, നാശം.

അവിടെ നിന്നും നടന്നകലുമ്പോൾ വീണ്ടുമെലിഞ്ഞ ആൾ രാമുണ്ണിനായരോട് ചോദിക്കുന്നത് കേട്ടു.

"ആരാ ..?"

"നമ്മടെ മംഗലശ്ശേരീലെ രഘു. പട്ടാളത്തിലാ .... "

"ഓ. ഹോ. മനസ്സിലായി."

രഘു വെറുപ്പോടെ വിചാരിച്ചു ആരെങ്കിലും വരുമ്പോൾ ഇവരെന്തിനാണിങ്ങിനെ യോഗ്യം ചോദിക്കുന്നത്–നശിച്ച വർഗ്ഗങ്ങൾ

പാടം പിന്നിട്ടുകൊണ്ട് അയാൾ ഒരു ചെറിയ ഇടവഴിയിലേയ്ക്കിറങ്ങി. ഇടവഴിയുടെ തിരുവിലുള്ള ചെറിയ വാതിൽ അസുഖകരമായൊന്ന് ശബ്ദിച്ചു.

നായരുടെ തലയിൽനിന്നും പെട്ടിയിറക്കി. കൂലിയും കൊടുത്ത് പറഞ്ഞയച്ച് അകത്തേയ്ക്ക് കടക്കുകയായിരുന്നു. അപ്പോൾ അമ്മ അഭിമുഖമായിരുന്നു.

സൂക്ഷിച്ചുനോക്കി. കുഴിഞ്ഞു തുടങ്ങിയ നയനങ്ങളിൽ ഊറിക്കൂടിയ അശ്രുകണങ്ങൾ തട്ടിൽ തൂക്കിയിരുന്ന മുനിഞ്ഞു കത്തുന്ന വിളക്കിന്റെ പാണ്ഡുരപ്രഭയിൽ തിളങ്ങിക്കണ്ടു.

കിതപ്പും വിറയലുമുള്ള സഹോദരിയുടെ ശബ്ദം തൊട്ടടുത്തുനിന്നും കേൾക്കാമായിരുന്നു.

കണ്ണുനീരിന്റേയും തേങ്ങലുകളുടേയും നനവ് ഉറഞ്ഞുകൂടിയ ഒരു പുതിയ അന്തരീക്ഷം.

ചിന്താശക്തിയുടേയും മനഃശക്തിയുടേയും ഭിത്തികൾ തകർന്ന് തരിപ്പണമായപ്പോൾ ഉദ്വേഗത്തോടെ അയാൾ ചോദിച്ചു.

"എന്താണമ്മേ. എന്തു പറ്റി. എന്താണ് നിങ്ങൾ ഒന്നും മിണ്ടാത്തത്"

ആ സ്വരത്തിൽ അല്പം വിറയലുണ്ടായിരുന്നു.

മുണ്ടിന്റെ കോന്തലകൊണ്ട് കണ്ണു തുടച്ച് നിന്നിരുന്ന അമ്മ അപ്പോൾ പൊട്ടിക്കരയുകയാണ് ചെയ്തത്.

ഉൽക്കണ്ഠാകുലനായി പെങ്ങളോട് ചോദിച്ചു. "വിജ്ജൂ, എന്താണ് സംഭവിച്ചതെന്ന് തെളിയിച്ചു പറയൂ...അമ്മിണിയെവിടെ...?"

നോക്കിയപ്പോൾ പെങ്ങളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. ഹാ നിങ്ങൾ എന്നെ ഭ്രാന്തനാക്കുമല്ലോ ....എന്താണുണ്ടായതെന്നു പറയൂ..... അമ്മിണിയ്ക്കെന്തെങ്കിലും പറ്റിയോ...? 'ഒരുന്മാദിയെപ്പോലെ അയാൾ അവളുടെ ചുമലുകൾ പിടിച്ചുകുലുക്കി.

ധരിച്ചിരുന്ന ദാവണിയുടെ തുമ്പുകൊണ്ടു കണ്ണുനീർ തുടച്ച് അവൾ മുഖം തിരിച്ചുനിന്നു.

അകത്തേയ്ക്കോടി! ചാരിയിരുന്ന വാതിൽ തള്ളിത്തുറന്നു കിടപ്പുമുറിയിലേയ്ക്കു കുതിച്ചു, അവിടെ കട്ടിലിൽ മൂടിപ്പുതച്ചിരുന്ന അമ്മിണിയുടെ മൃതദേഹമാണ് കണ്ടത്. തൊട്ടടുത്തായി മരിച്ചുകിടക്കുന്ന കുട്ടിയേയും.

കണ്ണുകളിൽ ഇരുട്ടു കയറി. ഹൃദയം വേദനകൊണ്ടു നൊമ്പരപ്പെട്ടു.

അമ്മിണിയേയും വാരിയെടുത്തുകൊണ്ടു ഉന്മാദിയെപ്പോലെ അയാൾ ഉമ്മറത്തേയ്ക്കോടി തൊണ്ടപൊട്ടുമാറ് അത്യുച്ചത്തിൽ വിളിച്ചുചോദിച്ചു.

"അമ്മേ...പറയൂ അമ്മേ . എന്റെ അമ്മിണിയ്ക്കെന്തുപറ്റി ...... എന്താണിതിന്റെയൊക്കെയർത്ഥം.."

ഹൃദയം തകർന്ന ഒരു കൂട്ടനിലവിളിയായിരുന്നു അതിന്റെ മറുപടി.